UNIVERSITY LIBRARY
13 OCT. 1934
MADRAS

# കൈരളി

പുസ്തകം ൧൩. | ൧൦൯ കൎക്കിടകം ൧൧൦൯ ചിങ്ങം | ലക്കം ൪.

## ഏഴകൾ.

[ജി]

I

രാവിറങ്ങിപ്പോയ്; ചെമ്മൺകുടിലിൽക്കത്തിച്ചോരു
കോൽവിളക്കതാ — വെള്ളിനക്ഷത്രം — കെടാറായി.
മരവും കോച്ചിപ്പോകും-
മകരം; പാടത്തിന്റെ
കരയിൽ പ്രാവിൻകൂട്ട-
പോലൊരു ചെറുകുടിൽ;
വേലിയും പടിയുമി-
ല്ലാപ്പറമ്പത്തിൽ കുററി-
ച്ചൂലിനു നേരായ് മൂന്നു-
നാലു വാഴകൾ മാത്രം.
ഏഴകൾ പൊറുക്കുന്ന
മാടങ്ങളിമ്മട്ടത്രേ!
പാഴത്രേ നവപരി-
ഷ്കാരത്തിൻ ജയോൽഘോഷം.
മാദകസുഖസ്വപ്നം ധനികൾക്കു, പൊറുക്കേണ്ട
വേദന പാവങ്ങൾക്കു, ലോകജീവിതം ചിത്രം!

# സംസ്കാരസഹകരണം.

[വി. കെ. കൃഷ്ണമേനോൻ എം. എ.]

ബാർ—അററ്—ലാ, ലണ്ടൻ.

അടുത്തകാലത്ത് ലണ്ടനിൽ വന്നിരുന്ന ഒരു ഭാരതീയൻ കഴിഞ്ഞ ചില വൎഷങ്ങൾക്കിടയിൽ പാശ്ചാത്യരുടെ ഭാവനയെ വശീകരിച്ചിട്ടുള്ള ഒരു മഹാനാണ്. ആ പദത്തിന്റെ വിശിഷ്ടമായ അൎത്ഥത്തിൽ, അദ്ദേഹം ഒരു ആശയപ്രചാരകനാകുന്നു. ഭാഗ്യവശാൽ ആ മഹാന്റെ സ്വാധീനപരിധി ഇംഗ്ലണ്ട്മാത്രമല്ല. കേവലം ആംഗ്ലോ-സാക്സൺ ബന്ധംകൊണ്ടുണ്ടാകാവുന്നതിലധികം ലാഭം ആംഗ്ലോ-ഇൻഡ്യൻ സാഹചര്യംകൊണ്ട് യൂറോപ്യൻപരിഷ്ക്കാരത്തിന്നുണ്ടാകുമെന്ന് അദ്ദേഹം അവരെ മനസ്സിലാക്കി. പ്രൊഫസ്സർ സർ എസ്സ്. രാധാകൃഷ്ണൻ—അദ്ദേഹത്തെയാണ് ഞാൻ സൂചിപ്പിച്ചത്—സൎവ്വരാജ്യസംസ്കാരസഹകരണസംഘത്തിലെ ഭാരതീയപ്രതിനിധിയാണ്.

ഈ സംഘത്തെപ്പററി ഭാരതീയൎക്ക് പരിജ്ഞാനം ഉണ്ടെന്നു പറയുവാൻ മാത്രം ഇല്ല; നിശ്ചയമായും ഇവിടെ (ഇംഗ്ലണ്ടിൽ) ഇതിനെപ്പററി അല്പം കൂടുതൽ അറിയാം. ഇതേവരെ അതിന്റെ പ്രവൃത്തി ലോകത്തിലെ മഹാശയന്മാർ തമ്മിൽമാത്രമായിരുന്നു. സംസ്കാരസഹകരണത്തിനുള്ള പ്രശംസനീയമായ ഈ പ്രയത്നത്തിന്റെ പ്രാരംഭദശ അവസാനിച്ചിരിക്കുന്നുവെന്നാണ് തോന്നുന്നത്. സംസ്കാരത്തിന്റെ സംയുക്തഫലത്തെ ലോകത്തിലെ സൎവ്വരാജ്യങ്ങളിലും വിതരണം ചെയ്യുവാനാണ് ഇന്നത്തെ പരിശ്രമം.

സംസ്കാരസഹകരണസംഘം ജനയിതാക്കളല്ലാതെ മററാരും അറിയാതെയാണ് ജനിച്ചത്. ശിശു ബാലനാകുന്നതുവരെ മെലിഞ്ഞിട്ടായിരുന്നു. എന്നാൽ അതിന്റെ രക്ഷാകൎത്താക്കന്മാരിൽ പലരും ആധുനികലോകത്തിലെ മഹാചിന്തകന്മാരാണ്. യൂറോപ്പിനെ സാംസ്കാരികമായി ഏകീകരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ സ്ഥാപനം ആരംഭിച്ചത്. എടുത്തുവളൎത്തിയത് ഇംഗ്ലീഷുകാരല്ലാതിരുന്നതിനാൽ അചിരേണ അതു സാൎവ്വലൗകികമായിത്തീൎന്നു.

സൎവ്വരാജ്യസമിതിയുടെ ആദ്യകാലത്ത് ഇങ്ങനെയൊരാശയം ആദ്യം ഉദിച്ചത് ബാൽഫോർ പ്രഭുവിന്റെയും ലിയോൺ ബോംഗോവിന്റെയും മനസ്സിലാണെന്നു പറയുന്നു. കമ്മിഷൻ (സംസ്കാരസഹകരണസംഘം) പാരിസ്സ്നഗരത്തിലാണ് പ്രവൎത്തിക്കുന്നത്. പരേതയായ മാഡംക്യൂറിയും മദാംവാഃസൽ പേയ്ൻലിവ്ഹെറിയറവും പ്രസിദ്ധതത്വ

ചിന്തകനായ ബർഗസനും ആണ് ഫ്രാൻസിനെ ബഹുമാന്യമായ നിലയിൽ പ്രതിനിധീകരിച്ചിരുന്നതു്. ജർമ്മനി അനാവശ്യമെന്നുവെച്ചു ബഹിഷ്കരിച്ചിരിക്കുന്ന പ്രൊഫസ്സർ ആൽബർട്ടു് ഐസ്റ്റീൻ അതിലെ ബഹുമാന്യനായ ഒരംഗമാണു്. നമ്മുടെ ബോസ് ആണു് അതിൽ ഭാഗഭാക്കാകുവാൻ ഭാഗ്യംസിദ്ധിച്ച ആദ്യത്തെ ഭാരതീയൻ.

സർ ജെ. സി. അതിൽനിന്നു് ഒഴിഞ്ഞു; ഒരു പുതിയ അംഗത്തെ നിയമിക്കേണ്ട കാലമായി. മറെറല്ലാ ഇന്ത്യൻകാര്യങ്ങളെപ്പോലെ ഇതു സംബന്ധിച്ചും ഇന്ത്യാ ഓഫീസിൽ ആളുകൾ വന്നും പോയുമിരുന്നു. വിശ്വസിച്ചാലും ഇല്ലെങ്കിലും വിരോധമില്ലാ, ഇന്ത്യാഓഫീസിന്റെ പരിഗണനയിൽ സർ ജേ. സി. ബോസ് ഒരു ഭാരതീയനോ ഒരു ശാസ്ത്രജ്ഞനോ ആയിരുന്നില്ല;—ഒരു 'ഹിന്ദു' മാത്രം! അതുകൊണ്ടു് അദ്ദേഹത്തിന്റെ അനന്തരഗാമിയായി ഒരു "മുസ്ലി"മിനെ നിയമിക്കണമെന്നു് നയം ഇന്ത്യാഓഫീസിനെ ഉപദേശിച്ചു. അതിനു യോഗ്യനായ ഒരാളെ കിട്ടിയില്ലെങ്കിലും തരക്കേടില്ല. ഒരു ബിരുദം (Title) കൊടുക്കുവാൻ വിഷമമില്ലല്ലൊ. അന്നാദ്യമായി, ഒരിക്കലെങ്കിലും കമ്മിററിയിലെ ഇംഗ്ലീഷ് പ്രതിനിധികൾ ആ പരിശ്രമത്തെ പ്രതിഷേധിച്ചു. സാംസ്കാരികസഹകരണത്തെ ഒരു രാഷ്ട്രീയപ്രശ്നമാക്കുവാൻ അവർ സമ്മതിച്ചില്ല. ഇന്ത്യാഓഫീസിന്റെ വിധി അന്ത്യവിധിയാണല്ലൊ. വൈററ്ഹാളിന്റെ സൗകര്യത്തിനുവേണ്ടി ഒരു 'രാഷ്ട്രീയസത്വ'ത്തെ സ്വീകരിക്കുന്നതിൽ ഭേദം ചൈനയിൽനിന്നോ അന്യപൗരസ്ത്യരാജ്യങ്ങളിൽനിന്നോ ഒരംഗത്തെ അംഗീകരിക്കാമെന്നു കമ്മിററി തീർത്തു പറഞ്ഞു.

ഇന്ത്യാഗവർമ്മെന്റ്, — അതെ, അനൗദ്യോഗികമായിട്ടുതന്നെ — രാധാകൃഷ്ണനെ എടുത്തു കാണിച്ചു. അവർക്കു് അറിഞ്ഞുകൂടായിരുന്നു അതു് എന്തൊരു വസ്തുവായിരുന്നുവെന്നു്. അടുത്തകാലത്തു് മദിരാശി പ്രസിഡൻസി കോളേജിലെ Logic (തർക്കം) പ്രൊഫസ്സറെന്ന നിലയിൽ സാധാരണ പ്രൊഫസർമാരെപ്പോലെ മതിന്നു ഒരു വിദ്യാർത്ഥിയായിരുന്ന ഈ ദക്ഷിണേന്ത്യാബ്രാഹ്മണനെപ്പോലെ ഈ സംസ്കാരസമ്മേളനങ്ങളിൽ അധികമാളുകളെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നില്ല.

സ്വന്തം ആശയങ്ങൾകൊണ്ടു് ലോകത്തിലെ സംഭവങ്ങളേയും ചിന്തിയേയും രൂപവൽക്കരിക്കുന്ന, ബുദ്ധിശക്തികൊണ്ടു പ്രവർത്തിക്കുന്ന തൊഴിലാളികളായ കലാകാരന്മാരെയും ശാസ്ത്രജ്ഞന്മാരെയും ഗ്രന്ഥകാരന്മാരെയും ചിന്തകന്മാരെയും വിജ്ഞാനവിതരണം, സർവ്വലോകസമാധാനപാലനം മുതലായവയ്ക്കായി ഉപയോഗിക്കുവാനുള്ള ഒരു പരിശ്രമത്തെയാണു് സംസ്കാരസഹകരണസംഘം പ്രതിനിധീകരിക്കുന്നതു്. ഏതാനും

ചില മഹാവ്യക്തികളുടെ ഒരു സംഘമായിട്ടാണ് അതു് ആരംഭിച്ചതെന്നു പറഞ്ഞുവല്ലോ. ഇന്നു് അതു വളൎന്നു വലുതായിരിക്കുന്നു. അതിനു റോമിലും പാരിസ്സിലും ഓരോ കമ്മിററിയുണ്ടു്. അവയുടെ ശാഖാപശാഖകൾ ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു.

അതിൻെറ പ്രവൎത്തനം ബഹുമുഖമെങ്കിലും അനിശ്ചിതമാണ്. അവയെ സാമാന്യമായി മൂന്നായി വിവേചിക്കാമെന്നു തോന്നുന്നു: രാഷ്ട്രങ്ങളെ സേവിക്കുക, സൎവ്വരാജ്യസമിതിയെ സഹായിക്കുക, സംസ്കാരത്തെ സമാദരിക്കുക.

അവസാനത്തേതാണ് പ്രായേണ പ്രധാനവും പരിചിതവും. ലോകത്തിലെ മഹാചിന്തകന്മാർ തമ്മിൽ സമ്മേളിക്കുന്നതിനും വിവാദങ്ങൾ നടത്തുന്നതിനും അതു സന്ദൎഭങ്ങളുണ്ടാക്കുന്നു. കലാപരമായ കാൎയ്യങ്ങളെപ്പററി ചിന്തിക്കുന്നതിനായി ഇക്കൊല്ലം വെനിസിൽവെച്ചു് ഒരു സമ്മേളനം കൂട്ടുന്നതാണ്. ചില കൊല്ലങ്ങൾക്കുമുൻപു് സംസ്കാരസേവകന്മാർ തമ്മിൽ "പ്രത്യക്ഷപത്രങ്ങൾ" (Open letters) കൈമാറുന്നതിനു ചെയ്തിട്ടുള്ള പരിശ്രമം ഈ സംഘത്തിൻെറ ആശാസ്യമായപ്രയത്നങ്ങളിൽ ഒന്നാണ്.

രാഷ്ട്രങ്ങൾക്കു് ഒററയ്ക്കൊററയ്ക്കായി സംസ്കാരസഹകരണസംഘം ചെയ്തിട്ടുള്ള സേവനങ്ങളെ പരിഗണിക്കുന്ന അവസരത്തിൽ ചൈനയ്ക്കു നൽകിയ സാഹായ്യത്തെ വിസ്മരിക്കാവുന്നതല്ല. ചൈന അവരുടെ വിദ്യാഭ്യാസത്തേയും സംസ്കാരത്തേയും ആസൂത്രണം ചെയ്യുവാൻ പ്രയത്നിച്ചില്ല. സംഘത്തിൻെറ പ്രേരണയും സഹകരണവും ഇല്ലായിരുന്നുവെങ്കിൽ ചൈനയിൽ ഇന്നത്തെ ദേശീയവിദ്യാഭ്യാസം അവതരിക്കുമോ എന്നു തന്നെ സംശയമാണ്. ചീനസംസ്കാരത്തെ യൂറോപ്യൻ സംസ്കാരത്തോടു ബന്ധിക്കുവാൻ സഹകരണസംഘം വിജയകരമായി പ്രയത്നിച്ചിട്ടുണ്ടു്.

സൎവ്വരാജ്യസംസ്കാരസഹകരണ സംഘത്തിൻെറ പ്രവൎത്തനം കൊണ്ടു സൎവ്വരാജ്യസമിതിക്കുണ്ടായിട്ടുള്ള സാഹായ്യം അല്പമല്ല. സൎവ്വരാജ്യബോധം ഇന്നും, അല്ലെങ്കിൽ വളരെ അടുത്തകാലംവരെ, ഒരു 'പരിഷ്കാരം' മാത്രമാണ്. ഓരോ രാജ്യത്തിനും അതതിൻെറ ദേശീയമുദ്ര പതിച്ച സൎവ്വരാജ്യബോധമാണുണ്ടായിരുന്നതു്. അസാധാരണമായി തോന്നാം, എങ്കിലും വാസ്തവമാണ്, അവയുടെ ഫലത്തിൻെറ ആകത്തുക ഭയനീയമായി കാണപ്പെട്ടു. ഇങ്ങനെയുള്ള ഒരു പരിവൎത്തനഘട്ടത്തിലാണ് സഹകരണസംഘം അതിൽ പ്രവേശിച്ചതു്. ഓരോ രാജ്യത്തിൻെറയും സൎവ്വരാജ്യപ്രയത്നത്തെ സമാഹരിച്ചു് അവയിൽനിന്നു ദേശീയബോധത്തിൻെറ നിശിതാഗ്രങ്ങളെ പരത്തുവാൻ സംഘം പരിശ്രമിച്ചു.

സൎവ്വരാജ്യസമിതിയുടെ ആദൎശങ്ങളേയും പ്രവൃത്തികളേയുംപററി ലോകത്തിലെ യുവജനങ്ങളായ വിദ്യാൎത്ഥികളുടെയിടയിൽ പ്രചാരണ വേലകൾ ചെയ്യുവാൻ സഹകരണസംഘത്തെ ഭരമേല്പിച്ചുകൊണ്ടു 1926-ൽ സമിതി ഒരു പ്രമേയം പാസാക്കി. അതിന്റെ അൎത്ഥവും സൂചനയും പൂൎണ്ണമായി മനസ്സിലാക്കാതെയാണു് വിവിധരാഷ്ട്രങ്ങളുടെ പ്രതിനിധികൾ അതു് (പ്രമേയം) അംഗീകരിക്കുവാൻ അനുവദിച്ചതെന്നു തീൎച്ചയാണു്. അവർ അതു മനസ്സിലാക്കിയിരുന്നുവെങ്കിൽ, അന്നു് അവരുടെ ദേശീയനയം തീരെ ഭിന്നമാകുമായിരുന്നു. അലസമായ ഒരു പ്രമേയമായിരുന്നുവെങ്കിലും അതുകൊണ്ടു ചില പ്രയോജനങ്ങളുണ്ടായിട്ടുണ്ടു്. സംഘത്തിന്നും ചിലതെല്ലാം ചെയ്യുവാൻ സാധിച്ചു. ഫ്രാൻസിലും ഇംഗ്ലണ്ടിലും ചില വിദ്യാലയങ്ങൾ അതിനെ ഒരു സ്വകാൎയ്യനയമായി അംഗീകരിച്ചു. എന്നാൽ ഔദ്യോഗികമുദ്ര അതിനു സിദ്ധിച്ചില്ല. "അൎവ്വാചീനകാലത്തെ മൃഗീയതയിലേക്കു് അതിവേഗത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്ന ലോകത്തിലെ മഹനീയമായ ഒരു സമാരംഭം" എന്ന പ്രൊഫസർ ഗിൽബെട്ട് മൂറേയുടെ അഭിപ്രായം തന്നെയാണു് അവരുടെ പ്രമാണം.

ജൎമ്മനി സൎവ്വരാജ്യസംബന്ധമായ എല്ലാ ഗ്രന്ഥങ്ങളേയും ചുട്ടുകളയുന്നു. ഇന്ത്യക്കു് ഒരലങ്കാരമെന്ന നിലയിലല്ലാതെ അതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല.

ദേശീയത്വം അത്യുഗ്രമാണെങ്കിലും ഫ്രാൻസിന്നു് ഇക്കാൎയ്യത്തിൽ ചെയ്യുവാൻ സാധിച്ചിട്ടുള്ളതു് അവഗണനീയമല്ല. അതിനു കാരണവുമുണ്ടു്. ഫ്രാൻസ് അധികം യൂറോപ്യനാണു്. അവൎക്കു് ഒരു സംസ്കാരവുമുണ്ടു്. ആംഗ്ലോ—സാക്സനായ ബ്രിട്ടനു് അന്യരാജ്യങ്ങളായി നേരിട്ടു്—ഭൂമിശാസ്ത്രപരമായി—ബന്ധമില്ലാത്ത സംസ്കാരത്തേക്കാളധികം വിജയമാണുള്ളതു്.

ആയുധങ്ങൾക്കു വ്യയംചെയ്യുന്ന ആ വലിയ സംഖ്യയുടെ—ആയിരത്തിൽ ഒരംശമെങ്കിലും സൎവ്വരാജ്യസമിതിയെപ്പററിയുള്ള വിദ്യാഭ്യാസത്തിനു ചെലവാക്കുവാൻ അംഗരാഷ്ട്രങ്ങൾ സന്നദ്ധരാകണമെന്നു സദാചാരപരമായ നിരായുധീകരണസംഘത്തിൽ അവതരിപ്പിച്ച പ്രമേയത്തെ സ്വീകരിച്ചതെങ്ങനെ? അവജ്ഞയോടുകൂടി! നിരസിച്ചതെങ്ങനെ? നിന്ദയോടുകൂടി!!

# അഗസ്ത്യമഹർഷി.

## (പ്രാചീനാര്യാവർത്തത്തിലെ മതപ്രചാരകൻ)

[വി. നാരായണമേനോൻ]

ജീവിതസന്ധാരണം ചെയ്യാൻ രക്തത്തെ ഹൃദയത്തിലേയ്ക്കു വലിച്ചെടുക്കേണ്ടതും അതുപോലെതന്നെ രക്തസിരകളിൽക്കൂടി ദേഹമാസകലം വ്യാപിപ്പിക്കേണ്ടതും അത്യാവശ്യമത്രേ. ഒരു വ്യക്തിയുടെയെന്നപോലെ ഒരു രാഷ്ട്രത്തിൻെറ കാര്യത്തിലും ഈ നിയമം ബാധകമാണ്. ഒരു രാഷ്ട്രം ക്ഷേമമായി വർത്തിക്കണമെങ്കിൽ അതിൻെറ പ്രാചീനാചാരങ്ങളേയും ആദർശങ്ങളേയും തീരെ നിരസിക്കാതെ അതിൽനിന്ന് ആദർശപരങ്ങളായവയെ ആശ്രയിച്ച ശക്തി സമ്പാദിക്കുകയും അതോടൊപ്പംതന്നെ ശുഷ്കാന്തിയോടും ആവേശത്തോടുംകൂടി ആ ശക്തിയെ ജനസാമാന്യത്തിൻെറ ഇടയിൽ പരത്തുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ മാത്രമെ രാഷ്ട്രക്ഷേമത്തെ നിത്യനൈർമ്മല്യത്തോടെ നിലനിർത്തുവാൻ നമുക്കു സാധിക്കുകയുള്ളൂ.

അനവധികാലം മുമ്പുമുതൽക്കുതന്നെ ഭാരതീയരായ നമ്മുടെ ആദർശം ആത്മീയമായ ഒന്നായിരുന്നു. യഥാർത്ഥതത്വാരാധകന്മാരായിരുന്ന നമ്മുടെ നേതാക്കന്മാർ അവരുടെ ആദർശങ്ങളെ അണുവും തെററിക്കാതെ ശരിയായി അനുവർത്തിച്ച് തങ്ങൾ കണ്ടുപിടിച്ചിട്ടുള്ള ജ്ഞാനമൌക്തികങ്ങളെ സർവ്വദിക്കിലും വിതരണംചെയ്തു സാർവ്വലൌകികമായ സാഹോദര്യത്തെ സൃഷ്ടിക്കുവാൻ ഔത്സുക്യമുള്ളവരുമായിരുന്നു അവർ. തത്വപ്രചരണവേലയിലുള്ള അത്യാസക്തിനിമിത്തം ആ മഹാന്മാർ പല ദിക്കിലും സഞ്ചരിച്ചു പ്രസംഗിച്ചും പഠിപ്പിച്ചും ആത്മനിർവൃതിനേടിയിരുന്നു. നമ്മുടെ പുരാണങ്ങളിൽനിന്ന് ഇത്തരം ചിലരെപ്പററി ഏതാണ്ടൊരു ചുരുങ്ങിയ അറിവു നമുക്കു ലഭിക്കുന്നുണ്ട്. ഇപ്രകാരമുള്ള മതപ്രചാരകന്മാരിൽ എന്തുകൊണ്ടും അദ്വിതീയസ്ഥാനത്തെ അർഹിക്കുന്ന ഒരു മഹാദേഹമത്രേ അഗസ്ത്യമഹർഷി.

അഗസ്ത്യൻ ഒരു ശൈവനായിരുന്നു. ആര്യമതപ്രചരണോത്സുകനായി അദ്ദേഹം പ്രാചീനാര്യാവർത്തത്തിൽനിന്നു പുറപ്പെട്ടു വിന്ധ്യപർവ്വതം കടന്നു ദക്ഷിണഭാരതത്തിൽ എത്തി. "കാൽതരിപ്പുമാററാൻ കുലാദ്രിപതി വിന്ധ്യനുമായി" എന്നു ഇദ്ദേഹത്തെപ്പററി ഘോഷിക്കുന്നുണ്ട്. മററാരാലും സാധിച്ചിട്ടില്ലാത്ത വിന്ധ്യപർവ്വതം കടന്നു എന്നു മാത്രമേ ഇതിനർത്ഥം കല്പിക്കേണ്ടതുള്ളൂ. അവിടെ അദ്ദേഹം പല കാടുകളും വെട്ടിത്തെളിയിപ്പിച്ചു ജനവാസയോഗ്യമാക്കിത്തീർത്തിട്ടുണ്ട്. പണ്ടു ശ്രീപാർവ്വതി

സ്വയംവരത്തിന്നു ശ്രീപരമേശ്വരനും മററു മൂൎത്തികളും ദേവകളും കൈലാസസാനുവിൽ ആയിരുന്നപ്പോൾ അഗസ്ത്യനെമാത്രം തെക്കു ഭാഗത്താക്കി ഭാരതഖണ്ഡം പൊങ്ങിപ്പോകാതെ കഴിച്ചുകൂട്ടി എന്ന കഥ ഇക്കാൎയ്യത്തെ ഏതാണ്ടു തെളിയിക്കുന്നുണ്ട്. രാമായണത്തിൽ ആരണ്യകാണ്ഡത്തിൽ അഗസ്ത്യാശ്രമവും അതിൻെറ പരിസരങ്ങളുംമാത്രമേ ദുഷ്ടരാക്ഷസാദികളുടെ പിഷ്ടപേഷണക്രിയയിൽനിന്നു രക്ഷനേടിയുള്ളു എന്നു കാണുന്നു. ഇതു് അദ്ദേഹത്തിൻെറ സ്വഭാവനൈൎമ്മല്യംകൊണ്ടായിരിക്കാം. മാത്രമല്ല, മൎയ്യാദയ്ക്കു കീഴടങ്ങാത്ത രാക്ഷസന്മാരെ ശിക്ഷിപ്പാനും ക്ഷത്രിയവീരരെക്കൊണ്ടു ശിക്ഷിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. രാമരാവണയുദ്ധത്തിൽ അഗസ്ത്യപ്രവേശവും ആദിത്യഹൃദയമന്ത്രോപദേശവും ഇദ്ദേഹത്തിൻെറ കാൎയ്യശ്രദ്ധയെ വെളിപ്പെടുത്തുന്നുണ്ട്. ഇല്വലൻ എന്നും വാതാപി എന്നും രണ്ടു മഹാസുരന്മാരെ താൻതന്നെ അമൎത്തി ആ പ്രദേശങ്ങളിൽ അനവധി ആശ്രമങ്ങൾ തീൎത്തു അദ്ദേഹം ആൎഷമതത്തേയും ആദ്ധ്യാത്മികതത്വത്തേയും പ്രചരിപ്പിച്ചു.

ഈ മഹർഷിസത്തമൻെറ ആവിർഭാവം മുതൽക്കാണ് ദക്ഷിണ ഭാരത ചരിത്രത്തിൻെറ പ്രധാനഭാഗം തുടങ്ങുന്നതെന്നു പറയാം. അദ്ദേഹം ആൎയ്യനിൎമ്മിതമായ വൈദികമതങ്ങളെ പ്രസംഗിച്ചു ദക്ഷിണഭാരതീയൎക്കു് അതിൽ ആവേശം ജനിപ്പിച്ചു. എന്നു മാത്രമല്ല, ലൌകികമായ പല വിജ്ഞാനരത്നങ്ങളെക്കൊണ്ടു് അവരുടെ അന്തരംഗത്തെ പ്രശോഭിതമാക്കുകയും ചെയ്തിട്ടുണ്ട്. ദക്ഷിണഭാരതത്തിലെ പല രാജവംശങ്ങളുടേയും—വിശിഷ്യ, പാണ്ഡ്യരാജാക്കന്മാരുടേയും—കുലഗുരുവായി അദ്ദേഹം വൎത്തിച്ചിട്ടുണ്ട്. ദാക്ഷിണാത്യന്മാരുടെ ഇടയിൽ ശൈവമതവും ശൈവപൂജാക്രമങ്ങളും ആദ്യമായി പ്രചരിപ്പിച്ചതും അദ്ദേഹമാണ്. അദ്ദേഹം ഒരു ഭിഷഗ്വരനുംകൂടിയായിരുന്നു. അദ്ദേഹം തന്നെയാണു ദക്ഷിണേന്ത്യയിൽ വൈദ്യവിദ്യ പ്രചരിപ്പിച്ചതു്. അഗസ്ത്യരസായനം ദക്ഷിണേന്ത്യക്കാരുടെ ഒരു പ്രത്യേകസ്വത്തത്രെ. തമിഴുഭാഷയെ സൃഷ്ടിച്ചതും അതിൻെറ അക്ഷരമാലയും വ്യാകരണവും നിൎമ്മിച്ചതും ഇദ്ദേഹമാണെന്നു് ഒരു ബലമായ അഭിപ്രായമുണ്ട്. വിഗ്രഹനിൎമ്മാണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാടവം ചില്ലറയായിരുന്നില്ല. ദക്ഷിണാപഥത്തിലെ വിഗ്രഹങ്ങൾക്കുള്ള ഒരു പ്രത്യേക ഗുണം ഈ ഋഷീശ്വരൻെറ കരകുശലതയാണ്. ആൎയ്യസംസ്കാരത്തേയും ജ്ഞാനത്തേയും ആദ്യമായി ദക്ഷിണദിക്കിൽ കടത്തി ആ പ്രദേശവും പരിഷ്കാരസൂൎയ്യകിരണങ്ങളിൽ കളിയാടാറാക്കിയതു് മഹാശയനായ ഈ മഹർഷിവൎയ്യൻ തന്നെയാണ്.

എന്നാൽ കരളുറപ്പും കാൎയ്യക്ഷമതയുമുള്ള ഈ ഋഷീശ്വരൻെറ പ്രവൃത്തിപദ്ധതി ഭാരതഖണ്ഡത്തെ അതിക്രമിച്ചു് ആഴിയുടെ അപ്പുറ

ത്തുള്ള മററു രാജ്യങ്ങളിലും എത്തിയിരുന്നു. അദ്ദേഹം അപാംനിധി ആചരിച്ച കഥ നമ്മൾക്കെല്ലാവൎക്കും അറിയാമല്ലോ. ഹിന്ദുമതതത്വങ്ങളെ പ്രചരിപ്പിക്കാനായി അദ്ദേഹം കടൽ താണ്ടി എന്നേ നാം ധരിക്കേണ്ടതുള്ളു. അദ്ദേഹം ബംഗാൾ ഉൾക്കടൽ കടന്നു കിഴക്കൻ ദ്വീപ് സമൂഹങ്ങളിൽ എത്തി പല ദിക്കിലും പ്രചരണവേല ചെയ്തിരുന്നു എന്നും 'കാംബോധിയാ' എന്ന ദിക്കിൽ അദ്ദേഹം വളരെനാൾ താമസിച്ചു എന്നും ചില ശിലാലിഖിതങ്ങളിൽനിന്നു കാണുന്നു. കാംബോധിയയിലുള്ള "അൻകോർവാട്ട്" എന്ന സ്ഥലത്തുനിന്നു കിട്ടിയിട്ടുള്ള ഒരു ശിലാരേഖയുടെ അവശിഷ്ടത്തിൽനിന്ന് ഏകദേശം താഴെ പറയുംപ്രകാരമുള്ള ഒരു വിവരം കാണുന്നു. "ശൈവമതാനുയായിയും ആൎയ്യാവൎത്തത്തിൽ അവതരിച്ച ദേഹവുമായി അഗസ്ത്യൻ എന്ന ബ്രാഹ്മണോത്തമൻ 'ശ്രീ ഭദ്രേശ്വരൻ' എന്ന അഭിധാനത്താൽ അറിയപ്പെടുന്ന ശിവലിംഗാരാധനയ്ക്കായി തന്റെ ആത്മീയശക്തിയാൽ കാംബോധിയയിലെത്തുകയും അവിടെയിരുന്ന് അനവധികാലം ഈശ്വരസേവ ചെയ്തു നിത്യബ്രഹ്മാനുഭൂതിയിൽ ലയിക്കുകയും ചെയ്തു". അദ്ദേഹം ആ ദിക്കിൽ ഒരു രാജവംശം സ്ഥാപിക്കുകയും തന്റെ ഹൃദയവേദിയിൽ കുടികൊള്ളുന്ന ഈശ്വരാരാധനയ്ക്കു ഉപയോജ്യമായവിധത്തിൽ അനവധി മഹാക്ഷേത്രങ്ങൾ അവിടെ പണികഴിപ്പിക്കയും ചെയ്തു. ഇവയെല്ലാംതന്നെ അദ്ദേഹം കിഴക്കൻ രാജ്യങ്ങളിൽ താമസിച്ചിട്ടുണ്ടെന്നുള്ളതിനു ഉത്തമദൃഷ്ടാന്തങ്ങളാണ്.

ഈ വീരസന്യാസിയുടെ പ്രവൃത്തി ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല. അക്ഷീണമായ അദ്ദേഹത്തിന്റെ മനസ്ഥിതി ഇതുകൊണ്ടും അടങ്ങുന്നില്ല. ദക്ഷിണവാരിധി (ഇന്ത്യൻസമുദ്രം)യിലുള്ള പല ദ്വീപുകളിലും അദ്ദേഹം യാത്രചെയ്തിട്ടുണ്ടെന്നു വായുപുരാണത്തിൽ പറഞ്ഞിട്ടുണ്ട്. ബൎഹിണദ്വീപ് (ഇപ്പോഴത്തെ ബോർണിയൊ ആയിരിക്കണം.) കുശദ്വീപ്, വരാഹദ്വീപ്, സാംഖ്യദ്വീപ് (ഇപ്പോഴത്തെ സുന്ദദ്വീപുസമൂഹങ്ങളിൽ ചിലതെല്ലാം ആണ്.) ഇവകളെല്ലാം അദ്ദേഹത്തിന്റെ സഞ്ചാരപരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടത്രെ!

ഇപ്രകാരം വളരെ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സഹിച്ച് ഈ ഋഷിശ്രേഷ്ഠൻ ആൎയ്യസംസ്കാരദീപത്തെ അജ്ഞാനാന്ധകാരത്താൽ ഇരുളടഞ്ഞ സമീപവൎത്തികളായ ദ്വീപസമൂഹങ്ങളിൽ എത്തിച്ച് ആ പ്രദേശങ്ങളെല്ലാം പ്രഭാപൂരിതമാക്കിത്തീൎത്തിട്ടുണ്ട്. അന്ന് അദ്ദേഹത്താൽ വിതക്കപ്പെട്ട ആൎയ്യസംസ്കാരവിത്തുകളാണു പിൻകാലങ്ങളിൽ അദ്ദിക്കിൽ പുഷ്പിച്ച വൈദികവിജ്ഞാനസൌഗന്ധ്യം പരത്തിയതു് എന്നു ഊഹിക്കുന്നതിൽ തെറെറാന്നുമില്ല.

അഗസ്ത്യമഹൎഷിയുടെ പ്രവൃത്തികളെപ്പററിയുള്ള വിവരണങ്ങ

ളെല്ലാം പ്രായേണ പഴമ്പുരാണകഥകളായിട്ടാണു തീർന്നിരിക്കുന്നതു്. എങ്കിലും പാരമ്പര്യമായ ചില നടപ്പുകളും ശിലാലേഖകങ്ങളും മററും ഈ കഥകൾ യഥാർത്ഥങ്ങളാണെന്നു് ഏറെക്കുറെ തെളിയിക്കുന്നുണ്ടു്. ഇന്ത്യയിലും, കാംബോധിയയിലും, ജാവയിലും പ്രചാരണവേലകൾ നടത്തിയതായി പറയുന്ന അഗസ്ത്യൻ ഒരാൾതന്നെയോ എന്നും ചിലക്കു സംശയമില്ലാതില്ല. വേറെചിലർ പറയുന്നു, ആ രാജ്യങ്ങളിലേയ്ക്കു ഭാരതഖണ്ഡത്തിൽനിന്നു് ആദ്യമായി കുടിയേറിപ്പാർത്തവർ അഗസ്ത്യഗോത്രത്തിൽ ഉൾപ്പെട്ടവരായിരുന്നിരിക്കാമെന്നു്. അഗസ്ത്യർ തന്റെ നാമാങ്കിതമായ ഒരു ഗോത്രം സ്ഥാപിച്ചിട്ടുണ്ടെന്നുള്ളതു തർക്കമററ ഒരു സംഗതിയാണു്.

•••••••••••••••

# ഇതാണോ മറുപടി!

[ശിരോമണി പി. കൃഷ്ണൻനായർ.]

"ഈ അവസരത്തിലെങ്കിലും 'ചിത്രാരേവതി'ത്യാദിവാർത്തിക മോർമ്മപ്പെടുത്തുകയാൽ എനിക്കു ശ്രീമാൻ പി. വി. കൃഷ്ണൻനായരോട് അകൈതവമായ കൃതജ്ഞതയുണ്ടെന്നു പറഞ്ഞതിനെപ്പററി അദ്ദേഹത്തിനു നിസ്സീമമായ ചാരിതാർത്ഥ്യത്തിന് അവകാശമുണ്ടെന്നറിഞ്ഞതിൽ അല്പമാശ്വാസമില്ലെന്നില്ല. പക്ഷെ, ആലോചിക്കാതെ ലഭിച്ച ആ നിസ്സീമമായ ചാരിതാർത്ഥ്യസംക്ഷോഭത്തിൽ ബുദ്ധി ഭ്രമിച്ചുപോകയാലായിരിക്കാം "ഈ അവസരത്തിലെങ്കിലും" എന്ന ഭാഗം കണ്ടപ്പോൾ അദ്ദേഹത്തിന്ന് 'ഞാൻ എഴുതുന്നതിൽ ഉണ്ടാകുന്ന തെററിനെല്ലാം സമാധാനം പറഞ്ഞുകൊള്ളണമെന്ന് അദ്ദേഹമറിയാതെ ഞങ്ങൾ തമ്മിൽ ഒരു കരാർ ചെയ്യിട്ടുണ്ടോ' എന്നൊരു സംശയം തോന്നിപ്പോയതു്? മഹോപാദ്ധ്യായ "ഈ അവസരത്തിലെങ്കിലും" എന്ന പ്രയോഗത്തിൻെറ താല്പര്യമെന്തെന്നു് ഞാൻ പറഞ്ഞുതരാം.

"രോഹിണീപദത്തിനു രോഹിണീനക്ഷത്രജാതയെന്ന അർത്ഥത്തിൽ ലക്ഷണകല്പിക്കേണ്ടിവന്നാൽ മാത്രമല്ലേ നേയാർത്ഥമെന്ന ദോഷമുള്ളു? ലക്ഷണാകല്പിക്കാതെതന്നെ രോഹിണീപദത്തിനു രോഹിണീനക്ഷത്രജാതയെന്നർത്ഥം സ്വാരസമായി ലഭിക്കുന്നുവെന്നു താഴെ കാണിക്കുന്നു" എന്നു മുക്തകണ്ഠമുപന്യസിച്ചുകൊണ്ടു ലക്ഷണാനിരസനദ്വാരാ താദൃശാർത്ഥത്തിൽ നിർദ്ദോഷത്വം സ്ഥാപിക്കാൻ മുതിന്ന മഹോപാദ്ധ്യായൻ ഇപ്പോൾ "പ്രിയതമ ശ്രീരോഹിണിശബ്ദത്തിൽ സദോഷത്വമോ നിർദ്ദോഷത്വമോ സ്ഥാപിക്കണമെന്നു് ഞാൻ ഉദ്ദേശിച്ചിട്ടുപോലുമില്ല; അതുകൊണ്ടു് ഘട്ടകുടീപ്രഭാതന്യായത്തിനു പ്രസക്തിപോലുമില്ല". എന്നിങ്ങനെ കൂസൽകൂടാതെ അപലപിക്കുന്നതിനെപ്പററി എന്തു പറയട്ടെ. ഉടലിൽനിന്നു തല വേർപെടുത്തണമെന്നല്ലാതെ ഒരു ജീവിയെ കൊല്ലണമെന്നൊ അതു മരിക്കണമെന്നൊ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ലെന്നു പറഞ്ഞു വേണ്ടിവന്നാൽ നിരപരാധിയാവാമെന്നു് ഇത്തരം പണ്ഡിതന്മാർക്കു ധൈര്യപ്പെടാമല്ലൊ. വീണേടത്തു കിടന്നുരുളുന്നതുകൊണ്ടോ പിടയുന്നതുകൊണ്ടോ വല്ല ഫലവുമുണ്ടോ? ഈ സ്ഥിതിക്ക് എൻെറ ഘട്ടകുടീപ്രഭാതന്യായം അസ്ഥാനത്തിലായൊ

---

* പുരുഷപാഠമെന്നു തോന്നിയ ചില ഖണ്ഡികകൾ വിട്ടുകളഞ്ഞിട്ടുണ്ട്. [മംഗളമഞ്ജരീപത്രാധിപർ]

എന്നു മഹാന്മാർ തീച്ച്യാക്കട്ടെ. അവർ പറയുന്നപക്ഷം ഞാൻ അതു മടക്കിയെടുത്തു മാപ്പു ചോദിച്ചുകൊള്ളാം.

എനിക്കു് അഖെദം പാറിപ്പോയെന്നു് ഉൽഘോഷിച്ചുകൊണ്ടു "മഹാകവി മൌനം ദീക്ഷിക്കുന്നതെന്താണാവോ—അഥവാ മഹാന്മാർ പുരോഭാഗികളല്ലെന്നു് സമാധാനിക്കാം"—എന്നിങ്ങനെ താനറിയാതെ തന്റെ പുരോഭാഗിത്വം മുമ്പു് വാഗ്ഭംഗിയാൽ പ്രകടിപ്പിച്ച മഹോപാദ്ധ്യായൻ "ഇപ്പോഠ മനസ്യന്യൽ വചസ്യന്യൽ കൎമ്മണ്യന്യൽ" എന്ന സാക്ഷാൽ സ്വഭാവം പ്രവൃത്തികൊണ്ടു് കാണിച്ചതിൽ ആശ്ചൎയ്യപ്പെടാനെന്തുള്ളു. ഈ വക സംഗതി ചൂണ്ടിക്കാണിച്ചു കൊടുത്തിട്ടു കണ്ടില്ലെന്ന ഭാവത്തിൽ കണ്ണടച്ചുകളഞ്ഞ മഹോപാദ്ധ്യായൻ വീണ്ടും ഇപ്രകാരം ആവൎത്തിച്ചു പറയിക്കാൻ ഇടയാക്കാഞ്ഞാൽ നന്നായിരുന്നു.

ഒരു കാൎയ്യം ഓൎമ്മിക്കണം; ലോകത്തിൽ ഇന്നു് വൈയാകരണന്മാരുടെ ഏകാൎത്ഥീഭാവപക്ഷം മാത്രമല്ലാ നിലനിൽക്കുന്നതു്. നൈയായകന്മാരുടെ വ്യപേക്ഷാപക്ഷവും തുല്യബലമായിതന്നെ സ്ഥിതിചെയ്യുന്നുണ്ടു്. കൂടാതെ ഒരു വൈയാകരണൻ അതുപോലേ തന്നെ നൈയായികനും മീമാംസകനുംകൂടി ആയിക്കൂടെന്നില്ലല്ലൊ. അത്തരത്തിലുള്ള ഒരാഠ ഏതു പക്ഷത്തെയാണു് ആദരിക്കേണ്ടതു്? അതാതു ശാസ്ത്രീയസന്ദൎഭങ്ങഠക്കു 'യോജിച്ചവിധം അതതു പക്ഷങ്ങളെ ആശ്രയിച്ചു വ്യവഹരിക്കാമെന്നു വരികലും ഏതാണ്ടു് ഒരു ശ്ലോകത്തിനു് അൎത്ഥം പറയുന്ന ഘട്ടത്തിൽ ശാബ്ദബോധചിന്ത വേണ്ടിവന്നാൽ ഇഷ്ടംപോലെ ഏതുപക്ഷത്തെയെങ്കിലും ആശ്രയിക്കാവുന്നതാണല്ലൊ. പക്ഷെ 'പ്രിയതമശ്രീരോഹിണീജന്മനാ' എന്ന സ്ഥലത്തു് പറഞ്ഞ ദോഷം അലങ്കാരശാസ്ത്രം അനുസരിച്ചു് ആകയാൽ ആലങ്കാരികന്മാർ വൈയാകരണമതാനുയായികളാകകൊണ്ടു വൈയാകരണസിദ്ധാന്തം അനുസരിച്ചാണു് പ്രതിപാദിക്കേണ്ടതു് എന്നു വിചാരിക്കേണ്ട—ആലങ്കാരികന്മാൎക്കു് ഇന്നപക്ഷമേ അനുസരിച്ചുകൂടു എന്നു നിയമമൊന്നുമില്ല. ഏതു പക്ഷവും അനുസരിച്ചു കൈകാൎയ്യം ചെയ്യാനുള്ള സ്വാതന്ത്ര്യമവൎക്കുണ്ടു്." എന്നിങ്ങിനെ ചുരുക്കത്തിൽ എന്റെ വാദസ്വരൂപം വിശദമായി നിർദ്ദേശിച്ചു വ്യപേക്ഷാപക്ഷത്തിൽ ലക്ഷണകൂടാതെ കഴികയില്ലെന്നു് സപ്രപഞ്ചം പ്രതിപാദിച്ചുകൊണ്ടു് രോഹിണീശബ്ദത്തിൽനിന്നു് രോഹിണീനക്ഷത്രജാതയെന്ന അൎത്ഥബോധത്തിനു സൎവ്വഥാ ലക്ഷണാശ്രയണമനാവശ്യമെന്നു പറയുന്നതു ശരിയല്ലെന്നു സമൎത്ഥിച്ചിരിക്കെ അതിനുത്തരമെന്ന നിലയിൽ മഹോപാദ്ധ്യായൻ പ്രകൃതാനുപയോഗിയായ വൈയാകരണസിദ്ധാന്തങ്ങളുടെ ചില ശകലങ്ങഠ ഉദ്ധരിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്തെന്നു് എനിക്കു മനസ്സിലാവുന്നില്ല. ഈ വക മതാന്തരമനുസരിച്ചുള്ള

ഉത്തരദാനം അപസിദ്ധാന്തം എന്ന നിഗ്രഹസ്ഥാനമായിട്ടാണു് ശാസ്ത്രകാരന്മാർ ഗണിച്ചിട്ടുള്ളതെന്നു് ശാസ്ത്രാർത്ഥം ചിന്തയാമഃ എന്നിങ്ങനെ ഗീർവ്വാണംകൊണ്ടു പുറപ്പെടുന്ന ശാസ്ത്രാർത്ഥചിന്തകൻ ഇനിയെങ്കിലും മനസ്സിലാക്കുമോ? ഇങ്ങിനെയിരിക്കെ "തദ്ധിത പ്രത്യയ ലോപം"—എന്നു തുടങ്ങി "വ്യക്തമാകുന്നില്ലേ" എന്നതുവരെയുള്ള വൃഥാവാദം അസമഞ്ജസമാണെന്നു് സ്പഷ്ടമാണല്ലോ.

ജഹൽസ്വാർത്ഥവൃത്തിപക്ഷത്തിൽ ഗൌരവപരാഹതമായ അതിരിക്തശക്തികല്പനം അന്യായമായ ക്ലിപ്തശക്തി പരിത്യാഗം എന്നിവയുള്ളതിനാൽ അതിനെ അപേക്ഷിച്ചു് അജഹൽസ്വാർത്ഥവൃത്തിപക്ഷത്തിനു് മെച്ചമുണ്ടെന്നു് ഞാൻ ഉപന്യസിച്ചതിനെ അധികരിച്ച പി. വി. കൃഷ്ണൻനായർ അവർകൾ ആ പരന്ന വിഷയത്തിലേക്കു പ്രവേശിക്കണമെന്നു് ഈ അവസരത്തിൽ കരുതിയില്ലെന്നു് പറഞ്ഞൊഴിയുകയാണു് ചെയ്യുന്നതു്. ആട്ടെ, ഏതവസരത്തിലെങ്കിലും പ്രവേശിക്കാൻ മനസ്സുവരുന്നപക്ഷം എന്നെ അറിയിക്കുവാൻ ദയവുണ്ടാകുമെന്നു് വിചാരിക്കുന്നു.

ആലങ്കാരികന്മാർക്കു് ഇന്ന പക്ഷമേ അനുസരിച്ചുകൂടൂ എന്നു നിയമമില്ല; ഏതു പക്ഷം അവലംബിച്ചും കൈകാര്യം ചെയ്യുവാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടു്. എന്നു ഞാൻ പറഞ്ഞതിലേക്കു് പറയുന്ന സമാധാനാഭാസമാണു്—"ആലങ്കാരികന്മാരിൽ അധികപക്ഷവും വൈയാകരണമതത്തെ സ്വീകരിക്കുന്നവരാണെന്നു് സ്ഥാപിക്കാൻ ധാരാളം തെളിവുകളുണ്ടു് എന്ന മഹോപാദ്ധ്യായവചനം— തുഷ്യതുദുർജ്ജനന്യായേന ഞാൻ സമ്മതിച്ചു കൊടുക്കാം. എന്നാലും ഫലമെന്തു്? ആലങ്കാരികന്മാരുടെ ഇടയിൽ കുറച്ചുപേരെങ്കിലും നൈയായികമതാനുയായികളായിട്ടുണ്ടെന്നു് പ്രസ്തുതവാക്യംകൊണ്ടുതന്നെ അദ്ദേഹം സമ്മതിക്കുന്നുണ്ടല്ലോ. അവരുടെ പക്ഷപ്രകാരം പ്രകൃതസ്ഥലത്തു് ലക്ഷണകൂടാതെ കഴികയില്ലെന്നതു തീർച്ചയല്ലേ? അക്കൂട്ടർ ആലങ്കാരികരല്ലെന്നോ അവരുടെ അലങ്കാരശാസ്ത്ര ഗ്രന്ഥങ്ങൾക്കു് അലങ്കാരശാസ്ത്രത്വമില്ലെന്നോ പറവാൻ ഭാവമുണ്ടോ. എന്റെ ലക്ഷണാകഥനം ന്യൂനപക്ഷ പ്രകാരമെങ്കിലും സാധുവെന്നു് സമ്മതിക്കാതെ തരമുണ്ടോ? അങ്ങനെയിരിക്കെ പിന്നെയെങ്ങിനെ മഹോപാദ്ധ്യായൻ കണ്ണടച്ചാക്ഷേപിക്കും? ആലങ്കാരികന്മാരെന്നല്ല പ്രായേണ പ്രാക്തനശാസ്ത്രകാരന്മാരൊക്കെയും നിവൃത്തിയുള്ളിടത്തോളം വൈയാകരണമതപ്രക്രിയകളെ സ്വീകരിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. അതുകൊണ്ടാണു് ആനന്ദവർദ്ധനാചാര്യർ അഭിപ്രായപ്പെട്ടപോലെ ശ്രീമച്ഛങ്കരാചാര്യർപോലും തന്റെ സൂത്രഭാഷ്യത്തിൽ പ്രഥമേ വിദ്വാംസഃ— എന്നിങ്ങനെ വൈയാകരണന്മാരെ പ്ര

ശംസിക്കയും അവരുടെ മതപ്രക്രിയകളെ പ്രമാണമായുപന്യസിക്കുകയും ചെയ്യുകാണുന്നത്. പാൎത്ഥസാരഥി മിശ്രൻ തന്റെ ശാസ്ത്രദീപികയിൽ വൈയാകരണ സിദ്ധാന്തമനുസരിച്ച്, വ്യാപാരമുഖ്യവിശേഷ്യകബോധം പ്രതിപാദിച്ചിട്ടുള്ളതും ഇതിലേയ്ക്കു മറ്റൊരു തെളിവായെടുക്കാം. അതുകൊണ്ടു മീമാംസകന്മാർ വൈയാകരണമതാനുയായികളാണെന്നോ മറ്റോ ഇന്നാരെങ്കിലും പറയുമോ? ഇങ്ങിനെ മററുള്ള സ്വതന്ത്രശാസ്ത്രകാരന്മാർ കൂടി കഴിവുള്ളേടത്തോളം വൈയാകരണന്മാരെ ആദരിച്ചിരുന്നസ്ഥിതിക്ക് തദ്വിലക്ഷണമായ മതസിദ്ധാന്തംകൊണ്ടു സാധിക്കേണ്ടുന്ന പ്രത്യേകാവശ്യമൊന്നുംഇല്ലായ്കയാൽ പ്രാചീനാലങ്കാരഭികന്മാർ കുറച്ചധികം വൈയാകരണ പക്ഷപാതികളായിത്തന്നെ കഴിഞ്ഞുകൂടിയെന്നു മാത്രമേയുള്ളു. മമ്മടഭട്ടനുശേഷം അതുകൂടി മററുചിലർ സഹിക്കാതെയായി. ഞാൻ എന്റെ മുൻ സമാധാനത്തിൽ ഉദ്ധരിച്ച അലങ്കാരസൎവ്വസ്വപംക്തി അതിന്നു തെളിവായെടുക്കാം. പ്രാചീനന്മാർ വൈയാകരണപക്ഷപാതംകാണിച്ചിരുന്നതുകൊണ്ടുതന്നെയാണ്, "വൈയാകരണമതവിരോധന ദൂഷണം" എന്നു രസഗംഗാധരകാരൻ എടുത്തു പറഞ്ഞിരിക്കുന്നതും. അതില്ലായ്കയാലാണ് മീമാംസ മതവിരോധനദൂഷണം എന്നീവിധം, വിരുദ്ധാഭിപ്രായസ്ഥലത്ത് ശബ്ദംകൊണ്ടു നിൎദ്ദേശിക്കാതിരുന്നതും. അല്ലാതെ, ആലംകാരികന്മാരൊക്കയും വൈയാകരണമതാവലംബികളായിക്കൊള്ളണമെന്ന് നിയമമൊ മററുവല്ല സങ്കേതമോ ഉള്ളതുകൊണ്ടല്ല. അങ്ങിനെ വല്ലതുമുണ്ടെങ്കിൽ അതു ദൂഷണമല്ലെന്നു പണ്ഡിതരാജൻ പറയുമോ? പറഞ്ഞാലിരിക്കുമോ? ആലങ്കാരികന്മാൎക്ക് യഥോചിതം ഏതു മതവും അനുസരിക്കാമെന്നാണ് പണ്ഡിതരാജവാക്യം വിളിച്ചുപറയുന്നത്. അതു തന്നെയാണ് അവൎക്കുള്ള സ്വാതന്ത്ര്യം. അല്ലാതെ സൎവ്വശാസ്ത്രവിലക്ഷണമതപ്രചാരണരൂപമല്ല. ഈ അഭിപ്രായത്തിനും സാധകമായിട്ടാണ് ഞാൻ അലങ്കാരസൎവ്വസ്വത്തിലേയും രസഗംഗാധരത്തിലേയും വാക്യങ്ങൾ ഉദ്ധരിച്ചു കാണിച്ചത്.

ഇങ്ങിനെയിരിക്കെ "ആലങ്കാരികന്മാരുടെ അഭ്യുപഗമമിന്നതാണെന്നു പ്രത്യക്ഷമായ തെളിവുകൾ കണ്ടല്ലാതെ വിശ്വസിക്കുവാൻ നിവൎത്തിയി"ല്ലെന്നു പറയുന്നതും ധാത്വൎത്ഥം മുഖ്യവിശേഷ്യമായിട്ടുള്ള ബോധത്തെ സാൎവ്വത്രികമായി സമ്മതിക്കുന്നതിൽ വിസംവദിക്കുന്ന അദ്ദേഹത്തിന്റെ വചനം തദ്ധിതവൃത്തിയിൽ ലക്ഷണാസ്വീകാരത്തിന്നു ഗമകമാവുന്നതെങ്ങിനെ എന്നു ചോദിക്കുന്നതും ഒരു വക വിതണ്ഡവാദമെന്നല്ലാതെ മറെറാന്നു പറയട്ടെ. ഞാൻ അലങ്കാരസൎവ്വസ്വകാരന്റേയും രസഗംഗാധരകാരന്റേയും വചനമുദ്ധരിച്ചു കാണിച്ചത് ആലങ്കാരികന്മാർ വൈയാകരണപക്ഷമനുസരിച്ചേ ശബ്ദിച്ചുകൂട്ടു എന്നില്ലെന്നത

ലേഖ്യ പ്രമാണമായിട്ടാണെന്നുള്ളതു് സ്പഷ്ടമായിരിക്കേ, നമ്മുടെ മഹോപാദ്ധ്യായൻ വീണേടത്തുകിടന്നു, ആ വചനം, തദ്ധിതവൃത്തിയിൽ ഇത്യാദി ചോദിക്കുന്നതു് കാണുമ്പോഠം അദ്ദേഹത്തിൻെറ ബുദ്ധിക്കു് അല്പം എന്തോ ഭ്രാന്തിപററിഃപ്പായോ എന്നു സംശയിക്കാൻ അവകാശമുണ്ടെന്നോ ഞാൻ വിചാരിക്കുന്നുള്ളു. "നമ്പൂരിക്കു സംബന്ധമുണ്ടു്. എനിക്കു ചരക്കുകച്ചവടവുമുണ്ടു്" ഇത്യാദ സംബന്ധജല്പനം അതിനു് ഉപോൽബലകമായുമിരിക്കുന്നു.

തദ്ധിതവൃത്തിയിൽ പ്രത്യയലോപം വന്നിട്ടുള്ളേടത്തു നൈയായികന്മാർ ലക്ഷണ സ്വീകരിച്ചിട്ടുള്ളതായി ഒരു ഉദാഹരണമെങ്കിലും ഞാൻ എടുത്തുകാണിച്ചിട്ടില്ലെന്നുള്ള ഒഴികഴിവുംകൊണ്ടു് ഒന്നുരണ്ടുരണ്ടു നോക്കി നിലകിട്ടാതെ ഈ വിപശ്ചിദപശ്ചിമൻ നാഗേശഭട്ടൻെറ കാലോ വാലോ (വൈയാകരണന്മാക്കു വാലുണ്ടെന്നാണു് മഹോപാദ്ധ്യായൻെറ അഭിപ്രായം) പിടിപ്പാൻ കൈ നീട്ടുന്നതു് അതികരുണമായ മററൊരു കാഴ്ചയാകുന്നു.

വ്യപേക്ഷാപക്ഷവാദികളായ നൈയായികന്മാർ തദ്ധിതപ്രത്യയം ലോപിക്കാത്ത സ്ഥലത്തുകൂടി ലക്ഷണാസ്വീകരണത്തിനു മടിക്കാത്തസ്ഥിതിക്കു ലോപസ്ഥലത്തെ കാര്യം പ്രത്യേകിച്ചു പറയാനുണ്ടോ? ഇതു കൈമുതികന്യായസിദ്ധമാണെന്നഭിമാനിക്കുന്ന നിങ്ങഠം വൈയാകരണഭൂഷണസാരം പോലും കണ്ടിട്ടില്ലെന്നു വരുമോ?

"പ്രദേയ ഏവവാശക്തിഃ പ്രകൃതേ സ്വപ്നസ്വലക്ഷണാ
ദേവതായാം നിരൂഢേതി സവ്യേപക്ഷാ അമീസ്ഥിതാഃ"

എന്ന കാരികയിൽ തദ്ധിതപ്രത്യയം ലോപിക്കാത്ത സ്ഥലത്തുകൂടി ദേവതാത്ഥത്തിൽ ലക്ഷണയംഗീകരിക്കുന്ന വ്യപേക്ഷാപക്ഷത്തെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നതു് ഓമ്മിക്കുന്നില്ലേ? പോരെങ്കിൽ ഞാൻ എൻെറ സമാധാനത്തിൽ ആ കാരികയും മററും എടുത്തു വിവരിച്ചിട്ടുമുണ്ടായിരുന്നുവല്ലോ; എന്നിട്ടും കാര്യം ഗ്രഹിച്ചില്ലെന്നോ? അഥവാ കണ്ടിട്ടും കാണാത്ത ഭാവത്തിൽ കണ്ണടച്ചുപോയോ? എന്നാൽ ഇതെന്തു നിമീലികയാണെന്നും നിങ്ങഠംതന്നെ തീച്ചയാക്കിയാൽ മതി.

നൈയായികന്മാർ സമാസവൃത്തിസ്ഥലത്തുമാത്രമല്ല വൃത്ത്യന്തരത്തിലും ലക്ഷണ സ്വീകരിക്കുന്നുണ്ടു്. മാതാചപിതാച-പിതരൗ എന്നു വിരൂപൈകശേഷവൃത്തിയിൽപോലും ജനകദമ്പതിബോധം അവക്കു ലക്ഷണയാലാണു്. നിങ്ങളുടെ "കുരവാഃ" എന്നതിലും മററും ഇനി വിശേഷിച്ചു പറവാനുണ്ടോ? എന്നാൽ എല്ലാ സമാസസ്ഥലത്തും അവക്കു ലക്ഷണയുടെ ആവശ്യമുണ്ടെന്നും വിചാരിക്കേണ്ട. നീലോൽ

പലം ഇത്യാദികർമ്മധാരയസ്ഥലത്തു നീലപദാർത്ഥം ഉൽപലപദാർത്ഥത്തിൽ അഭേദസംബന്ധേന അന്വയിക്കാവുന്നതുകൊണ്ടു് അവർക്കു ലക്ഷണവേണ്ട. ഇതുപോലെ "ധവഖദിരൗ" ഇത്യാദി ഇതരേതരദ്വന്ദ്വസ്ഥലത്തു വിഭക്ത്യർത്ഥദ്വിത്വം ധവഖദിരാർത്ഥത്തിൽ പ്രകാരതയാ അന്വയിക്കുന്നതുകൊണ്ടു് അവിടേയും അവർക്കു ലക്ഷണവേണ്ട. ഇത്രയും പറഞ്ഞതു സമാസസ്ഥലത്തൊക്കെയും നൈയായികന്മാർക്കു ലക്ഷണവേണമെന്നോ സമാസസ്ഥലത്തു മാത്രമേ അവർക്കു ലക്ഷണവേണ്ടൂ എന്നൊ തെററിദ്ധരിക്കരുതെന്നു വിചാരിച്ചിട്ടാണു്. അസമസ്തപദങ്ങളിൽ പോലും വാചകമില്ലെങ്കിൽ അർത്ഥബോധത്തിനു് അവർക്കു ലക്ഷണതന്നെയാണു് ശരണം. 'ദധ്യാനയ' ഇത്യാദിസ്ഥലത്തു് "സ്വമോർന്നപുംസകാൽ" എന്ന സൂത്രപ്രകാരം ദ്വിതീയാവിഭക്തി ലോപിച്ചുപോയിട്ടുള്ള ദധിപദത്തിനു ദധികർമ്മത്വാർത്ഥത്തിൽ ലക്ഷണയാണു്. നിങ്ങളുടെ അനുശാസനജ്ഞാനമൊന്നും അവർക്കു് ഈ വിഷയത്തിൽ കാര്യകാരി അല്ല. ഈ സ്ഥിതിക്കു രോഹിണ്യാദിശബ്ദത്തിൽ ലുപ്തപ്രത്യയാർത്ഥബോധത്തിനു ലക്ഷണ സ്വീകരിക്കണമെന്നു മന്ദബുദ്ധികൾക്കു പോലും പറഞ്ഞുകൊടുക്കേണ്ട ആവശ്യമുണ്ടോ? അതാണു് ഗദാധരൻ അതിനെപ്പററി ഒന്നും പറയാതിരുന്നതും ഞാൻ പ്രത്യേകം ഉദാഹരണമെടുത്തു കാണിക്കാതിരുന്നതും. ശാബ്ദബോധഹേതുപദജന്യ പദാർത്ഥോപസ്ഥിതിയാകയാൽ എവിടെ വിവക്ഷിതാർത്ഥവാചകപദമില്ലയോ അവിടെ അവർ ലക്ഷണ കല്പിക്കും. വാചകമുണ്ടെങ്കിൽ അതു വേണ്ടതാനും. ഇതാണു് ലക്ഷണാസ്വീകരണത്തിൽ നൈയായികന്മാർക്കുള്ള നയം. പ്രമാണമായി ഞാനിനി ഗദാധരപംക്തികളും മററും എടുത്തു കാണിക്കുന്നില്ല.

"മാതാ ച പിതാ ച=പിതരൗ ഇത്യാദി വിരൂപൈകശേഷസ്ഥലേപി പിതൃപദസ്യ ജനകദമ്പത്യാല്ലക്ഷണാഗ്രാഹ്യാ. കർമ്മധാരയേതു നീലോൽപലമിത്യാദൗ നീലപദസ്യാഭേദാന്വയസംബന്ധേന ഉൽപലപദാർത്ഥേ പ്രകാരതയാ ഭാസമാനത്വാൽ നലക്ഷണാവകാശഃ.................. "ദധ്യാനയേ"ത്യത്ര ദ്വിതീയാലുക്‌സ്ഥലേ ദധിപദസ്യ ദധികർമ്മത്വേ ലക്ഷണാ; ജാനാമിത്യാദൗ വാഖ്യാതസ്യാശ്രയേ ലക്ഷണാ; രഥോഗച്ഛതീത്യാദൗ വാഖ്യാതസ്യ വ്യാപാരേ ലക്ഷണാഗ്രാഹ്യേത്യാദിബോദ്ധ്യം എന്നും മററും പറഞ്ഞിരിക്കുന്നതു് ഒന്നു മനസ്സിരുത്തി വായിച്ചു നോക്കുമോ!

ഏതായാലും "രോഹിണി ഹരിതകി" ഇത്യാദിശബ്ദങ്ങളിൽ അനുശാസനജ്ഞന്മാർക്കു സ്വാരസ്യത സ്ഫുരിക്കുന്ന രണ്ടർത്ഥങ്ങളുടെ ഉപസ്ഥിതിക്കു മുഖ്യാർത്ഥബോധമുള്ളതായി സംസ്കൃതഭാഷ അറിവുള്ളവർ

പറയുമെന്നു തോന്നുന്നില്ല. പിതരൗ എന്ന ഏകശേഷസ്ഥലത്തും 'ദദ്ധ്യാന്നയ' എന്ന ലുപ്തവിഭക്തികസ്ഥലത്തും ലക്ഷണകല്പിക്കുന്ന നൈയായികന്മാൎക്ക് ഹരീതക്യാദിശബ്ദസ്ഥലത്തു ഫലാദ്യൎത്ഥവിഷയമായ ലക്ഷണ കല്പിക്കുന്നതിന് എന്തു പ്രതിബന്ധമാണുള്ളത് എന്ന് എനിക്കു മനസ്സിലാവുന്നില്ല. ശാസ്ത്രീയഗതിയുടെ ഗന്ധംപോലുമില്ലാത്തവൎക്ക് ഈ വകയെല്ലാം പുതുമയായി തോന്നുമായിരിക്കാം. ഈ സ്ഥിതിക്കു ഭാട്ടമതക്കാരായ മീമാംസകന്മാൎക്കു വാക്യാൎത്ഥംപോലും ലക്ഷണാബോദ്ധ്യമാണെന്നു കേൾക്കുന്നതായാൽ മഹോപാദ്ധ്യായൻ അന്ധാളിക്കാതിരിക്കുമോ? ശ്രീരാമോദന്തം കൃഷ്ണവിലാസം മുതലായ ഒന്നോ രണ്ടോ കാവ്യം വായിച്ച താങ്കളുടെ സംസ്കൃതഭാഷാഭിജ്ഞന്മാൎക്ക് ഇതെല്ലാം പുത്തരിയായിരിക്കുമെങ്കിലും സംസ്കൃശാസ്ത്രഗ്രന്ഥങ്ങളിൽ സ്വല്പമെങ്കിലും പരിചയിച്ചിട്ടുള്ളവൎക്ക് ഈ വകയൊന്നും അശ്രുതപൂൎവ്വമായിരിക്കയില്ല. ഫലബോധതാൽപൎയ്യത്തോടു പ്രയോഗിച്ച ഹരിതക്യാദിസ്ഥലത്തു തദ്വാചകമില്ലായ്കയാൽ ലക്ഷണാബീജമായ മുഖ്യാൎത്ഥബോധം നിൎബ്ബാധവുമാണ്. ഇതുതന്നെയാണ് രോഹിണീശബ്ദത്തിനു രോഹിണീനക്ഷത്രജാതയെന്നൎത്ഥം പറയുന്നതിലുള്ള സ്ഥിതിയും. ആട്ടെ ശബ്ദാനുശാസനജ്ഞാനവും കൊണ്ടു നടക്കുന്ന വൈയാകരണമാനിയായ മഹോപാദ്ധ്യായന് "രാജപുരുഷഃ" ഇത്യാദിസ്ഥലത്തു വൈയാകരണമതപ്രകാരമുള്ള സമുദായശക്തികല്പനവും ഈ സ്ഥിതിക്കു അനാവശ്യമാണെന്നു പറയാമല്ലോ.

"വൈയാകരണനയ ഇവ" ഇത്യാദി നാഗേശ വചനം എനിക്കു പ്രതികൂലമോ ആക്ഷേപകന്നു് അനുകൂലമോ ആവുന്നതെങ്ങിനെയെന്ന് മനസ്സിലാവുന്നില്ല. ആലങ്കാരികന്മാൎക്കു സ്വാതന്ത്ര്യമുണ്ടെന്നാണ് എന്റെ വാദമെന്ന് ഇനിയെങ്കിലും ധരിക്കുമോ? ധരിച്ചാൽപിന്നെ താദൃശനാഗേശവചനവും മററും എനിക്കു പ്രതികൂലമാണെന്നു ഭ്രമിപ്പാൻ അവകാശമുണ്ടാകയില്ല. നാഗേശവാക്യം എനിക്കു നിഗ്രഹനംചെയ്യേണ്ട ആവശ്യമില്ലെന്നും ബോദ്ധ്യമാവും. "പ്രഥമേഹിവിദ്വാംസോ വൈയാകരണാഃ—" ഇത്യാദി ധ്വന്യാലോകവാക്യമടിസ്ഥാനമാക്കി വൈയാകരണമതാനുസരണാശങ്കയെ ഉൽഭാവനം ചെയ്തു നിരസിച്ചിരിക്കുന്നതുകൊണ്ടെങ്കിലും ആ വക വാക്യം നിഗ്രഹനം ചെയ്യേണ്ട ആവശ്യം ഈയുള്ളവനില്ലെന്ന് ആൎക്കും ഗ്രഹിക്കാമായിരിക്കാം. കൂടാതെ "തന്മതാനുസാരിഭിസ്സൂരിഭിഃ" എന്ന അംശം ഏതുവിധത്തിലാണ് തനിക്കു അനുകൂലമാവുന്നതെന്ന് ഇനിയെങ്കിലുമെന്റെ ശാസ്ത്രാൎത്ഥചിന്തകനൊന്നു ചിന്തിച്ചു നോക്കിയാൽ കൊള്ളാം. ആലങ്കാരികന്മാൎക്കു യഥോചിതമേതുമതവും ഇഷ്ടംപോലെ സ്വീകരിച്ചു കാൎയ്യം നിൎവ്വഹിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നുള്ള

എന്റെ വാദമുഖമോർമ്മിച്ചാൽമാത്രം മതി. ലക്ഷണയുടെ ഒന്നാമത്തെ ഹേതു മുഖ്യാർത്ഥബോധമാണ്. ഇതു കാവ്യപ്രകാശകാരനും രസഗംഗാധരകാരനും ഒരുപോലെ സ്വീകരിക്കുന്നു” എന്നിങ്ങനെ കൂപമണ്ഡൂകന്യായമനുസരിച്ച് ഉൽഘോഷിക്കുന്ന മഹോപാദ്ധ്യായന്റെ മഹത്വം അന്യാദൃശമെന്നേ പറയാനുള്ളു. ലക്ഷണയും ലക്ഷണാബീജമായ മുഖ്യാർത്ഥബോധവും സർവ്വശാസ്ത്രസിദ്ധമാണ്. അതു ‘മമ്മടഭട്ടന്റെയോ മററുള്ള ആലങ്കാരികന്മാരുടേയോ പ്രത്യേകസ്വത്തോ താഴ്വഴിസ്വത്തോ തറവാട്ടുസ്വത്തോ അല്ല. വൈയാകരണസിദ്ധാന്തമനുസരിച്ച് ‘അപസിദ്ധാന്തമായി വാദത്തിനൊരുങ്ങിയ മഹോപാദ്ധ്യായൻ ‘ലഘുമഞ്ജൂഷ’യെങ്കിലും കണ്ടിട്ടില്ലെന്നു വരികയില്ലല്ലോ. അതിലെ ലക്ഷണാനിരൂപണഘട്ടവും തൽവ്യാഖ്യാനങ്ങളും ഒന്നുകൂടി മനസ്സിരുത്തി വായിച്ചുനോക്കട്ടെ. താർക്കികന്മാരുടേയും മീമാംസകന്മാരുടേയും ലക്ഷണാസ്വരൂപവും മററും അതിൽ നിർദ്ദേശിച്ചിരിക്കയും ആലങ്കാരികലക്ഷണയേമാത്രം പ്രത്യേകിച്ചു നിർദ്ദേശിക്കാതിരിക്കയും ചെയ്തുകാണുന്നതിൽനിന്നുതന്നെ ആലങ്കാരികന്മാക്കു ലക്ഷണയെ സംബന്ധിച്ച് പ്രത്യേകമൊരു മതമില്ലെന്നു മനസ്സിലാവും. കാവ്യപ്രകാശകാരൻ വരിച്ചിരിക്കുന്ന ആരോപിത ശബ്ദവ്യാപാരരൂപയായ ലക്ഷണ, വൈയാകരണ വംശോല്പന്നയും രസഗംഗാധരകാരൻ സ്വീകരിച്ചിരിക്കുന്ന ശക്യാർത്ഥസംബന്ധാത്മിക, നൈയായികകുലജാതയുമാകുന്നു. മീമാംസഗോത്രസംഭവയാകട്ടെ ശക്യാദശക്യാർത്ഥോപസ്ഥിതിസ്വരൂപയാണ്. ശ്രോത്രിയയായതുകൊണ്ടായിരിക്കാം ജാത്യാരസികരായ ആലങ്കാരികന്മാർ ആരും ഇവളെ ആവശ്യപ്പെട്ടുകാണാത്തതു്. അഥവാ ആലങ്കാരികന്മാരിലാരെങ്കിലും പരിഗ്രഹിക്കുന്നതായാൽ അതുകൊണ്ടു അവരാരും ജാതിഭ്രഷ്ടരോ മതഭ്രഷ്ടരോ ആവുകയില്ല. അതെങ്ങിനെയായാലും വാക്യാർത്ഥബോധം ലക്ഷണാജന്യമെന്നു് സിദ്ധാന്തിക്കുന്ന ഭാട്ടന്മാരായ മീമാംസകന്മാക്കു മഹോപാദ്ധ്യായന്റെ നിർദ്ദേശപ്രകാരം അവരുടെ നിത്യോപയോഗത്തിനു വേണ്ട ലക്ഷണയുടെ ബീജഭൂതമായ വാക്യാർത്ഥബോധംപോലും ആലങ്കാരികന്മാരോടു ‘കടം കൊണ്ടിട്ടുവേണമെന്നു വരുന്നതിൽ പരമന്യായമെന്താണുള്ളതു്”? ഏതായാലും ലക്ഷണയും തൽബീജമായ മുഖ്യാർത്ഥബോധവും പ്രാചീനകാലംമുതല്ക്കേ ശാസ്ത്രാന്തരങ്ങളിലുണ്ടെന്നുള്ളതു് തീർച്ചയാണ്. വേണമെങ്കിൽ കുമാരിലഭട്ടന്റെ ‘തന്ത്രവാർത്തികം’ ജയന്തഭട്ടന്റെ ‘ന്യായമഞ്ജരി’ വാചസ്പതിമിശ്രന്റെ ‘തത്വബിന്ദു’ മുതലായ പ്രാചീനശാസ്ത്രഗ്രന്ഥങ്ങളും പരിശോധിച്ചു നോക്കുക. പക്ഷെ മുൻപറഞ്ഞ വിധം ലക്ഷണയുടെ സ്വരൂപത്തിനു മാത്രം അല്പാല്പം വ്യത്യാസം കണ്ടേക്കാമെന്നല്ലാതെ തൽബീജത്തിനു പറയത്തക്ക വിസംവാദമൊന്നുമുണ്ടാവുകയില്ല. മുഖ്യാർത്ഥബോധത്തെ

വാച്യാനുപപത്തിയെന്നും അനന്വയാനുപപത്തിയെന്നും താൽപര്യാനുപപത്തിയെന്നും നാമാന്തരം കൊണ്ടു് വ്യവഹരിക്കുന്നുണ്ടെങ്കിലും അതിന്റെ ഐക്യം പര്യവസാനം താൽപര്യാനുപപത്തിയിലാണെന്നുള്ള തത്വമാരും അപലപിക്കയില്ല. ഇതിലേക്കു സാധകമായി ഭാട്ടമതഗ്രന്ഥമായ "മാനമേയോദയ"ത്തിൽ നിന്നും ചിലപംക്തികളെടുത്തു കാണിക്കാം.

"വയന്തുപദാൎത്ഥാഃ ലക്ഷണയൈവ വാക്യാർത്ഥം
ബോധയന്തീതി ബ്രൂമഃ—വാച്യാൎത്ഥാനുപപത്ത്യാ ഹി
ലക്ഷണാ ഭവതി. അത്ര ച പദൈഃ സ്മൎയ്യമാണാ
ഗവാദി പദാൎത്ഥാ യദ്യപ്യന്യോന്യാന്വയം വിനാ
സാമാന്യരൂപാ ഏവാ വതിഷ്ഠേരൻ തൎഹിപദാനാം
വ്യുൽപത്തി സമയാ വധൃതമേകവിശിഷ്ടാർത്ഥബോ
ധനതാല്പൎയ്യം വിരുദ്ധ്യേതേതി സാമാന്യരൂപസ്യ
വാച്യസ്യാനുപ പത്തേരന്യോന്യാ ന്വയരൂപേ
വിശേഷ ഏവ പദാൎത്ഥാഃ പൎയ്യവസന്തി."

എന്നിങ്ങനെ ലക്ഷണാബീജമായ വാച്യാനുപപത്തിയെ—അതായതു് മുഖ്യാൎത്ഥബോധത്തെ വിശിഷ്ടാൎത്ഥബോധതാൽ പൎയ്യവിരോധം വഴിക്കു് ഉപപാദിച്ചിരിക്കുന്നതു് നോക്കുക. എന്തിനു വളരെ ലക്ഷണാബീജമെന്നുവേണ്ട ലക്ഷണപോലും പോരെങ്കിൽ അഭിധകൂടി ശാസ്ത്രാന്തരസിദ്ധമാണെന്നും ആലങ്കാരികന്മാർ ആവക സിദ്ധാന്തങ്ങളെ ഉപജീവിച്ചുമാത്രമാണു് തങ്ങളുടെ സാഹിത്യനയം നടത്തിക്കൊണ്ടുപോയിരിക്കുന്നതെന്നുമാണു് ഞാൻ പറയുക. ഈ സംഗതി താങ്കൾ കണ്ട കാവ്യപ്രകാശത്തിന്റെ കൎത്താവിലും എത്രയോ പ്രാചീനനായ മുകുളഭട്ടൻ തന്റെ "അഭിധാവൃത്തി മാതൃക"യിൽ വിശദമാക്കീട്ടുമുണ്ടു്. നോക്കുക:

"ഇത്യേതദഭിധാവൃത്തം ദശധാത്ര വിവൎത്തിതം" മുഖ്യസ്യ അഭിധാവൃത്തസ്യ പ്രകാരാശ്ചത്വാരോ ലാക്ഷണികസ്യ ഷഡിത്യേവം ദശപ്രകാരമഭിധാവൃത്ത മത്ര വിവേചിതം.

"പദവാക്യപ്രമാണേഷു തദേതൽ പ്രതിബിംബിതം
യോ യോജയതി സാഹിത്യേ തസ്യ വാണീ ദതി"

പദാവഗതി ഹേതുത്വാൽ പദം വ്യാകരണം; വ്യാഖ്യാനാന്വയാ വസായഹേതുത്വാൽ വാക്യം മീമാംസ; പ്രമാണപ്രതിപത്തികാരിത്വാൽ പ്രമാണം തൎക്കഃ; ഏതേഷു പദവാക്യ പ്രമാണ ശാസ്ത്രേഷു ചതുൎവ്വൎഗ്ഗോപയോഗി സൎവ്വവിദ്യാധിഗമോപായഭൂതേഷു ത്രിഷു പ്രതിഭിദ്യമാനേഷു സംക്രാന്താനന്തര നിരൂപിത സ്വരൂപപ്രതിബിംബം ദശവിധ മഭി

ധാവൃത്തം യഃ സാഹിത്യാദൗ സകല ലോക വ്യവഹാര ദർപ്പണ പ്രഖ്യേ സഞ്ചാരയതി സവാചിക്രമേണ പ്ര സീദന്ത്യാം വാഗീശപരോഭവതി”

ഈ വക വാക്യസന്ദർഭവും ഞാൻ മുമ്പുദ്ധരിച്ച ഗദാധരഗ്രന്ഥസന്ദർഭംപോലെ സംസ്കൃതഭാഷയിൽതന്നെ ശാസ്ത്രാർത്ഥചിന്തനത്തിനു പൂറപ്പെട്ട മഹോപാദ്ധ്യായനു് ദുരവഗാഹമാകയാൽ അസമംജസമായോ വാലും തലയുമില്ലാത്തതായോ തോന്നുമോ? ഏതായാലും:

മദ്ധ്യക്തിശ്ചേദന്തർമ്മദയതി സുധീഭൂയ സുധിയഃ
കിമസ്യാന്നാമസ്യാദരസികജനാനാദരഭരൈഃ
യഥായൂനസ്തുല്യൽ പരമരമണീയാ പിതരുണീ
കുമാരാണാമന്തഃ കരണഹരണം നൈവകുരുതേ”

എന്നിങ്ങിനെ ഗദാധരാദികൾക്കും ഈയുള്ളവനും സമാധാനിക്കാൻ വഴിയുള്ളതിനാൽ ആ വക തുച്ഛവചസ്സുകളെക്കൊണ്ടു് അവർക്കാകട്ടെ ഇവനാകട്ടെ ഹാനിയോ പരിഭവമോ ഇല്ലെന്നുമാത്രം അവസാനമായി അറിയിച്ചുകൊള്ളുന്നു.

# ഒരു ചരിത്രനായിക.

[ഉള്ളാട്ടിൽ ശങ്കരമേനോൻ, ബി. ഏ.]

ഞങ്ങൾ പന്തയംവെയ്ക്കാം. ലോകചരിത്രം ഈ വിധമായതിന് അധികം ഉത്തരവാദി സ്ത്രീയാണ്. ചുഴിഞ്ഞുനോക്കു, നിങ്ങൾക്കു മനസ്സിലാവും. സൂര്യപ്രകാശത്തെക്കാൾ അധികമായിത്തന്നെ സ്ത്രീയുടെ പുഞ്ചിരി ലോകത്തെ ബാധിച്ചിട്ടുണ്ട്, ദ്രവീകരിച്ചിട്ടുണ്ട്. അവളുടെ കമനീയമായ ഒരു കടാക്ഷം പ്രതീക്ഷിച്ച്, പ്രേമാർദ്രമായ ഒരു പുഞ്ചിരി കൊതിച്ച്, ത്രൈലോക്യചക്രവർത്തിയായ രാവണൻ സർവ്വസ്വവും ഉപേക്ഷിച്ചു. മുനിപത്നിയുടെ മന്ദാക്ഷമധുരമായ ഒരു മന്ദഹാസത്തിന്റെ മുമ്പിൽ മുപ്പത്തിമുക്കോടി ദേവന്മാരുടെ മുടിചൂടിയ ചക്രവർത്തിക്ക് അദ്ദേഹത്തിന്റെ മാനം, സിംഹാസനം—ഒന്നും—വിലപോന്നില്ല. ക്ലിയോപേട്രായുടെ ശൃംഗാരശീതളമായ ഒരു ആലിംഗനത്തിനുവേണ്ടി ആന്റണി റോമാസാമ്രാജ്യത്തെ പുല്ലുപോലെ വലിച്ചെറിഞ്ഞു. അനശ്വരമെന്ന് അറിയപ്പെട്ടിരുന്ന സമ്പൽസമൃദ്ധമായ ആ സാമ്രാജ്യനഗരി ടൈബർ നദിയിൽ ഒഴുക്കത്തിക്കൊള്ളട്ടെ, താൻ വിലാസലാലസയായ തന്റെ വിധുമുഖിയാളുടെ പ്രണയമസൃണമായ ഒരു ചുംബനംകൊണ്ട് അനശ്വരനായിക്കൊള്ളാം എന്നാണ് ഒരു നൂറു പടക്കളത്തിലെ ആ വീരനായകൻ മാറുവിരിച്ചുനിന്നു പറഞ്ഞത്. സ്ത്രീയുടെ കണ്ണുനീർ അനാദികാലം മുതല്ക്കുള്ള വർഷപാതത്തെക്കാൾ അധികം ഈ ലോകത്തിൽ പാട് ഇട്ടിട്ടുണ്ട്. പാഞ്ചാലിയുടെ ചുട്ട ഒരു കണ്ണുനീർക്കണം ആയിരം നൂറാണ്ട് ആയുസ്സുചെന്ന കൌരവവംശത്തെ അപ്പാടെ നിറടിപ്പിച്ചില്ലേ! ജിജബായിയുടെ കണ്ണിൻകടെയ്ക്കൽ പൊടിഞ്ഞ ഒരു കണ്ണുനീർക്കണത്തെത്തുടർന്ന്, അവരുടെ മകന്റെ വാൾത്തലയിൽ ഒരു പുതിയ സാമ്രാജ്യം ഉയർന്നുവന്നില്ലേ? ദിവ്യാസ്ത്രങ്ങളെക്കാൾ തീക്ഷ്ണവും, ദേവാവതാരങ്ങളെക്കാൾ ഫലപ്രദവുമാണു സ്ത്രീയുടെ കണ്ണുനീർ. അവളുടെ ആ കണ്ണുനീർക്കണത്തിന്റെ മുമ്പിൽ, അവളുടെ ആ പുഞ്ചിരിക്കുമുമ്പിൽ എന്തെന്തുതന്നെ ബലികഴിക്കുവാൻ പുരുഷൻ അഭിമാനിച്ചിട്ടില്ല!

രുമേനിയായിലെ കാറോൾരാജാവു നിങ്ങളുടെ ഇതിഹാസങ്ങളിലൊ ചരിത്രകഥകളിലൊ പാടപ്പെട്ടിട്ടുള്ള ഒരു അത്ഭുതപുരുഷനല്ല. അദ്ദേഹത്തിന്റെ മനോനായികയായ മാഗ്ഡലൂപെസ്ക്യൂവിന്റെ പേരിനു ചുറ്റും രാമായണംപോലെയൊ, ഇല്ലിയഡ്പോലെയൊ ഒരു അനശ്വരകവിത പടർന്നുപിടിച്ചിട്ടുമില്ല. എന്നാൽ നിങ്ങളുടെ ഏറ്റവും ഉൽകൃഷ്ടമായ പുരാണകഥകളാലൊ, പ്രസിദ്ധമായ ചരിത്രകഥകളാലൊ

അതിശയിക്കപ്പെടാത്ത അത്ര വമ്പിച്ച ത്യാഗത്തിലും, അത്ര അനന്തമായ വിശ്വാസത്തിലും, അത്ര വാസ്തവികമായ മഹത്വത്തിലും ഉയർന്നുവന്നു്, സംഭവബാഹുല്യവും ബന്ധദാർഢ്യവുമുള്ള ഒരു പ്രേമകഥയിലെ നായികാനായകന്മാരാണു് അവർ. ഇത്രയും കൊള്ളരുതാത്ത ഒരു നായകൻ—കരോൾ ഇന്നും റുമേനിയായിലെ അനതീതയൌവ്വനനായ രാജാവാണു്. ഇത്രയും ധീരോദാത്തയായ ഒരു നായിക—മാഗ്ഡ ലൂപസ്ക്യൂ, ഗതയൌവനയെങ്കിലും, ഇന്നും ചരിത്രം ഉണ്ടാക്കിക്കൊണ്ടു ജീവിച്ചിരിക്കുന്ന ഒരു സ്ത്രീയാണു.

പത്തുകൊല്ലത്തിലധികം വളർച്ചയെത്തിയിട്ടുണ്ടു് അവരുടെ പ്രേമകഥയ്ക്കു്. ഒരു രാജാവു തന്റെ സുന്ദരിയായ ഒരു പ്രജയെ കാമിക്കുക—ഇത്രയേ ഉള്ളുവെങ്കിൽ ലോകചരിത്രത്തിൽ ഇതത്ര പുതിയതൊ, പറയത്തക്കതൊ ആയ അദ്ധ്യായമല്ല, ഞങ്ങൾക്കു അറിയാം. എന്നാൽ കരോളിന്റെയും മാഗ്ഡയുടേയും പ്രേമകഥയുടെ ഉത്തുംഗസൌധത്തിന്റെ നിഴലിൽ, മററുള്ളതൊക്കെ ശിശുക്കൾ മണ്ണുകൊണ്ടും, പുല്ലുകൊണ്ടും ഉണ്ടാക്കിയ 'കുട്ടിപ്പുരപോലെ കാണപ്പെടുന്നു. കാരണം: ഇവിടെ ത്യാഗം മഹാമനസ്കത, പ്രേമം, പ്രധാനവേഷം—ഒന്നും രാജാവിന്റേതല്ല, പ്രജയുടേതാണു്. ഇങ്ങിനത്തെ കെട്ടുപാടുകളിൽ ഒരു രാജാവിനേക്കാൾ അധികമായി ഒരു സാധാരണസ്ത്രീ ത്യജിച്ചു, മഹാമനസ്കത കാണിച്ചുവെന്നു പറയുമ്പോൾ നിങ്ങൾ വിശ്വസിക്കുവാൻ മടിക്കുമായിരിക്കും. എന്നാൽ അതു നിങ്ങൾക്കു നല്ലവണ്ണം മനസ്സിലാവാത്തതുകൊണ്ടു മാത്രമാണു്. കാരോൾ ഒരു കുററക്കാരനാണെങ്കിൽ—സമുദായത്തിന്റെ കോടതിയിൽ ഇങ്ങിനെയുള്ള അസ്ഥാനപ്രേമം തീർച്ചയായും വലിയൊരു കുററമാണല്ലൊ!—കുററക്കാരനാണെങ്കിൽ, അദ്ദേഹം അവരുടെ രാജാവാണു്, ക്ഷന്തവ്യനാണു്. എന്നാൽ മാഗ്ഡയാവട്ടെ അതിന്റെ കണ്ണിൽ നീചയും അക്ഷന്തവ്യയുമായ ഒരു ഹീനജൂതപ്പെണ്ണായിട്ടാണു കാണപ്പെടുന്നതു്. ഒരു ധർമ്മപത്നിയുടെ കണ്ണുനീരിനെ ചവിട്ടിമെതിച്ചുകൊണ്ടു്, ഒരു അമ്മയുടെ ആവലാതികളെ അവഗണിച്ചുകൊണ്ടു്, തന്റെ രാജാവിന്റെ രക്ഷയെ വിലവെയ്ക്കാതെ, അദ്ദേഹത്തിന്റെ അനേകലക്ഷം പ്രജകളുടെ സുഖത്തിനും ഇഷ്ടത്തിനും വിരോധമായി അദ്ദേഹത്തിനെ മൂക്കുപിടിച്ചു നടത്തുന്ന പ്രബലയും, കുടിലയും, ദുഷ്ടയും, അത്യാഗ്രഹിയുമായ ഒരു സ്ത്രീയായിട്ടാണു് ഇന്നു് അവളെ പലരും അറിയുന്നതു് പ്രബല—അവൾ തീർച്ചയായും റഷ്യയിലെ കാതറൈനെപ്പോലെയോ നമ്മുടെ നൂർജ്ജിഹാനെപ്പോലെയോ പ്രബലയും പ്രഗത്ഭയുമായ ഒരു സ്ത്രീയാണു്. അവൾ കുടിലയും, ദുഷ്ടയും, അത്യാഗ്രഹിയുമാണൊ എന്നു നിങ്ങൾ തീർച്ചയാക്കിയാൽ മതി. ഇതാണു് അവളുടെ കഥ.

ബുക്കാറസ്റ്റ് നഗരത്തിലെ സാമാന്യം സമ്പന്നനും, രത്നവ്യാപാരിയുമായ ഒരു ജൂതൻെറ മകളാണു മാഗ്ഡ ലൂപസ്കൂ. ആറു മക്കളും മാതാപിതാക്കന്മാരും അടങ്ങിയ അവരുടെ കുടുംബത്തിൻെറ ഓമനയായിരുന്നു മാഗ്ഡ. അദ്ദേഹത്തിൻെറ എല്ലാ മക്കളേയും അവളുടെ അച്ഛൻ അഭ്യസ്തവിദ്യരാക്കി. സ്വഭാഷക്കു പുറമേ നാലു യൂറോപ്യൻ ഭാഷകൾ മാഗ്ഡയ്ക്കു സ്വാധീനമാണ്. പേരെടുത്ത ഒരു സംഗീതവിദുഷികൂടിയാണു മാഗ്ഡ. എന്നാൽ അവളെപ്പററി പറയുമ്പോൾ ആദ്യമായി പറയേണ്ടതു് അവളുടെ അനിയന്ത്രിതമായ സ്വാതന്ത്ര്യബുദ്ധിയെപ്പററിയാണ്. കുഡുംബത്തിൻെറ കണ്ണുകളിൽ, അവളുടെ വിവാഹം ഒരു വലിയ പതനവും, പാതകം കൂടിയും, ആയിരുന്നു. റുമേനിയായിലെ സുന്ദരനായ ഒരു സൈനിക ഉദ്യോഗസ്ഥനെയാണ് കുഡുംബത്തിൻെറ പ്രാതികൂല്യത്തെ അവഗണിച്ചും, അവൾ വിവാഹംചെയ്തതു്. ഒരു ക്രസ്ത്യാനിയെ വിവാഹംചെയ്യരുതെന്ന് അവളുടെ കുഡുംബം വിലക്കി. അവൾ പൊട്ടിച്ചിരിച്ചുകൊണ്ടു ഇങ്ങിനെയാണ് മറുപടി പറഞ്ഞതു്. "ക്രസ്ത്യാനിയായതു് ഒരു കുററമാണെങ്കിൽ—പാവം!—അദ്ദേഹം അതു അറിഞ്ഞുകൊണ്ടു ചെയ്ത കുററമല്ല. ഞാനാണ് വലിയ കുററക്കാരി. കാരണം, ഞാൻ അദ്ദേഹത്തെ സ്നേഹിച്ചു. അതും, മനഃപൂർവ്വം! കുററക്കാരി കുററക്കാരനോടു ചേർന്നനില്ക്കട്ടേ."

അവരുടെ സംയോഗം നയനസുഭഗമെങ്കിലും, പുഴക്കുത്തുള്ള ഒരു പുഷ്പമായിരുന്നു. അവളുടെ ഭർത്താവു് മാഗ്ഡയെ അല്ല അവളുടെ ധനത്തെയാണ് മോഹിച്ചതു്. അവൾ ഒരു മുറുമുറക്കലും കൂടാതെ തൻെറ തടിച്ച മടിശ്ശീലയെ അയാളുടെ ഭോഗലോലുപതയുടെ കാൽക്കൽ കൊട്ടിക്കൊടുത്തു. എന്നിട്ടും അയാൾ അവളേയോ, അവൾക്കു വേണ്ടപ്പെട്ടവരേയോ സ്നേഹിക്കുവാൻ ഭാവിച്ചില്ല. അവരുടെ വസതിയിൽ ഉണ്ടാവാറുള്ള വമ്പിച്ച വിരുന്നുസൽക്കാരങ്ങൾക്കൊന്നും അവളുടെ ജാതികളെ ക്ഷണിക്കുവാൻ അയാൾ സമ്മതിച്ചില്ല. ഒരിക്കൽ ആയാൾ ദേഷ്യപ്പെട്ടു പറഞ്ഞു: "എൻെറ ബന്ധുക്കൾ ജൂതന്മാരാണെന്നു പറയുവാൻ എനിക്കു നാണമുണ്ടു്." സ്നേഹശൂന്യതയുടേയും കൃതഘ്നതയുടേയും ഈ പല്ലുഞെരിക്കൽ അവരുടെ ദാമ്പത്യസൂത്രത്തിൻെറ പിരി അഴച്ചു. ഏററവും സ്നേഹിക്കുന്ന സ്ത്രീയെ നിങ്ങൾ മാഗ്ഡ എന്നു വിളിച്ചുകൊള്ളു. എന്നാൽ സ്നേഹശൂന്യതക്കും കൃതഘ്നതക്കും മാപ്പുകൊടുക്കുന്ന സ്ത്രീയുടെ പേർ അതല്ല. അവൾ ഉരുളക്കു് ഉപ്പേരികൊടുത്തിട്ടുവേണം അയാളിൽനിന്നു പിരിയുവാൻ എന്നു വിചാരിച്ചു കാത്തിരുന്നു. സന്ദർഭം അടുത്തുതന്നെ ലഭിച്ചു. ഒരുദിവസം അവളുടെ ഭർത്താവിൻെറ കുഡുംബക്കാർ അവരുടെ വസതിയിൽ വന്നപ്പോൾ അവൾ വാലിയക്കാരത്തിയെ വിളിച്ചു പറഞ്ഞു:

"എൻെറ ക്രൂസ്ത്യാനിബന്ധുക്കളാണെങ്കിൽ, അവരുടെ മുഖത്തു വാതിൽ കൊട്ടി അടയ്ക്കു."

"യജമാനൻ . . . . . " അവൾ എന്തോ പറയാൻ ഭാവിച്ചു. "തടസ്ഥം പറഞ്ഞാൽ അദ്ദേഹത്തേയും പുറത്താക്കിയേക്കു."

അവൾ പകരം വീട്ടി. ഇനി അനഭിലഷണീയമായ ഈ ബന്ധത്തെ വെച്ചു നീട്ടേണ്ടുന്ന ആവശ്യമുണ്ടായിരുന്നില്ല. അവൾ അവളുടെ ഭർത്താവിനെ വിളിച്ചു പറഞ്ഞു: "നമ്മൾ ഇനി സ്നേഹിച്ചും, യോജിച്ചും കഴിയില്ല. അതുകൊണ്ടു നിങ്ങൾക്കു പോവാം."

അയാൾ ഒരു ഭീരുവായിരുന്നു. മാഗ്ഡയുടെ വാക്കുകേട്ടപ്പോൾ അയാൾക്കു വലിയ പരിഭ്രമമായി. അയാൾ ബഹുമാനിക്കുന്ന പലരും മാഗ്ഡയുടെ ബുദ്ധിസാമർത്ഥ്യത്തേയും സൌന്ദര്യവിശേഷത്തേയുംപററി പറയുന്നതു അയാൾ പലപ്പോഴും കേട്ടിട്ടുണ്ട്. ഈയിടെയായി അവളെ കുറേശ്ശ സ്നേഹിക്കുവാനും അയാൾ ശീലിച്ചുതുടങ്ങിയതായിരുന്നു. അപ്പോഴേക്കാണ് മാഗ്ഡയുടെ ഈ വാക്കുകൾ. അയാൾ വളരെ കരഞ്ഞു പറഞ്ഞു. എന്നാൽ ഒരിക്കൽ വെറുത്തവനു മാഗ്ഡ മാപ്പുകൊടുത്തില്ല. നിങ്ങൾക്കു "പോവാം."

ഒടുവിൽ ആയാൾ ഭീഷണിപ്പെടുത്തിനോക്കി. അയാൾ പട്ടാളമീശ മുറുക്കിക്കൊണ്ടു പറഞ്ഞു: "ഞാൻ നിന്നെയും കൊന്നു് ആത്മഹത്യ ചെയ്യും." അവൾ വേഗംതന്നെ ഒരു ഇരട്ടക്കുഴൽത്തോക്കു നിറച്ചു് അയാളുടെ കയ്യിൽ കൊടുത്തു്, അയാളെ പിടിച്ചുപുറത്താക്കി.

അങ്ങിനെയിരിക്കെയാണ് ഒരു ദിവസം വൈകുന്നേരം മാഗ്ഡ കറോൾ രാജകുമാരനെ ഒരു ഉദ്യാനവിരുന്നിൽവെച്ചു നടാടെ കണ്ടതു്. രാജകുമാരൻ അന്നു വിവാഹിതനായിരുന്നു. ഗ്രീസ്സിലെ ഹെലൻ രാജകുമാരിയിൽ അദ്ദേഹത്തിനു് ഒരു പുത്രനും ഉണ്ടായി. എന്നാൽ ഇനിയും അദ്ദേഹം പശുക്കളുടെ ഇടയിൽ അഴിച്ചുവിട്ട പുളപ്പെട്ടുത്ത ഒരു കൂററനെപ്പോലെയാണു പെരുമാറിയിരുന്നതു്. കറോളിൻെറ വിഷയലമ്പടത്വം കുപ്രസിദ്ധമായിരുന്നു. വിടനും ദുർബ്ബലനുമായ ആ രാജകുമാരനെ അവകാശവിഹീനനാക്കാൻ അദ്ദേഹത്തിൻെറ അമ്മയും ഉപദേശകന്മാരും അന്നേ ആലോചന തുടങ്ങിയിരുന്നു. കറോളിൻെറ സഹവാസം ഒരു അപമാനമായിട്ടാണ് അന്നു സമുദായത്തിലെ ഏതൊരു കുലീന യുവതിയും കരുതിയിരുന്നതു്. അസ്ഥിരഹൃദയനും ചിലപ്പോൾ ക്രൂരനും കൂടിയായിരുന്നു കറോൾ.

എന്നാൽ—'വിധിയെന്നൊ, 'അത്ഭുത'മെന്നൊ ഇഷ്ടംപോലെ പറഞ്ഞുകൊള്ളു. പ്രഥമദർശനത്തിൽതന്നെ മാഗ്ഡ കറോളിനെ സ്നേഹിച്ചുകഴിഞ്ഞു.

ഇതു പലപ്പോഴും കാണാറുണ്ട്. നല്ല തന്റേടവും പ്രാഗൽഭ്യവുമുള്ള സ്ത്രീകൾക്കു ദുർബ്ബലന്മാരോടു സവിശേഷമായ ഒരു പ്രതിപത്തി. മാഗ്ഡ രണ്ടുകുറി സ്നേഹിച്ചതും ദുർബ്ബലഹൃദയരെയാണ്.

അദ്ദേഹം ഒരു രാജ്യത്തിന്റെ സിംഹാസനാവകാശിയാണെന്നുള്ളതു് ഇവിടെ ഗണ്യമേ അല്ല. കറോൾ ഒരു പോലിസ്സുകാരനോ ഒരു തോണിതുഴയുന്നവനോ ആയിരുന്നാൽകൂടി മാഗ്ഡ അദ്ദേഹത്തെ ഇതുപോലെ സ്നേഹിക്കുമായിരുന്നു. മാഗ്ഡ ലൂപസ്ക്യൂവിനും അവളുടെ പ്രേമത്തിനും നടുവിൽ സമുദായധർമ്മങ്ങൾക്കും ന്യായാന്യായ വിവേചനബുദ്ധിക്കും ഇടമില്ല. ചരിത്രപ്രഖ്യാതരായ പ്രേമികളിൽ അവൾ ഒടുവിലത്തെയാണ്. അവളുടെ കാമുകൻ ഒരു കിരീടാവകാശിയായിപ്പോയി. വാസ്തവത്തിൽ, അതു മാഗ്ഡയുടെ നിർഭാഗ്യമാണ്.

കറോൾ ഒരു പേരെടുത്ത വിടനായിരുന്നു. കടൽപ്പുറത്തു കക്കകൾ വന്നു വീഴുന്നപോലെയാണ് അദ്ദേഹത്തിന്റെ മഞ്ചത്തിൽ ദൈനംദിനം സ്ത്രീകൾ കയറി ഇറങ്ങിപ്പോയിരുന്നതു്. എന്നാൽ ഇത്തവണ അത്ഭുതപൂർവ്വമായ ഒരു അനുഭവമാണ് അദ്ദേഹത്തിനുണ്ടായതു്. ഇതുവരെ സ്ത്രീകൾ അദ്ദേഹത്തിന്റെ കയ്യിൽ മെഴുകുപോലെ സ്വാധീനകളും, വ്യക്തിഹീനകളുമായിരുന്നു. ഒരു രാജകുമാരന്റെ കാമസമ്പൂർത്തിക്കു തങ്ങൾ ഉപകരണങ്ങളായതിൽ അഭിമാനിക്കുന്നവരെയാണ് അദ്ദേഹം നാളിതുവരെ രാജകുമാരികളിലും, പ്രഭുകുമാരികളിലും, നർത്തകികളിലും കണ്ടിരുന്നതു്. മാഗ്ഡ ലൂപസ്ക്യൂ പ്രഭ്വിയോ, രാജകുമാരിയോ പേർപെററ നർത്തകിയോ ആയിരുന്നില്ല. എന്നാൽ അവൾ ഒരു നൂററാണ്ടിൽ ഒരിക്കൽ മാത്രം ഉണ്ടാവുന്ന ഒരു സ്ത്രീയാണ്. പകിട്ടും പ്രതാപവും അവൾക്കു് ഉണ്ടാകുമായിരുന്നു. തന്റെ സ്ത്രീത്വത്തിൽ എന്തെന്നില്ലാത്ത അഭിമാനവും അടിയുറച്ച ആത്മവിശ്വാസവുമുള്ള അവൾ, താൻ സ്നേഹിച്ച പുരുഷനു തന്റെ സർവ്വസ്വവും കൊടുക്കുന്ന ഒരു സ്ത്രീയാണ്. അവൾ കറോളിനെ ആത്മാർത്ഥമായി സ്നേഹിച്ചു. എന്നാൽ പുരുഷൻ സ്ത്രീക്കുവേണ്ടി ബുദ്ധിമുട്ടേണ്ടതു മുഴുവൻ അദ്ദേഹം തനിക്കുവേണ്ടി ബുദ്ധിമുട്ടേണമെന്ന് അവൾക്കു നിർബ്ബന്ധമുണ്ടായിരുന്നു. ഒരു രാജകുമാരൻ നീട്ടിയ രത്നമോതിരങ്ങളിട്ട കൈകളിൽ—പ്രേമാർദ്രയെങ്കിലും—അവൾ പൊട്ടന്നനെ ചെന്നു പതിച്ചില്ല. രാജകുമാരനാകട്ടെ, മന്നോർ മന്നനാകട്ടെ, ഒരു കാമുകനിൽനിന്നു ഒരു സ്ത്രീക്കുള്ള അവകാശം മുഴുവൻ അവൾ അവകാശപ്പെട്ടു. ഒരു സാധാരണ കാമുകനെപ്പോലെ, രാജകുമാരനെ അവളുടെ പുറകെ അവൾ പായിച്ചു. താൻ അത്രവേഗം ആഗ്രഹിക്കത്തക്ക ഒരു വസ്തുവല്ലെന്ന് അന്നാണ് ആ രാജകുമാരൻ ആദ്യമായി

മനസ്സിലാക്കിയതു്. മാഗ്ഡയെ അന്നു ജീവിച്ചിരുന്ന ഏതെങ്കിലും ഒരു സ്ത്രീയോടു് ഉപമിക്കാമെങ്കിൽ അതു കറോളിന്റെ അമ്മയും റുമേനിയായിൽ മുഴുവൻ തന്റെ പ്രചണ്ഡമായ ആജ്ഞാശക്തി നടത്തിയിരുന്നവളുമായ മേറിരാജ്ഞിയോടാണു്. അവൾ അത്രയ്ക്കു തന്നിഷ്ടയും, അത്രക്കു ഗർവ്വിഷ്ഠയും, അത്രക്കു് ആത്മാഭിമാനിയുമായിരുന്നു. മററു സ്ത്രീകളെപ്പോലെ രാജകുമാരനുമായി രഹസ്യമായി യാതൊരു ഇടപാടും അവൾക്കു ഉണ്ടായിരുന്നില്ല. അവൾ സൂര്യനെപ്പോലെ ഉജ്ജ്വലയായിരുന്നു. സൂര്യരശ്മിപോലെ പരസ്യമായേ അവൾ പെരുമാറുകയുള്ളു. രാജകുമാരൻ അവളൊന്നിച്ചു ഉദ്യാനങ്ങളിലും, സദിരുകളിലും, സിനിമകൾക്കും പോയിത്തുടങ്ങി. റുമേനിയായിൽ മുഴുവൻ ഇതു പാട്ടായി. കാറോളിന്റെ വലയിലെ പുതിയ മത്സ്യമാണു് മാഗ്ഡയെന്നു ജനങ്ങൾ പറഞ്ഞു. അവളെ അറിഞ്ഞിരുന്നവർ മാഗ്ഡക്കു പററിയ ആദ്യത്തെ വിഡ്ഢിത്തമാണു് ഇതെന്നു് അഭിപ്രായപ്പെട്ടു. അവരുടെ അഭിപ്രായത്തിൽ അവൾ എന്തുകൊണ്ടും കറോളിനേക്കാൾ എത്രയോ ഉപരിസ്ഥയാണു്.

മാഗ്ഡയുടെ സഹവാസംകൊണ്ടു കാറോളും അല്പാല്പം ആത്മവിശ്വാസിയായിത്തുടങ്ങി. മാതാവിന്റേയും മന്ത്രിമാരുടേയും തള്ളവിരലുകൾ ഈയിടെയായി ആ രാജകുമാരനെ നിയന്ത്രിക്കുവാൻ അപ്രാപ്തമായിത്തുടങ്ങി. ഒരുദിവസം കറോളിന്റെ അമ്മയുടെ ഒരു സേവകപ്രഭു, പതിവുപോലെ കറോളിനെ അധിക്ഷേപിച്ചു. കറോളിന്റെ സധീരമുള്ള ഒരു മുഷ്ടിപ്രയോഗമാണു് അയാളുടെ വായ അടച്ചതു്. വാഴപ്പിണ്ടിയിൽ ഇരുമ്പുലക്ക കയറവന്നതു് ആരെന്നു് അവർക്കു മനസ്സിലായി. മേരിരാജ്ഞിയും അവരുടെ സേവകന്മാരും മാഗ്ഡയോടു കോപിച്ചു. ഒരു രാഷ്ട്രത്തിന്റെ സംഘടിതമായ സർവ്വശക്തികളും അനന്യശരണയായ ഒരു സ്ത്രീയുടെ നേരെ ഉപയോഗിക്കപ്പെട്ടു. ശാസനകൊണ്ടും, ഭീഷണികൊണ്ടും കരോൾ വീണ്ടും അവരുടെ വരുതിക്കു വിധേയനായി. എന്നാൽ അദ്ദേഹത്തിനു് അധികനാൾ മഗ്ഡയെക്കാണാതെ കഴിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം സ്വകാര്യമായി അവളെ സന്ദർശിച്ചു. അവൾ അദ്ദേഹത്തിന്റെ മുഖത്തു വാതിൽ കൊട്ടിയടച്ചു. പരസ്യമായി അവളുടെ കൈപിടിച്ചു നടക്കുവാൻ സാധിക്കാത്ത ഒരു കാമുകൻ മാഗ്ഡക്കു് ആവശ്യമില്ല. അവളുടെ ഹൃദയം അദ്ദേഹത്തിനുവേണ്ടി നീറുകയായിരുന്നു. എന്നാൽ അവളുടെ സ്ത്രീഹൃദയം അത്യന്തം പ്രൗഢമായിരുന്നു. പ്രേമവും മാനവും പ്രലോഭനങ്ങളാവുമ്പോൾ പ്രൗഢഹൃദയം മാനത്തെ വരിക്കുന്നു. മാഗ്ഡ പ്രൗഢയല്ലെങ്കിൽ, അവൾ ഞങ്ങൾ അറിയുന്ന മാഗ്ഡയല്ല.

മാഗ്ഡയെ വിട്ട കറോൾ മരുന്നില്ലാത്ത തിപ്പെട്ടിക്കോലായിരുന്നു. അദ്ദേഹം ബലഹീനനും കാര്യത്തിന്നു അപ്രാപ്തനുമാണെന്നു പറഞ്ഞു്, അമ്മയും പ്രഭുക്കളും കൂടി അദ്ദേഹത്തെ രാജ്യാവകാശിയല്ലെന്നുള്ള നിലയിലാക്കി. നിത്യരോഗിയായ അദ്ദേഹത്തിന്റെ പിതാവു മരിച്ചാൽ അദ്ദേഹത്തിന്റെ പുത്രനായ കൊച്ചുരാജ്യകുമാരനാണു രാജ്യാവകാശിയായിരിക്കുക എന്നു് അവർ പരസ്യമായി പറഞ്ഞുതുടങ്ങി. അന്തഃപുരത്തിൽപോലും അദ്ദേഹം അപമാനിതനായി. സാധാരണപട്ടാളക്കാർകൂടി അദ്ദേഹത്തെ ഉപചരിക്കുവാൻ ബുദ്ധിമുട്ടാറില്ല. തന്റെ അമ്മ, ഭാര്യ, സഹോദരന്മാർ, പ്രജകൾ—എല്ലാവരും അദ്ദേഹത്തെ വേർപിരിഞ്ഞു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടപ്പോഴാണു മാഗ്ഡയുടെ പ്രേമസമ്പൂർണ്ണമായ ഹൃദയം അദ്ദേഹത്തിനു സ്വാഗതമരുളിയതു്.

ധൈര്യത്തെപ്പററി പ്രസംഗിക്കുന്നവർ പറയട്ടെ ഇതിന്റെ പേർ എന്താണെന്നു് കറോൾ ഒരു 'പാവം', നിരുപദ്രവി. 'പാവങ്ങ'ളുടെ ജീവൻ അപഹരിക്കുവാൻ ആരും വെമ്പാറില്ല. വാസ്തവത്തിൽ കറോളിനെ ഓക്കുമ്പോൾ സാധാരണക്കാക്കു ഒരു അറപ്പും, വളരെ നല്ലവക്കു് ഒരു അനുകമ്പയുമാണു് തോന്നിയതു്. എന്നാൽ മാഗ്ഡയുടെ നേരെ ഒരു ജനതതി മുഴുവൻ കോപിച്ചുവശായി. പക്ഷെ മാഗ്ഡ തരിമ്പും കൂസിയില്ല. അവൾ നിസ്സഹായയായി, നിരായുധയായി, ബ്യൂക്കാറസ്റ്റിലെ രാജപാതകളിൽക്കൂടി ഒരു നായികയുടെ തലപ്പിടിപ്പോടുകൂടി നടന്നു. അവൾക്കു് ഉററവരും ഉടയവരും അവളുടെ രക്ഷയെ ഉദ്ദേശിച്ചു നാടുവിട്ടുപോവാൻ അവളെ ഉപദേശിച്ചു. അവൾ ഇങ്ങിനെയാണു മറുപടിപറഞ്ഞതു്:—"ഇല്ല, ഇപ്പോൾ ഞാൻ അല്ലാതെ അദ്ദേഹത്തിന്നു് ആശ്രയം ഒരു താങ്ങലില്ല."

മാഗ്ഡ കാരണമാണു് കറോൾ തന്റെ ധമ്മപത്നിയായ ഹെലൻ രാജകുമാരിയെ ഉപേക്ഷിച്ചതെന്നു പലക്കും ഒരു ധാരണയുണ്ടു്. അതു ഭീമമായ ഒരു അബദ്ധമാണു് തന്റെ അമ്മയുടെ കഠിനമായ നിർബ്ബന്ധം മൂലം കറോൾ ഹെലനെ വിവാഹം ചെയ്യുന്നേ ഉള്ളൂ. അവിടെ സ്നേഹത്തിന്നും ബഹുമാനത്തിനും സ്ഥാനം ഉണ്ടായിരുന്നില്ല. വ്യക്തിത്വമില്ലാത്ത കറോൾ വ്യക്തിവിഹീനയായ ഹെലന്റെ സന്നിധാനത്തിൽ തങ്ങളുടെ നിസ്സാരതയേയും തങ്ങളുടെ ബന്ധത്തിന്റെ ശൂന്യതയേയും സ്മരിച്ചു. മാഗ്ഡയെക്കാണുന്നതിനു എത്രയോ മുമ്പു തുടങ്ങിത്തന്നെ കറോൾ ഹെലനെ ഉപേക്ഷിച്ച മട്ടത്തിലായിരുന്നു.

കറോളിന്റെ അമ്മക്കും പ്രഭുക്കന്മാക്കും കറോളിനെ നാട്ടിൽനിന്നു

ാടിക്കണമെന്നുകൂടി മോഹമുണ്ടായിരുന്നു. അതിന്നായി അവർ ആവുന്നതും ഉത്സാഹിക്കുകയും ചെയ്തിരുന്നു. എന്നാൽ മാഗ്ഡയുടെ പ്രത്യുല്പന്നമതിത്വം തങ്ങളുടെ പരിശ്രമത്തിന്റെ മുമ്പിൽ വെലങ്ങടിച്ചു കിടക്കുന്നുവെന്ന് അവക്ക് അനുഭവപ്പെട്ടു. ഒരുദിവസം — കോപം സഹിക്കവയ്യാതായ ഒരു മുഹൂർത്തത്തിൽ— മേരിരാജ്ഞി രണ്ടു രാജദൂതന്മാരെ മാഗ്ഡയുടെ വസതിയിലേക്ക് അയച്ചു. അവൾ ഉടൻതന്നെ രാജ്യംവിട്ടോടിപ്പോയില്ലെങ്കിൽ അവളെ അപ്പോൾതന്നെ വെടിവെച്ചു ചുട്ടുകളയുമെന്നു അവർ ഭീഷണിപ്പെടുത്തി. മാഗ്ഡ അവളുടെ മാളികയിലേക്കുള്ള കോണിപ്പടിയിന്മേൽ ഒരു ചാട്ടവാറം പിടിച്ചുകൊണ്ടു ഉയർന്നുനിന്നുപറഞ്ഞു:—

“നിങ്ങളെപ്പോലെയുള്ള എച്ചിൽപ്പട്ടികൾക്കു പ്രവേശനം അടുക്കളവാതിൽക്കൂടെയാണു, പൂമുഖത്തുകൂടിയല്ല. പോവിൻ പുറത്ത്.”

ആയിടെ കരോൾ ഏതാണ്ട് എല്ലായ്പോഴും മാഗ്ഡ ഒന്നിച്ചായിരുന്നു. എന്നാൽ അവക്കു വിവാഹം ചെയ്വാൻ നിവൃത്തിയുണ്ടായിരുന്നില്ല. രാജകുമാരന്റെ ആദ്യവിവാഹം നിയമദൃഷ്ട്യാ വിമുക്തമായിരുന്നില്ല. ഒരു ദിവസം മാഗ്ഡ തുറന്നു പറഞ്ഞു:

“ഞാൻ എന്റെ ഭർത്താവിനെ സ്നേഹിക്കാതായപ്പോൾ ഞാൻ വിവാഹമോചനം ചെയ്തു. അവൾ അവളുടെ ഭർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ എന്തുകൊണ്ടു് വിവാഹ മോചനം ചെയ്യുന്നില്ല.”

‘അവൾ’—എന്നു വിളിച്ചതു റുമേനിയായിലെ രാജകുമാരിയെയാണ്. അതു രണ്ടു സ്ത്രീകൾ തമ്മിലുള്ള ഒരു വലിയ പോരായിരുന്നു— അനന്യശരണയായ ഒരു ജൂതപ്പെണ്ണും, രാജാക്കന്മാരുടെ സന്തതിയും തമ്മിൽ. അതും അയാൾ ഒരു രാജകുമാരനായിരുന്നില്ലെങ്കിൽ ഒരു സ്ത്രീപോലും രണ്ടാമതൊരു കുറി തിരിഞ്ഞുനോക്കിയതേയില്ലാത്ത ഒരുവനെച്ചൊല്ലി. “ഒരു സ്ത്രീയും”—എന്നുവെച്ചാൽ, എപ്പോഴും മാഗ്ഡായൊഴിച്ച്. ഇവിടെ ഒരു ചെറുപ്പക്കാരി ഒരു രാജാവിനോടും, രാജ്ഞിയോടും, മന്ത്രിമാരോടും, രാജ്യതന്ത്രജ്ഞന്മാരോടും, വർത്തമാനപത്രങ്ങളോടും — ഒരു വലിയ രാജ്യത്തോടു് അപ്പാടെ ഒററക്കു് പൊരുതുന്നു? എന്തിന്? ഒരു പുരുഷനെച്ചൊല്ലി. ആ പുരുഷനോ, അവളുടെ ശ്രദ്ധയെക്കൂടി തെല്ലും അർഹിക്കാത്തവൻ. “ഇതെന്തത്ഭുതം, ഇതെന്തു ഭ്രാന്ത്!” നിങ്ങൾ ചോദിക്കാം. അതെ ഭ്രാന്തുതന്നെ, അത്ഭുതംതന്നെ. ഞങ്ങൾ സമ്മതിക്കുന്നു. എന്തെന്നാൽ വമ്പിച്ച പ്രേമകഥകൾ എപ്പോഴും ഒരത്ഭുതവും ഭ്രാന്തുമാണ്. അങ്ങിനെ അല്ലെങ്കിൽ അവ വമ്പിച്ച പ്രേമകഥയേയല്ല.

മാഗ്ഡയുടെ കുഡുംബക്കാർ, വേണ്ടപ്പെട്ടവർ, പലരും രാജകുമാ

രനെ ഉപേക്ഷിക്കുവാൻ അവളോട്ട് അപേക്ഷിച്ചു. എന്നാൽ അവൾ കൂട്ടാക്കിയില്ല. "ഞാൻ ഇപ്പോൾ സ്നേഹിക്കുന്ന അത്ര അദ്ദേഹത്തെ സ്നേഹിച്ചിരുന്നില്ലെങ്കിൽ തന്നെ ഞാൻ അദ്ദേഹത്തെ ഉപേക്ഷിക്കില്ല. എന്തെന്നാൽ, ഞാൻ മാത്രമാണ് ഇന്ന് അദ്ദേഹത്തിന്ന് അവശേഷിച്ചിട്ടുള്ള ബന്ധു."

എന്നാൽ മെഴുക് കൊണ്ടുള്ള കോട്ട പീരങ്കി ഉണ്ടകൾ തടുക്കില്ലെന്ന് മാഗ്ഡ വേഗം മനസ്സിലാക്കി. ദുസ്സാമർത്ഥ്യക്കാരിയായ അമ്മയുടേയും സേവന്മാരുടേയും ഉപദേശങ്ങളും ശാസനകളും സഹിക്കവയ്യാതായപ്പോൾ, ഒരു നാശം പിടിച്ച മുഹൂർത്തത്തിൽ, തനിക്കു രാജ്യം വേണ്ടെന്നും താൻ സമ്മതത്തോടെ രാജ്യഭ്രഷ്ടൻ ആയിക്കൊള്ളാമെന്നും ആ ദുർബ്ബലനായ രാജകുമാരൻ എഴുതിക്കൊടുത്തു. ഇതു കേട്ടപ്പോൾ വാസ്തവത്തിൽ മാഗ്ഡക്ക് നിരാശതന്നെയുണ്ടായി. രാജ്യഭ്രഷ്ടനും ദരിദ്രനുമായ ഒരു രാജകുമാരനെ മററുള്ളവരെപ്പോലെ അവളും ഇനി തീരെ ഉപേക്ഷിക്കുമെന്ന് എല്ലാവരും വിശ്വസിച്ചു. എന്നാൽ അവർ ഇനിയും മാഗ്ഡയെ മനസ്സിലാക്കിയില്ല. അവൾ ദരിദ്രനും ദീനനുമായ രാജകുമാരനൊന്നിച്ച് പാരിസ്സിലേക്കു പോയി. കാരണം, അവളുടെ ഭാഷയിൽ തന്നെ പറയാം: "അദ്ദേഹം നിങ്ങളുടെ രാജാവല്ലെങ്കിൽ, എന്റെ പുരുഷനാണ്."

വാസ്തവത്തിൽ വമ്പിച്ച ഒരു ത്യാഗമായിരുന്നു അവളുടേത്. അവൾ ചെറുപ്പമാകുകയല്ലായിരുന്നു. മാഗ്ഡ സ്വതവെ ഒരു സുന്ദരിയായിരുന്നില്ല. ഈ ഇടക്കാലത്തെ കലാപവും പരിശ്രമവും അവളുടെ മുഖത്തു ചുളിവും തലയിൽ നരയും കയററിത്തുടങ്ങി. അവളുടെ കണ്ണുകളിൽ മാത്രമേ പണ്ടത്തെ ആ ജ്യോതിസ്സുണ്ടായിരുന്നുള്ളു. ഫലശൂന്യമായ മുന്തിരിവള്ളിയിൽനിന്നു അകന്നു പോകുന്ന മലയണ്ണാനും തന്റെ വിടാഗ്രേസരനായ ഭർത്താവിനും തമ്മിലുള്ള സാദൃശ്യം അവൾ എല്ലാവരേക്കാൾ കൂടുതൽ അറിഞ്ഞിരുന്നു. തന്റേടമുള്ള ഒരു സ്ത്രീയായതുകൊണ്ട് അവൾ വയ്യാത്ത മോഹങ്ങളൊന്നും മോഹിച്ചില്ല. അവൾ അറിഞ്ഞുകൊണ്ടു ത്യാഗംചെയ്തു. എന്നാൽ അതു സ്നേഹിച്ചിരുന്നിടത്തായിരുന്നു. അതുകൊണ്ടാണ് അവൾ അന്നും സംതൃപ്തയായിരുന്നത്. രാജകുമാരന്റെ പാരിസ്സിലുള്ള ധൂർത്തടിച്ച ജീവിതം അവരെ വലിയ കടക്കാരാക്കി. അവളുടെ അച്ഛൻ അവൾക്ക് അപ്പപ്പോൾ പണമയച്ചുകൊടുത്തു. കറോൾ ഇല്ലായിരുന്നെങ്കിൽ മാഗ്ഡ ഇന്നു റുമേനിയായിലെ എണ്ണപ്പെട്ട ഒരു കുഡുംബത്തിലെ പ്രൗഢനായികയായി പരിലസിച്ചേനേ. മാഗ്ഡയില്ലെങ്കിൽ കറോൾ പാരീസ്സിലെ ഒരു കടക്കാരന്റേയോ കള്ളുകുടിയന്റേയോ തടവുമുറിയിൽ കിടന്നു ദ്രവിക്കുമായിരുന്നു.

എന്നാൽ മാഗ്ഡയുടെ ജീവിതം അത്ര ഒതുങ്ങിയ മട്ടിൽ അവസാനിക്കുവാനല്ല ഉണ്ടായിട്ടുള്ളതു്. റമേനിയായിൽ അന്നു് വലിയൊരു പരിവൎത്തനമായിരുന്നു നടന്നിരുന്നതു്. കരോൾ രാജകുമാരന്റെ അച്ഛൻ തീപ്പെട്ടു. രാജ്യാവകാശം റിജൻറിന്റെ നിലയിൽ തികച്ചും മേരിരാജ്ഞിയുടെ കയ്യിലായി. അത്യാഗ്രഹിയും നീചയുമായ ആ സ്ത്രീ അധികാരത്തിൽ വന്നാൽ അവരുടെ സേവന്മാരുടെ വരുതിക്കു് തങ്ങൾ വിധേയരാകേണ്ടിവരുമെന്നു ജനങ്ങൾ മനസ്സിലാക്കി. തന്നിഷ്ടക്കാരിയും നീചഹൃദയയുമായ ഒരു സ്ത്രീയേക്കാൾ, അല്പം ദുൎബ്ബലനെങ്കിലും, ഒരു പുരുഷൻ തങ്ങളെ ഭരിച്ചാൽ മതി എന്നു് ജനങ്ങളിൽ ഒരു വിഭാഗത്തിനു് അഭിപ്രായം ഉണ്ടായി. രാജ്യഭ്രഷ്ടനായ കരോളിനെ തിരിച്ചു വിളിക്കുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ ഒരു ബുദ്ധിമുട്ടു നേരിട്ടു. അദ്ദേഹത്തിന്റെ വെപ്പാട്ടിയായ ആ ജൂതപ്പെണ്ണിനെ രാജ്ഞിയാക്കുവാൻ അവരുടെ നിയമമാകട്ടെ, ഐതിഹ്യമാകട്ടെ മനസ്സാകട്ടെ സമ്മതിച്ചില്ല. മാഗ്ഡയും കരോളും തമ്മിലുള്ള ചേൎച്ച കേവലം അങ്ങാടിയിൽ കിട്ടുന്ന പശകൊണ്ടു് ഒട്ടിപ്പാൻ കഴിയുന്നതല്ലെന്നു് അവർ ഈയിടെയായി മനസ്സിലാക്കുകയും ചെയ്തിരുന്നു. എങ്കിലും പരീക്ഷണാൎത്ഥം അവർ പാരിസ്സിൽ ചെന്നു് രാജകുമാരനെക്കണ്ടു. കരോൾ അവരെ ആട്ടി പുറത്താക്കുകയാണുണ്ടായതു്. എന്നാൽ കരോളിനേക്കാൾ അയാളെ കൂടുതൽ സ്നേഹിച്ചിരുന്ന ഒരു മൂൎത്തിയുണ്ടായിരുന്നു. ചെമ്പിച്ച തലമുടിയുള്ള അത്യാഗ്രഹക്കാരിയായ ആ ജൂതപ്പെണ്ണിന്റെ പേർ ഇതായിരുന്നു. മാഗ്ഡ ലൂപ്പെസ്കൂ.

അവൾ കരോളിനുവേണ്ടി രാജ്യതന്ത്രജ്ഞന്മാരോടും അവൎക്കുവേണ്ടി കരോളിനോടും വാദിച്ചു. കരോളിന്നു് അവളുടെ ആവൎത്തിച്ചാവൎത്തിച്ചുള്ള ഉപദേശങ്ങൾ കേട്ടു ദേഷ്യം വന്നു് ഒരിക്കൽ ഉറക്കെ പറഞ്ഞു: ഒരു രാജാവു് ഒരു പെണ്ണിനെ കല്യാണം കഴിക്കാറില്ല." അവൾ ഉദ്ധതയായോടെ മറുപടി പറഞ്ഞു: "ഇവിടെ ആരും ആവശ്യപ്പെട്ടില്ലല്ലോ അതിനു്."

പറഞ്ഞുപറഞ്ഞു് അവൾ ഒരുവിധം രാജകുമാരനേയും അദ്ദേഹത്തിന്റെ പ്രജകളേയും തമ്മിൽ കുറെ അടുപ്പിച്ചു. റമേനിയായിൽ ഇതിനെതിരായി വമ്പിച്ച പ്രചാരണവേലകൾ നടന്നിരുന്നു. കരോളിന്റെ അമ്മയും മാഗ്ഡയും തമ്മിലുള്ള ആ പോരു് വജ്രവും വജ്രവും തമ്മിലുള്ള പോരുപോലെ തീപ്പൊരി പാറിച്ചു. സ്നേഹവും വെറുപ്പും തമ്മിലുള്ള ആ യുദ്ധത്തിന്റെ അവസാനം ജയിച്ചതു സ്നേഹമായിരുന്നു.

പാരിസ്സിലുള്ള കരോളിന്റേയും മാഗ്ഡയുടേയും സകല പ്രവൃ

ത്തികളും സ്വകാര്യപ്പൊല്ലീസ്സ് സൂക്ഷിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം മാഗ്ഡ ഫലിതം പറയുകയുണ്ടായി: "ഞാൻ ഇവിടെ തീപ്പെട്ടിഉരച്ചാൽ മതി, ആ ശബ്ദം റമേനിയായിൽ കേൾക്കാം." എന്നാൽ അവൾ ഈ പോലിസ്സുകാരുടെ കണ്ണു മാച്ച് ഒരു ദിവസം കറോളിനോടുകൂടി സ്വിററ് സർലണ്ടിൽ അഭയം പ്രാപിച്ചു. അവളുടെ അഭയസ്ഥാനം അത്യ ഉററ ബന്ധുക്കൾക്കൊഴികെ എല്ലാവക്കും അജ്ഞാതമായിരുന്നു. അവിടെ ഇരുന്ന് അവൾ മേരിരാജ്ഞിയോടും റമേനിയൻ ഗവമ്മേണ്ടിനോടും പൊരുതി. അവളുടെ നയത്തിൻേറയും ദൃഢനിശ്ചയത്തിൻേറയും മുമ്പിൽ മേരിയുടെ അത്യാശകൾ ഒന്നൊന്നായി അടന്നുവീണു. കാരോൾ റമേനിയായിലേയ്ക്കു മടങ്ങിവരുമൊ എന്നു മേരിക്കുകൂടി സംശയം തുടങ്ങി.

കരോളിനു രാജ്യത്തിൽ അതിയായ ആശ ഉണ്ടായിക്കഴിഞ്ഞു എന്നു കണ്ടപ്പോൾ അദ്ദേഹത്തിൻെറ കൂററുകാർ അവരുടെ സഹായത്തിനു വലിയവില കല്പിച്ചുതുടങ്ങി. അദ്ദേഹം രണ്ടു കരാറുകൾക്കു വഴിപ്പെടണമെന്ന് അവർ ശഠിച്ചു. ഒന്ന് അദ്ദേഹം മാഗ്ഡയെ കാണുവാൻ പാടില്ല. രണ്ട് അദ്ദേഹം ഹെലൻ രാജകുമാരിയുമായി സൌഹാർദ്ദത്തിൽ വത്തിക്കണം. ഈ കരാറുകൾക്കു വഴിപ്പെടുവാൻ കരോളിനു മടിയുണ്ടായിരുന്നു. മാഗ്ഡയാണ് അദ്ദേഹത്തിനെ അതിനു വഴിപ്പെടുത്തിയത്.

പക്ഷേ കരാറുകൾ മുഴുവൻ അവൾ അറിഞ്ഞിരുന്നില്ല. അവയിൽ ഒന്നു കരോൾ വിട്ടുപോകുന്ന ആ ക്ലിപ്തസമയത്തെപ്പററിയായിരുന്നു. ആ അവസാനമുഹൂർത്തത്തിൽ ചെയ്യുതിക്കുവാനായി അവൾ പലതും ആശിക്കുകയും ആലോചിച്ചുവയ്ക്കുകയും ചെയ്യിരുന്നു. എന്നാൽ ഏററവും ശക്തരായ സ്ത്രീയുടേയും പുരുഷൻേറയും ആശകളും ആലോചനകളും പലപ്പോഴും വന്ധ്യമാകുന്നു.

ഒരു ദിവസം പ്രാതൽ കഴിഞ്ഞു കരോൾ പുറത്തിറങ്ങി. പൊട്ടന്നനെ പടിക്കൽ ഒരു കാറിൻെറ ശബ്ദം കേട്ടു. മാഗ്ഡ തിരിഞ്ഞുനോക്കിയപ്പോൾ ഓടുന്ന കാറിൻെറ ജനലിൽകൂടി കരോൾ തുവാലകൊണ്ടു യാത്രപറയുന്നതാണ് അവൾ കണ്ടതു്. അദ്ദേഹം സിംഹാസനത്തിന്മേലേയ്ക്കുള്ള യാത്രയാണ്.

അതു വല്ലാത്ത ഒരു അടിയായിരുന്നു മാഗ്ഡയ്ക്കു്. അവളുടെ ശത്രുക്കളുടെ പൃഥരത്തെയും ഭീഷിണിയേയും അവൾക്കു വിലയുണ്ടായിരുന്നില്ല. എന്നാൽ ആരെച്ചൊല്ലി താൻ ഇത്ര സ്നേഹിച്ചുവോ, ഇത്രയും വിശ്വസിച്ചുവോ ഇത്രയും ത്യജിച്ചുവോ, ആ പുരുഷൻെറ ഈ കൃതഘ്നത, ഈ വിശ്വാസമില്ലായ്മ, ഈ സ്നേഹശൂന്യത അവളെ തരിപ്പിച്ചു, വിറ

ങ്ങലിപ്പിച്ചു. അവളുടെ കണ്ണിൽ അന്നാണു് ഒരു കണ്ണീർകണം പൊടിഞ്ഞതു്.

പൂവിരിച്ചതായിരുന്നു കരോളിന്റെ സിംഹാസനത്തിന്മേലേക്കുള്ള വഴി. അദ്ദേഹത്തിന്റെ അമ്മയും ദുഷ്പ്രഭുക്കളും രാജ്യത്തിൽ നിന്നോടിപ്പോയി. ജനങ്ങൾ അദ്ദേഹത്തെ അത്യാദരത്തോടും അത്യുത്സാഹത്തോടുംകൂടി സ്വാഗതം ചെയ്തു. ഉടനെത്തന്നെ അദ്ദേഹം ഹെലൻ രാജകുമാരിയെ തിരിയെ സ്വീകരിച്ചു് മാതൃകാരാജാവാകുമെന്നു് അവർ ആശിച്ചു.

കരോൾ ഒരു വിഡ്ഢിയായിരുന്നു. എന്നാൽ ആ വിഡ്ഢിക്കുകൂടി മനസ്സിലായി മാഗ്ഡയുടെ നഷ്ടം. തന്റെ ഉടമ്പടിക്കു വിരോധമായു് അദ്ദേഹം അവൾക്കു സ്വകാര്യമായി ആളെ അയച്ചു. മാഗ്ഡ പഴയ ചാട്ടവാറാണു് അവനു് കാട്ടിക്കൊടുത്തതു്. കരോളിന്റെ ദൂതന്മാർ എത്താതിരിക്കത്തക്കവണ്ണം അവൾ ജർമ്മനിയിലേക്കു മാറിത്താമസിച്ചു. കരോളിന്റെ ഒരു ദൂതൻ അവളെ അവിടേയും പിൻതുടന്നു. അവൾ അവനേയും ആട്ടിപ്പാഞ്ഞയച്ചു. കരോൾ അവളുടെ സഹോദരന്മാരെക്കൊണ്ടും അദ്ദേഹത്തിന്നുവേണ്ടി അവളോടു വാദിപ്പിച്ചു. അവൾ അവരുടെ എല്ലാവരുടെ അപേക്ഷകളേയും കാററത്തെറിഞ്ഞു.

റമേനിയായിലെ പ്രധാനമന്ത്രി—കരോളിനെ തിരികെ കൊണ്ടുവരുവാൻ വളരെ ഉപകരിച്ച ആ ദേഹം—ഇതിന്നു വിരോധിച്ചു. രാജാവിന്റെ വാഗ്ദത്തത്തെപ്പററിയും അതു ലംഘിച്ചാൽ ഉള്ള ഭവിഷ്യത്തിനെപ്പററിയും അയാൾ പ്രസംഗിച്ചു. കരോൾ ആ മന്ത്രിസഭ പിരിച്ചുവിടുകയാണു ചെയ്തതു്.

ഒടുവിൽ കരോൾ സിംഹാസനം ഉപേക്ഷിച്ചു് അവളുടെ പിന്നാലെ ഓടിച്ചെല്ലും എന്നദിക്കായി. അത്രയും ആയപ്പോൾ മാഗ്ഡ ആലോചിച്ചു. മാപ്പുകൊടുക്കുകയല്ലാ. അവൾ അദ്ദേഹത്തെ സ്നേഹിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ ഭാവിയെപ്പററി ആലോചിച്ചു. ഒടുവിൽ റമേനിയായിലേക്കു് പോരുവാൻതന്നെ അവൾ പുറപ്പെട്ടു. താൻ വെട്ടിപ്പിടിച്ച നാട്ടിലേക്കു തന്റെ സൈന്യങ്ങളുടെ മുന്നണിയിൽനിന്നു വരുന്ന ഒരു ചക്രവത്തിനിയുടെ വിജയഗർവ്വോടുകൂടെയാണു് അവൾ ബുക്കാറെസ്റ്റിൽ കടന്നതു്. ലോകം മുഴുവൻ ഒരു സ്ത്രീയുടെ ഗർവ്വ് കണ്ടു് മരവിച്ചുനിന്നുപോയി! റമേനിയായിലെ പുരാതനമായ സിംഹാസനം കിടന്നാടിപ്പോയി! എന്നാൽ മാഗ്ഡയ്ക്കു് ഇതൊക്കെ നിസ്സാരമായിരുന്നു—അവൾ കരോളിനെ—അദ്ദേഹം ഏകാകിയായി അവളെ കാത്തുനില്ക്കുകയായിരുന്നു—അദ്ദേഹത്തിന്റെ പിതാക്കന്മാരുടെ കോവിലകത്തു ചെന്നു് ഉറച്ച ഉച്ചസ്വരത്തിൽ ഭത്സിച്ചു. ചാട്ടവാറുകൊണ്ടു

അടിക്കുന്നപോലെയുള്ള അവളുടെ വാക്കുകളുടെ മുമ്പിൽ അനേക നൂററാണ്ട് ആയുസ്സു ചെന്ന ആ കോവിലകത്തെ പ്രഭുത്വമുള്ള ഭിത്തികൾ അവയുടെ അസ്ഥിവാരംവരെ വിറകൊണ്ടു. ഒരു ജുതപ്പെണ്ണിൻെറ മുമ്പിൽ അമ്പതുലക്ഷം ജനങ്ങളുടെ രാജാവു് മാപ്പിന്നായി അപേക്ഷിച്ചു, കരഞ്ഞു. പക്ഷെ നിഷ്ഫലമായി. അവളുടെ സർവ്വഞരമ്പുകളെക്കൊണ്ടും അവൾ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. ആ ഞരമ്പുകൾകൂടി മരവിച്ചു് പോകുമാറ് അത്ര ക്രൂരമായ, ആത്മഘാതിയായ, കൃതഘ്നതയ്ക്കു് അവൾ അപ്പോഴും മാപ്പുകൊടുത്തില്ല. അനേകകാലമായി അവൾക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മന്ത്രിമാരേയും പ്രഭുക്കന്മാരേയും അവൾ സ്ഥാനഭ്രഷ്ടരാക്കി. ഒരു രാജ്ഞിയെപ്പോലെ അവൾ എതിരില്ലാത്ത അടികൾ വെച്ചുകൊണ്ട് അവിടന്നു പാരീസ്സിലേയ്ക്കു പോകുകയും ചെയ്തു.

കരോൾ വീണ്ടും അവളുടെ അടുക്കലേയ്ക്കു രാജദൂതന്മാരെ—പ്രഭുക്കന്മാരെക്കൂടി—അയച്ചു. പാരീസ്സിലെ തെരുവീഥികളിൽ കൂടി ചെമ്പൻ തലമുടിയുള്ള ഒരു ജൂതപ്പെണ്ണിൻെറ പിന്നാലെ രമേനിയായിലെ പുരാതന കുഡുംബങ്ങളിലെ പ്രഭുക്കന്മാർ ഓച്ഛാനിച്ചു നില്ക്കുന്നതു കണ്ടു ലോകം വാപൊളിച്ചു നിന്നുപോയി! ഒടുവിൽ അവൾ വീണ്ടും രമേനിയായിലേക്കു ചെന്നു. അവൾക്കു രഹസ്യമുണ്ടായിരുന്നില്ല; ഭയമുണ്ടായിരുന്നില്ല. എന്നാൽ അവൾ ഇന്നും കരോളിന്നു പൂർണ്ണമായി മാപ്പു കൊടുത്തിട്ടില്ല. രാജാവാകട്ടെ, അല്ലാതിരിക്കട്ടെ താൻ സ്നേഹിച്ചവൻ തന്നെ ചതിച്ചു. അവൾ അതു് ഇന്നും ഓർക്കുന്നുണ്ട്. ഇന്നും അവൾ ഇടക്കിടയ്ക്കു് രമേനിയായിൽ വന്നും പോയും ഇരിക്കുന്നു. കറോൾ ഹെലനെ രണ്ടാമതും സ്വീകരിക്കണമെന്നൊ സ്വീകരിക്കുനുവെന്നൊ ഉള്ള വർത്തമാനം പ്രചാരത്തിൽ വരുന്ന മുഹൂർത്തത്തിൽ അവൾ ബുക്കാറെസ്റ്റ് വിട്ടു. കറോളിൻെറ കുഡുംബകാര്യങ്ങളിലൊ രാജ്യകാര്യങ്ങളിലൊ അദ്ദേഹത്തിൻേറയൊ പ്രജകളുടേയൊ ഇഷ്ടത്തിനു വിരോധമായി തൻെറ സ്വാധീനശക്തികൊണ്ടു യാതൊന്നും സാധിക്കണമെന്നു് അവൾ ഇന്നു് ആശിക്കുന്നില്ല. ഒരിക്കൽ അവളുടെ ഇഷ്ടപ്രകാരം അവൾ മന്ത്രിമാരേയും പ്രഭുക്കന്മാരേയും സ്ഥാനഭ്രഷ്ടരാക്കിയെങ്കിൽ, അതു് ആത്മാഭിമാനിയായ ഒരു സ്ത്രീയുടെ ആലോചിച്ചു് ഉറച്ചുള്ള ഒരു പകവീട്ടൽ മാത്രമായിരുന്നു. തൻെറ ബന്ധുക്കൾക്കുവേണ്ടിയൊ സ്നേഹിതന്മാർക്കുവേണ്ടിയൊ രാജാവിൻെറ മേലുള്ള് അവളുടെ സ്വാധീനശക്തിയെ അവൾ ഒരുവിധത്തിലും വ്യഭിചരിപ്പിച്ചിട്ടില്ല. ഒരു പുരുഷൻ എന്ന നിലയ്ക്കല്ലാതെ ഒരു രാജാവു് എന്ന നിലയ്ക്കു് അവൾ ഒരിക്കലും കറോളിനെ സ്നേഹിച്ചിട്ടില്ല. ഒരു പുരുഷൻേറതല്ലാതെ, ഒരു

രാജാവിൻെറതായ യാതൊരുവക സമ്മാനമൊ, ത്യാഗമൊ അവൾ അദ്ദേഹത്തിൽനിന്ന് ഒരിക്കലും ആവശ്യപ്പെട്ടിട്ടുമില്ല. രുമാനിയായിലെ പൊതുജനങ്ങൾ മാഗ്ഡയെ ശപിക്കാറുണ്ടായിരിക്കും. എന്നാൽ ഒരു കാര്യം അവർ ഇന്നു മനസ്സിലാക്കിക്കഴിഞ്ഞു. അവരുടെ രാജാവ് ഇന്നു യൂറോപ്പിലെ ഒന്നാമത്തെ വിഡ്ഢനല്ല. വാസ്തവത്തിൽ അവൎക്ക് ഇന്നു മാഗ്ഡയോട്ട് ഇതിനു നന്ദിയുണ്ടാവേണ്ടതാണ്.

ഇന്നു മാഗ്ഡ അവളുടെ അവശേഷിച്ച സൌന്ദര്യത്തെ രക്ഷിക്കുവാൻ ഒട്ടുംതന്നെ ബുദ്ധിമുട്ടാറില്ല. മുഖസൌന്ദര്യത്തേയും കവിഞ്ഞു അഭേദ്യമായ, ഒരു ശക്തികൊണ്ടാണു താൻ ഇന്നു കറോളിനെ ഭരിക്കുന്നതു് എന്നു് അവൾക്കു നല്ല ധൈര്യമുണ്ട്. അലക്ഷ്യയായും, അശ്രദ്ധയായും വസ്ത്രം ധരിച്ച്, പാരിസ്സിലെ തെരുവീഥികളിൽക്കൂടി നടക്കുന്ന മദ്ധ്യവയസ്കയും അസുന്ദരിയും ആയ ഈ സ്ത്രീയാണു യൂറോപ്പിലെ ഒരു പുരാതന സിംഹാസനത്തെ ഇട്ട് ഊഞ്ഞാലാട്ടിയതെന്നു വിശ്വസിക്കുവാൻ സാധിക്കുകയില്ല. വലിയ വലിയ പ്രഭുക്കന്മാരും മന്ത്രിമാരും ഇന്നു് അവരുടെ വസതികളിലേയ്ക്കും വിരുന്നുകളിലേയ്ക്കും അവളെ സാദരം ക്ഷണിക്കാറുണ്ട്. ഒരു കാലത്തു് അവരുടെ ഭീഷണികളേയും പുഛത്തേയും അവൾ വിലവെച്ചിരുന്നില്ല. ഇപ്പോഴത്തെ അവരുടെ ക്ഷണനത്തെ അവൾ അതേ അന്തസ്സോടുകൂടി ഉപേക്ഷിക്കയാണു ചെയ്യാറ്. ക്ഷുദ്രയായ ഒരു ജൂതസ്ത്രീയെന്നേ അവളെ നേരിൽക്കണ്ടാൽ ആരും വിചാരിക്കയുള്ളു. എന്നാൽ അവൾ നിങ്ങളുടെ മുഖത്തു നോക്കി സംസാരിക്കുമ്പോൾ അവളുടെ ചുണ്ടുകളുടെ പ്രൌഢമായ ആ ചലനത്തിൽ, കണ്ണുകളുടെ തുളഞ്ഞു കയറുന്ന ആ തിളക്കത്തിൽ ചക്രവൎത്തിനികളുടേതായ ചിലതുണ്ടെന്നു നിങ്ങൾക്കു മനസ്സിലാവും. കട്ടപിടിച്ചു കിടക്കുന്ന രാജ്യതന്ത്രങ്ങളെപ്പററിയുള്ള അവളുടെ അറിവു രാജ്യതന്ത്രവിശാരദന്മാരെ അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്. ലോകത്തിൽ ബഹുമാനിച്ചുവരുന്ന ഏതൊരു തത്വത്തെക്കുറിച്ചും, പുതിയതായ ഏതൊരു പ്രസ്ഥാനത്തെക്കുറിച്ചും അവൾക്കു സ്വതന്ത്രവും ബുദ്ധിപൂൎവ്വവുമായ ചില അഭിപ്രായങ്ങളുണ്ട്. അവൾക്ക് ആളുകളെ അറിയാം. അവൾക്കു ലോകം അറിയാം. അവളുടെ കൈകൾ തൊട്ടിൽ ആട്ടിയിട്ടില്ല; എന്നാൽ, അവ ഒരു സിംഹാസനത്തെ ഇട്ട് ആട്ടുകയും ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇങ്ങിനെയൊക്കെയായിരുന്നാലും, ദുരന്തമായ ഒരു കഥയാണു മാഗ്ഡയുടേതു്. കറോളിൻെറ ഒന്നാമത്തെ വെപ്പാട്ടി—ഇതിൽക്കൂടുതൽ ഒരു സ്ഥാനം അവൾക്കു ലഭ്യമല്ല. അവൾക്കുവേണ്ടി അവളുടെ കുഡുംബത്തിൻെറ മടിശ്ശീലകൂടി ശോഷിപ്പിക്കപ്പെട്ടു. അല്പം ചില പണ്ടങ്ങളെ

കഴിച്ചാൽ, മാഗ്ഡ ഇന്നു് ഒരു ദരിദ്രയാണ്. അവിദൂരമായ ഒരു ഭാവിയിൽ വിവാഹം ചെയ്യുവാൻ കഠോരം നിർബ്ബന്ധിതയാവും. പിന്നീട്ട് അവളുടെ സ്ഥിതി എന്തെന്നു് അവരം നല്ലപോലെ അറിയാം. മറെറന്തു തന്നെയായാലും, മാഗ്ഡ ഒരിക്കലും ഒരു വിഡ്ഢിയല്ല. കഴിഞ്ഞുപോയതിനെക്കുറിച്ച് അവരം ഒരിക്കലും പശ്ചാത്തപിച്ചിട്ടില്ല; വരാൻ പോകുന്നതിനെ അവരം ഒരിക്കലും പേടിക്കുന്നുമില്ല. കരുത്തിരുണ്ട ഭാവിയെ ഒരു നായികയെപ്പോലെ അവരം സധീരം മുഖത്തോടു മുഖം നോക്കും. അവളുടെ ജീവിതത്തിൽ ഓമ്മിക്കത്തക്ക ഒരു സംഭവം ഉണ്ടായിട്ടുണ്ട്. അവരംക്കു് അതു മതി. ഒരു പന്തിരാണ്ടു് കഴിഞ്ഞു്, ഒരു വഷ്ക്കാലത്തു സന്ധ്യയ്ക്കു ചുക്കിച്ചുളിഞ്ഞു്, നനഞ്ഞൊലിച്ചു പോകുന്ന അവളെ നോക്കി പാരിസ്സിലെ വിഡ്ഢികളായ ജനങ്ങരം ചൂണ്ടിക്കാട്ടും—"ഇതാ ഒരു രാജാവിൻെറ കരിപിടിച്ച വെപ്പാട്ടി!" അന്നു ജനങ്ങരം അവളെ മറക്കും. എന്നാൽ അവളുടെ ഉജ്വലങ്ങളായ സ്മരണകളിൽ മാഗ്ഡ അന്നും യൌവനത്തിൻെറ വീറോടുകൂടി ജീവിക്കും—അവളുടെ പെരപ്പത്തിൽ അവരം എങ്ങിനെ ജനങ്ങളെക്കൊണ്ടും രാജ്ഞിമാരെക്കൊണ്ടും തുല്യ പറയിപ്പിച്ചു എന്നു തുടങ്ങിയ തീപ്പൊരിചിതറുന്ന ആ സ്മരണകളിൽ!

ഈയിടെ ഒരു ദിവസം അവളെ മേരിരാജ്ഞിയുടെ സേവകനായ ഒരു പ്രഭു ഒന്നു പേടിപ്പെടുത്തി.

"മാഗ്ഡ! നിന്നെ റുമേനിയായിലെ ജനങ്ങരം ഒന്നൊഴിയാതെ മുഴുവൻ വെറുക്കുന്നു!"

അവരം കുറച്ചുനേരം ആലോചിച്ചുനിന്നതിനുശേഷം വളരെ ഗൌരവത്തോടുകൂടി ചോദിച്ചു.

"അപ്പോരം, മോൺഷ്യേർ, നിങ്ങളുടെ ഈ റുമേനിയായിൽ എത്ര ജനങ്ങളുണ്ടു്?"

"പതിനെട്ടുകോടി?" ആവാവുന്നത്ര വായ തുറന്നു, കണ്ണുകരം തുറിപ്പിച്ചുകൊണ്ടാണു് അയാരം പറഞ്ഞതു്.

"ഛരി! അത്രയേഉള്ളു!" അവളുടെ ചുണ്ടു പുഛരകട്ടതയോടുകൂടി ഒന്നു മടങ്ങി.

മാഗ്ഡയുടെ ആദ്യഭത്താവു് ഇന്നും ജീവിച്ചിരിക്കുന്നുണ്ടു്. അയാളെ അവരം അതിൽ പിന്നെ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും അയാളുടെ യോഗക്ഷേമങ്ങരം അന്വേഷിക്കുന്നതിലും, അയാളുടെ സുഖസൌകര്യങ്ങളെ സഹായിക്കുന്നതിലും അവരം ഇന്നും ബദ്ധശ്രദ്ധയാണു്. താൻ അയാളെ ഒരിക്കൽ ഇന്നും സ്മരിക്കുന്നുണ്ടു്. എന്നാൽ അയാളുടെ കൃതഘ്ന

ത്തെയും അവൾ മാപ്പുകൊടുത്തിട്ടില്ല. കൃതഘ്നനായതുകൊണ്ടു താൻ സ്നേഹി ക്കുന്ന ഒരു രാജാവിനുകൂടി അവൾ മാപ്പുകൊടുത്തിട്ടില്ല. വിശ്വാസ ത്തിനും, കൃതജ്ഞതയ്ക്കും വേണ്ടി അവൾ ഒരു സ്ത്രീക്കു ചെയ്യാവുന്ന ത്യാഗ ങ്ങൾ മുഴുവൻചെയ്തു. വിശ്വാസവഞ്ചനയ്ക്കും കൃതഘ്നതയ്ക്കും അവൾ ഒരി ക്കലും മാപ്പു കൊടുക്കില്ല.

കാലത്തിന്റെ കൊടുങ്കാററിനേയും, സംഭവങ്ങളുടെ ഭൂമികുലുക്ക ങ്ങളേയും അതിജീവിച്ച്, അവളുടെ ആത്മവിശ്വാസം ഇന്നും അടിയുറച്ച താണ്. കരോൾ സുന്ദരിയും യൌവനയുക്തയുമായ ഒരു രാജകുമാരിയെ വിവാഹം ചെയ്യാൻ ഉറച്ച വർത്തമാനം ഈയിടെ ഒരു സ്നേഹിത അവ ളോടു പറകയുണ്ടായി. ആത്മാഭിമാനിയായ ആ സ്ത്രീ സഹജമായ അഹ ങ്കാരത്തോടുകൂടി ഇങ്ങിനെയാണ മറുപടി പറഞ്ഞത്.

"എനിക്ക് ഒരു അറുപതു വയസ്സു പ്രായവും, ഇന്നത്തേക്കാൾ ഒരു ഇരട്ടി തടിയും, ലോകത്തിലെ ഏററവും വികൃതയായ സ്ത്രീയുടേതിനേ ക്കാൾ നൂറിരട്ടി ചുക്കിച്ചുളിഞ്ഞ മുഖവും ഉണ്ടായാൽക്കൂടി, എനിക്ക് അധൈര്യമില്ല, എനിക്ക് അതു് ആവശ്യമെന്നു തോന്നിയാൽ, കരോൾ ഇന്നും എന്നെ സ്നേഹിക്കും. എന്നാൽ"—അല്പം നിർത്തി, അല്പം താഴ്ന്ന ഒരു സ്വരത്തിൽ തന്നോടു തന്നെയെന്നപോലെ അവൾ ചോദിച്ചു— "വാസ്തവത്തിൽ, എനിക്ക് അതു് ഇനി ആവശ്യമുണ്ടോ?"

ഒരു മാത്രയ്ക്കുശേഷം അവൾ തുടന്നു പറഞ്ഞു: "എന്നു തന്നെ യല്ല എനിക്ക് ഇനി എന്തുതന്നെ സംഭവിക്കാനാണ്! ഞാൻ എന്റെ ജീവിതം തികച്ചും ജീവിച്ചു. അതു് അത്ര വളരെ മിനുസമായ, സുഖപ്ര ദമായ, ഒരു ജീവിതമായിരിക്കയില്ല. എങ്കിലും, അതു തികച്ചും എന്റേ തായിരുന്നു. ഗുണത്തിനാവട്ടെ, ദോഷത്തിനാവട്ടെ—എന്റെ ഇഷ്ടം പോലെ ഞാൻ ജീവിച്ചു. ഒരു കാര്യത്തെക്കുറിച്ചു നിങ്ങളുടെ ലോകം ഇന്നു നല്ലപോലെ അറിയുന്നു—ഞാൻ കരോളിനെ സ്നേഹിക്കുന്നുണ്ട്. അദ്ദേഹം ഒരു ക്ഷൌരക്കാരനൊ ഒരു വെട്ടുവഴി തുന്നുകാരനൊ ആയിരു ന്നെങ്കിൽക്കൂടി ഞാൻ ഇത്രയും സ്നേഹിക്കുകയും ചെയ്യും."

നിങ്ങളുടെ അണിനിരന്നു നില്ക്കുന്ന ഒരു ലക്ഷം നായികമാരെ ചൂണ്ടിക്കാട്ടി ഞങ്ങൾ പറയുന്നു:—"ഒരു മാഗ്ഡയുണ്ടെങ്കിൽ മുന്നോട്ടു വരട്ടെ!"

# വധൂഭിക്ഷ.

[സി. അച്യുതക്കുറുപ്പ്.]

വൈകുന്നേരമായാൽ ഭാസ്കരമേനോൻ തപാലാപ്പീസ്സിലേയ്ക്കു പോവും; അപ്പോഴാണ് അദ്ദിക്കിലേയ്ക്കുള്ള തപാൽ വരാറ്. വല്ല വിവാഹാലോചനക്കത്തുകളും ഉണ്ടായേയ്ക്കാമെന്ന പ്രതിക്ഷയാണ് അയാളെ ദിവസേന ഇതിന്നു പ്രേരിപ്പിച്ചത്. രണ്ടാഴ്ചകൾക്കു മുമ്പ് ഒന്നുരണ്ടു വിവാഹാലോചനക്കാർ അയാളുടെ അടുക്കൽ വരികയുണ്ടായിട്ടുണ്ട്. എന്നാൽ ഭാസ്കരമേനോൻ മനുഷ്യസാധാരണമായ ഒരശ്രദ്ധ നടിച്ച് അവരെ അന്നു തിരിച്ചയയ്ക്കുകയാണുണ്ടായത്. എങ്കിലും, മര്യാദയ്ക്കു വേണ്ടി, പിന്നീട് ഇതിനെക്കുറിച്ച് എഴുതിക്കൊള്ളാമെന്നു പറഞ്ഞു അവർ പിരിഞ്ഞു.

ഈ വാഗ്ദാനം അയാൾ മറന്നിട്ടില്ല. ഈ ഓർമ്മയാണ് അയാളെ ദിവസംപ്രതി വൈകുന്നേരം തപാലാപ്പീസ്സിലേയ്ക്കാകർഷിച്ചത്. സായന്തനസഞ്ചാരവും ഇതോടുകൂടി കഴിയുമല്ലോ എന്ന വിചാരം അയാളെക്കൊണ്ട് ഇതു മുട്ടാതെ നടത്തിച്ചുപോന്നു.

ആദ്യമൊക്കെ തപാൽശിപായി, ഒരു ബഹുമാനം കലർന്ന രീതിയിൽ, അയാളുടെ മേൽവിലാസത്തിൽ വല്ല കത്തുമുണ്ടോ എന്നു നോക്കി, 'ഇല്ലെ'ന്നു മറുപടി കൊടുത്തു. നിത്യവും ഈ 'മനുഷ്യൻ' ഇങ്ങിനെ വന്നു ബുദ്ധിമുട്ടിയ്ക്കൽ തുടങ്ങിയപ്പോൾ, ശിപായിയ്ക്കു ഒരു ധൈര്യം കയറി; അയാൾ നോക്കാതെതന്നെ 'ഇല്ലെ'ന്നു മറുപടി കൊടുത്തു. ഇടവിടാതെ തപാലാപ്പീസ്സിൽനിന്ന് ഇങ്ങിനെ വെറും കയ്യോടെ മടങ്ങുന്നതു മററുള്ളവർ കണ്ടാലോ എന്നായി ഭാസ്കരമേനോന്നു വിചാരം. എന്നല്ല, അയാൾക്കു ആ തപാൽശിപായിയോടും തപാൽ മാസ്റ്ററോടും—എന്നു വേണ്ട, അവിടെക്കാണുന്ന എല്ലാററിനോടും—എന്തെന്നില്ലാത്ത ഒരു ദേഷ്യം തോന്നി. അയാളുടെ മട്ടു കണ്ടാൽ, അയാൾക്കു വരുന്ന കത്തുകളെല്ലാം അവർ ഒളിച്ചുവെച്ചിരിയ്ക്കുകയാണെന്നു തോന്നും.

ഏതായാലും, തപാലാപ്പീസ്സിലേയ്ക്കുള്ള ഈ പോക്ക് അയാൾ വേണ്ടെന്നുവെച്ചു; ആ വിവാഹാലോചനകൾ ഇനി പൊടിച്ചുവരികയുണ്ടാവില്ലെന്നും അയാൾ തീരുമാനിച്ചു. ഇനി പത്രത്തിനെ ശരണം പ്രാപിയ്ക്കുകയേ ഗതിയുള്ളു. പൊതുജനങ്ങൾക്കു വിവാഹപ്പരസ്യങ്ങൾ കാട്ടിക്കൊടുക്കുന്നതിൽ ഏററവുമധികം സാമർത്ഥ്യം “Indian Mirror’—ന്നാണെന്ന് അയാൾ കേട്ടിട്ടുണ്ട്. ഉടനെത്തന്നെ കാരണവരെച്ചെന്നു കണ്ടു പത്രം വരുത്താനുള്ള സമ്മതം വാങ്ങി. പത്രം വരുത്തി വായി

ച്ചാൽ ഇംഗ്ലീഷു വളരെ വേഗത്തിൽ നന്നാവുമെന്നും, പിന്നെ, ഉദ്യോഗ ങ്ങടം കഴിവുള്ളതറിവാൻ വൎത്തമാനക്കടലാസ്സുപോലെ എളുപ്പമുള്ള വഴി വേറെയില്ലെന്നും മററം പറഞ്ഞപ്പോഠം ആ സാധുകാരണവർ അതി ന്നൊക്കെ സമ്മതം മൂളി.

ആയുസ്സാലത്തിൽ ഒരിസ്സലും ഉണ്ടായിട്ടില്ലാത്ത പത്രം വായനയും അയാഠംക്ക് ആരംഭിക്കേണ്ടിവന്നു. പത്രം വായിക്കാറുണ്ടെന്നു പറയാൻ പാടുണ്ടോ ആവോ! ഒരുവേള, പത്രം അയാളെ നോക്കിവായിക്കുകയായി രിക്കും പതിവു്.

ഭാസ്കരമേനോൻ ഇൻറർ മിഡിയററ് ക്ലാസ്സുവരെ വായിച്ചിട്ടുള്ള ഒരു ചെറുപ്പക്കാരനാണു്. വീട്ടിൽ നല്ല സ്ഥിതിയല്ലാത്തുകൊണ്ടു്, കഷ്ടപ്പെ ടാതെ കഴിഞ്ഞുകൂടാമെന്നു് അയാഠം കണ്ടു. പക്ഷേ, കാരണവൎക്കാകട്ടെ, ഭാസ്കരനുവേണ്ടി ചെലവാക്കിയ പണമെങ്കിലും തിരിയേ കിട്ടിയാൽ കൊള്ളാമെന്നുണ്ടു്. അതുകൊണ്ടു്, ഭാസ്കരമേനോൻെറ ഈ ചുററിത്തിരി ച്ചിൽ കണ്ടിട്ടു കാരണവർ ഇടയ്ക്കൊക്കെ തെല്ലൊന്നു പിറുപിറക്കാറില്ലെ ന്നില്ല; അത്തരം സമയങ്ങളിലെല്ലാം, കാരണവരെ സമാധാനിപ്പിക്കാൻ വേണ്ടി മാത്രം, ഇയ്യാഠം വല്ല ജോലിക്കും ശ്രമിക്കാറുമുണ്ടു്. എന്നാൽ, മനുഷ്യൻെറ പ്രാൎത്ഥനക്കെല്ലാം, ആത്മാൎത്ഥമായ പ്രാൎത്ഥനക്കെല്ലാം, വല്ല ശക്തിയുമുണ്ടെങ്കിൽ, അയാഠംക്കു് ഒരു കാലത്തും ജോലികിട്ടാൻ പാടില്ല.

ഇൻറർമിഡിയററുവരെ വായിച്ചുവെന്നു പറയുവാൻ വാസ്തവ ത്തിൽ അയാഠംക്കുകൂടി കുറച്ചു ലജ്ജ തോന്നാറുണ്ടു്. അയാഠം എങ്ങിനെ ഈ ക്ലാസ്സിൽ എത്തിച്ചേൎന്നു എന്നു ഈശ്വരനുകൂടി അറിവുണ്ടാവില്ല. അയാളെക്കൊണ്ടു പൊറുതിമുട്ടി ഓരോ ക്ലാസ്സുമുറിയും പുറത്തേക്കു് വിട്ടി രുന്ന ഒട്ടുവിപ്പുകളാവണം അയാളെ, മേലേക്ലാസ്സുകളിലേക്കു് ഉയൎത്തി വിട്ടിരുന്നതു്. വിദ്യാൎത്ഥിയായിരുന്ന കാലത്തു് ഒരു പഠിക്കുന്ന 'മിടുക്കൻ കുട്ടി' എന്ന ബിരുദിനെക്കാളധികം, സഹപാഠികളിലെല്ലാം ഒരു തരം ആജ്ഞാശക്തി നടത്തി, അധ്യാപകന്മാരോടെല്ലാം കയൎത്തുനിന്നു കിട്ടി യേക്കാവുന്ന ആ 'തെമ്മാടി' എന്ന ബിരുദമായിരുന്നു അയാഠംക്കിഷ്ടം. കുറച്ചുകാലം സ്കൂഠംപഠിപ്പു് അയാഠംക്കൊരു രസം തോന്നിച്ചിരുന്നു; എന്നാൽ, കാലപ്പഴക്കവും യൌവനത്തിൻെറ ചാപല്യവും കൂടി ആ രസ ത്തെയും അയാളുടെ പക്കൽനിന്നു തട്ടിപ്പറിച്ചു. പഠിപ്പുനിൎത്തുകയാണു നല്ലതെന്നു് അയാഠം കാരണവരെ പറഞ്ഞു മിരട്ടി. പണച്ചെലവിൻെറ കാൎയ്യമാലോചിച്ചപ്പോഠം, കാരണവനു വല്ല വിസമ്മതവുമുണ്ടായിരുന്നെ ങ്കിൽ അതെല്ലാം ആ ആലോചനയിൽ ആണ്ടുപോയി.

അങ്ങിനെ, തികച്ചും കടിഞ്ഞാൺപിട്ടത്തം വിട്ടു സ്വാതന്ത്ര്യ ത്തിലേക്കുതന്നെയാണു് ഭാസ്കരമേനോൻ സവാരി പുറപ്പെട്ടിരിക്കുന്നതു്.

പക്ഷെ, സ്വാതന്ത്ര്യത്തിന്നു വിഘ്നം വന്നേയ്ക്കുമെന്നു ഭയപ്പെട്ടിട്ടല്ല അയാൾ ഉദ്യോഗത്തിന്ന് ഉൾക്കൊണ്ടു ശ്രമിയ്ക്കാത്തതു്. ജോലി കിട്ടിയാൽ അതെങ്ങിനെയാണ് ശരിയ്ക്കുകൊണ്ടു നടക്കേണ്ടതെന്ന് അയാൾക്കറിഞ്ഞുകൂട. ഇന്നത്തെ സ്ഥിതിയ്ക്കു്, സാമാന്യം നല്ല ഒരുദ്യോഗം കിട്ടണമെങ്കിൽ, ഇംഗ്ലീഷു കുറെ അറിഞ്ഞിരിയ്ക്കണം താനും. ഇൻററർമീഡിയററവരെ വായിച്ചുവെങ്കിലും, ഭാഷയുടെ ശാരീരികവിഭാഗങ്ങളെല്ലാം അറിഞ്ഞിരിയ്ക്കേണ്ടുന്ന സ്ഥിതിയിൽ എത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിലും, ഒരൊററ വാചകം പോലും കാലൊടിയാത്തതോ, കൈമുറിയാത്തതോ, എന്നു വേണ്ട, കുറച്ചെങ്കിലും അംഗവൈകല്യം കൂടാത്തതായി അയാൾ പുറത്തുവിടാറില്ല. ഇംഗ്ലീഷുവാചകങ്ങളുടെ ഒരു ധർമ്മാശുപത്രി എന്ന് അയാൾക്കൊരോമനപ്പേരിട്ടുന്നപക്ഷം, അയാളുടെ ഇംഗ്ലീഷുഭാഷാഭിജ്ഞതയെ നാം വേണ്ടതിലധികം താലോലിച്ചു കഴിഞ്ഞു.

ഇങ്ങിനെയൊക്കെയാണെങ്കിലും, ജോലിയ്ക്കു വേണ്ടവിധം ശ്രമിയ്ക്കാത്തതു് ഇതുകൊണ്ടാണെന്ന് അയാൾ നടിയ്ക്കാറില്ല. അവിടെ അയാൾ സർവ്വപ്രധാനമായ സ്വാതന്ത്ര്യത്തെത്തന്നെ മുൻനിത്തും. "വീട്ടിൽ നല്ലപോലെ കഴിഞ്ഞുകൂടാനുള്ള ഒരാൾ മറെറാരാളുടെ കീഴിൽ നിന്നു കാലം കഴിയ്ക്കരുതു്; മനുഷ്യന്ന് ഏററവും മുഖ്യമായതു സ്വാതന്ത്ര്യമാണ്"—ഇതു്, എന്തുകൊണ്ടാണ് ഉദ്യോഗമൊന്നും അന്വേഷിയ്ക്കാത്തതെന്നു തന്നോടു ചോദിയ്ക്കുന്ന ഓരോരുത്തനും അയാൾ സഗർവ്വം സമ്മാനിയ്ക്കും. ഇതും അയാൾക്ക് അധികം പ്രാവശ്യം ഉരുവിടേണ്ടി വന്നിട്ടില്ല. ഒരു കോളേജ് വിദ്യാർത്ഥി ഒരു നാട്ടിൽ എടുത്തു വരാവുന്ന എല്ലാത്തരം ഗൌരവങ്ങളോടുംകൂടി, ഓറപ്പെട്ട അയാൾ നടക്കും. അതിനാൽ, ഭാസ്കരമേനോൻെറ ഭാഗ്യമെന്നു പറയട്ടെ, ചുരുക്കം പേരേ അയാളുടെ കള്ളി മനസ്സിലാക്കിയിട്ടുള്ളൂ.

സ്കൂൾ ഫൈനൽപരീക്ഷ പാസ്സായാൽപിന്നെ ഒരു ചെറുപ്പക്കാരന്നു വിവാഹാലോചനകൾ കിട്ടുവാൻ ഞെരുക്കമില്ലെന്ന് അയാൾ എങ്ങിനെയോ ധരിച്ചുവെച്ചിട്ടുണ്ട്. ഒരു മികച്ച തറവാട്ടിൽ ജനിയ്ക്കുക, കോളേജു വിദ്യാഭ്യാസനം ഒന്നു സ്വാദുനോക്കുകയെങ്കിലും ചെയ്യുക,—ഇതു രണ്ടുമാണ് ഒരു നല്ല പെൺകുട്ടിയുമായുള്ള വിവാഹബന്ധം വിളക്കുവാൻ, അയാളുടെ അഭിപ്രായത്തിൽ, ഏററവും നല്ല പശപ്പൊടികൾ. വങ്കത്തത്തിൻെറതായ ഇത്തരം ചില അബദ്ധപ്രപഞ്ചങ്ങൾ യൌവനത്തിൻെറ അവ്യവസ്ഥിതത്വവുമായി കണ്ടുമുട്ടുക എന്നതു ദയനീയമാണ്! ഇതിൽനിന്നുണ്ടായ ഒരു പ്രതിപ്രവർത്തനമാണു ഭാസ്കരമേനോൻെറ പഠിപ്പുനിർത്തൽ.

എല്ലാ അതിർത്തിവരമ്പുകളും പോയി, അപാരതമാത്രം അതിർത്തിവരമ്പായി ശേഷിക്കുന്ന യൌവനദശയിൽ, ജീവിതഘട്ടങ്ങളെ ഓരോന്നായെടുത്തനുഭവിക്കുന്നതിന്നു പകരം എല്ലാംകൂടി ഒന്നായെടുത്തു വിഴുങ്ങുവാൻ വെമ്പൽകൊള്ളുന്ന ആ ആർത്തിപിടിച്ച ജീവിതഘട്ടത്തിൽ, അതേ, ആ ദുർഗ്രഹമായ ആപന്മുഹൂർത്തത്തിൽ ജനിക്കാത്ത കൌതുകങ്ങളില്ല, നേരിടാത്ത വിഘ്നങ്ങളില്ല. അതു മണിമച്ചിനെക്കാളധികം ശവക്കല്ലറയെ പടുത്തുണ്ടാക്കുന്നു.

പത്രം വരുത്തിത്തുടങ്ങിയപ്പോൾ, പഴയ മാലിന്യമെല്ലാം തുടച്ചുകളഞ്ഞ ഒരു കൃതാർത്ഥതയോടും ഒരു തികഞ്ഞ അവകാശഭാവത്തോടുംകൂടി അയാൾ തപാലാപ്പീസ്സിലേയ്ക്കു പോയിത്തുടങ്ങി. അയാൾ പോകുമ്പോൾ, "ഇനി നിങ്ങളൊക്കെ എന്തുചെയ്യും?" എന്നു ഓരോരുത്തരോടും ചോദിക്കുന്നുണ്ടെന്നുതോന്നും. പക്ഷെ പത്രം വരുത്തിത്തുടങ്ങി നാലഞ്ചുനാളായിട്ടും പരസ്യമൊന്നും കണ്ടെത്താഞ്ഞപ്പോൾ, പണ്ടത്തെ ആ നീരസം ഒരു രാക്ഷസശരീരമെടുത്തു അയാളിൽ കടന്നുകൂടി. തന്റെ ഈ ഒടുവിലത്തെ യത്നവും പാഴായിപ്പോയല്ലോ എന്ന വിചാരം അയാളെ തിരെ അസ്വാസ്ഥനാക്കി. ഇതിലിടയ്ക്ക്, പത്രമില്ലാത്ത ഒരു ദിവസം വന്നു. ആ ദിവസം അയാളെ പൂർവ്വാധികം കുഴക്കി. തന്റെ ആശയെ നിറവേററാൻ യാതൊരു യത്നവും ചെയ്യാൻ വയ്യാത്ത ഒരു ദിവസം മുമ്പിലൂടെയങ്ങു കടന്നുപോവുക! വൈകുന്നേരമായാൽ എന്തുചെയ്യും? തന്റെ ജീവിതത്തിന്റെ ഒരു വലിയ ഭാഗമായ തപാലാപ്പീസ്സ് അന്നില്ല! ഉച്ചയ്ക്ക് ഊണുകഴിഞ്ഞ ഉടനെ അയാൾ അകത്തുചെന്നു വാതിലും ജനാലയും കൊട്ടിയടച്ചു കിടപ്പായി. അന്നത്തെ സായാഹ്നം തന്നെ ആക്രമിക്കാതിരിക്കാൻ ഈയൊരുപായമേ അയാൾക്കു പിടികിട്ടിയുള്ളു.

പിറേറ ദിവസം അയാൾ കുറച്ചു നേരത്തേതന്നെ തപാലാപ്പീസ്സിലേയ്ക്കു പുറപ്പെട്ടു. പഴയപടി മടങ്ങി.

അയാൾക്കു് ഏതാണ്ടു ഭ്രാന്തുപിടിച്ചു. ഇനിമുതൽക്കു തപാൽശിപായി ഇങ്ങോട്ടു കൊണ്ടുവന്നു തരുമ്പോൾമാത്രം മതി പത്രം നോക്കുക എന്നയാൾ തീരുമാനിച്ചു. പക്ഷെ, പിറേറന്നാളും, ആ സമയം വന്നപ്പോൾ അയാൾക്കു് ഇരിക്കപ്പൊറുതിയില്ലാതായി. അയാൾ അവിടെച്ചെന്നു പതിവുപോലെ നിരുന്മേഷനായി പത്രം കൈനീട്ടി വാങ്ങി. അയാളെ നാടുകടത്താനുള്ള ഒരു രാജകീയകല്പനയാണു്. അയാൾ കൈപ്പററുന്നതെന്നു കാണികൾ തെററിദ്ധരിച്ചേയ്ക്കാം.

അയാൾ പത്രം മേടിച്ചു പൊളിച്ചു അതിൽ ആകെയൊന്നു കണ്ണുനടത്തി. പെട്ടെന്നു്, അയാളുടെ കണ്ണുകൾ കടലാസ്സിലെവിടെയോ കുററിതറയ്ക്കപ്പെട്ടു. അയാളുടെ അലസങ്ങളായ നേത്രങ്ങൾ അവിടെ

എന്തിനെന്നില്ലാതെ ഇഴഞ്ഞു. ഒരക്ഷരത്തിൽനിന്നു മററ അക്ഷരത്തിലേയ്ക്കു നിരങ്ങുംതോറും അയാളുടെ കണ്ണുകൾക്കു ജീവൻവെച്ചു.

അയാൾ കണ്ട പരസ്യം താഴേ കാണും പ്രകാരം തർജ്ജമചെയ്യപ്പെടാവുന്നതാണ്:—

"വൈവാഹികം."

"നവീനവിദ്യാസമ്പന്നനും നല്ലൊരു തറവാടിയുമായ ഒരു നായർയുവാവിനെ ആവശ്യമുണ്ട്. ആൾ സുശീലനെന്നപോലെ സുഭഗനും കുലീനനെന്നപോലെ കുബേരനുമായിരിയ്ക്കേണ്ടതാണ്.

"അപേക്ഷിയ്ക്കേണ്ടും മേൽവിലാസം.

"ശ്രീമാൻ കെ. കൃഷ്ണൻനായർ,

C/o. The Indian Mirror.

"പോസ്റ്റ് രാമപുരം."

അയാൾക്ക് ഒട്ടാകെ ഒരുത്സാഹം കയറി, മനഃപാഠമാക്കാനായിരിയ്ക്കാം, കൂടെക്കൂടെ അതു വായിച്ചുംകൊണ്ടാണ് അയാൾ വീട്ടിലെയ്ക്കു മടങ്ങിയതു്.

അടുത്ത ദിവസം അയാൾ, കാരണവരോട് ഒരു ജോലിയന്വേഷിയ്ക്കാനാണെന്നു പറഞ്ഞു, തലേന്നാളത്തെ മേൽവിലാസക്കാരനെ അന്വേഷിച്ചു പുറപ്പെട്ടു. അയാൾ ആ പത്രമാപ്പീസ്സിൽ ചെന്നുകയറി. ഉമ്മാത്ത് ഒരാൾ നിന്നിരുന്നു. അയാളോടു ചോദിച്ചു: "കൃഷ്ണൻനായരുണ്ടോ ഇവിടെ?"

"എന്താണ് വേണ്ടതു്? ഞാൻതന്നെയാണ് ആ ആൾ."

"ഞാൻ നിങ്ങളെ കാണാനാണു വന്നതു്."

"നിങ്ങൾ എവിടെനിന്നു വരുന്നു? എന്നെക്കണ്ടിട്ടു വിശേഷിച്ചാവശ്യം?"

ഭാസ്കരമേനോൻ അങ്ങോട്ടുമിങ്ങോട്ടും ഒന്നു നോക്കി, ഒടുവിൽ ആ മുക്കിലെങ്ങാനോ കിടന്നിരുന്ന ഒരു കടലാസ്സുകെട്ടിൽ ബലമായി കണ്ണൂന്നിപ്പിച്ചുനിർത്തി പറഞ്ഞു:

"Indian Mirror-ൽ— ആ വഴിയ്ക്കു വന്നതാണ്."

കൃഷ്ണൻനായർ:—"ഓഹോ, ശരി! നമുക്കു പുറത്തെയ്ക്കിറങ്ങാം; ഇവിടെ തിരക്കാണ്."

അവർ അവിടം വിട്ടു. രണ്ടുപേരും അന്യോന്യം എന്തോ നോക്കിക്കൊണ്ടു നടന്നു.

കുറച്ചു കഴിഞ്ഞപ്പോൾ കൃഷ്ണൻനായർ ഇങ്ങിനെ മൌനം ഭഞ്ജിച്ചു: "നിങ്ങൾ ഏതുവരെ വായിച്ചിട്ടുണ്ടു?"

"ഇൻറർമിഡിയാററവരെ."

"പിന്നെ നിർത്തി, അല്ലേ?"

"അതേ!"

"ഉദ്യോഗം വല്ലതുമുണ്ടോ?"

"അതു വേണ്ടാത്തതുകൊണ്ടാണ് പഠിപ്പുനിർത്തിയതു്."

"വീട്ടുപേര്?"

"കുഴിയേടത്തു്"

"കാഹോ? അങ്ങിനെയാണോ? ഞാൻ കേട്ടിട്ടുണ്ടു്."

"നിങ്ങൾക്കു പ്രസ്സിൽ വല്ല ജോലിയുമുണ്ടോ?"

"ഉണ്ടു്. അവിടെ ഒരു ക്ലാർക്കാണ്."

ഈ സംഭാഷണം അവരെ ഇന്നലത്തെ പരസ്യത്തിന്നു കാരണമായ വീട്ടിൻെറ മുററത്തെത്തിച്ചു. കൃഷ്ണൻനായർ ഇങ്ങിനെ മന്ത്രിച്ചു. "കുട്ടിയെ കണ്ടു പോകാം."

ഭാസ്കരമേനോൻ ഇതു സമ്മതിയ്ക്കുകയല്ല ഉണ്ടായതു്, ഇതിനെ എടുത്തു വിഴുങ്ങി എന്നുവേണം പറയാൻ.

അങ്ങിനെ അവർ ഇറയത്തേയ്ക്കു ചെന്നു കയറി. അവിടെ, കാൽ നീട്ടിക്കൊണ്ടു്, കയ്യിൽ ഒരു രുദ്രാക്ഷമാലയും തെരുപ്പിടിച്ചു്, വായിൽ ഈശ്വരനാമങ്ങളെ ഇട്ടു ചവച്ചു്, എൺപതിൽക്കുറയാതെ പ്രായം ചെന്ന ഒരു തള്ള, ജീവിതത്തേക്കാളധികം മരണത്തെ തെളിയിച്ചുകാട്ടുന്ന ചില ചലനവിശേഷങ്ങളോടു കൂടി ഇരുന്നിരുന്നു. അവർ അങ്ങോട്ടു കയറിച്ചെല്ലുന്നതു കണ്ടു് ആ മുത്തശ്ശി, "ഇരിയ്ക്കു, കൃഷ്ണൻനായരെ" എന്നു പറഞ്ഞു താനിട്ടിരുന്നിരുന്ന പുൽപ്പായ അവൎക്കു നിവർത്തിയിട്ടുകൊടുത്തു. "വിശേഷിച്ചൊന്നുമില്ലല്ലോ? കൂടെ ആരാണ്?" എന്ന കുശലപ്രശ്നത്തോടുകൂടി മുത്തശ്ശി മുൻജോലിയിൽത്തന്നെ പ്രവേശിച്ചു.

കൃഷ്ണൻനായർ:—"രാമപ്പണിയ്ക്കരെവിടെ?"

മുത്തശ്ശി:—"ഇന്നലെപ്പോയതാണ് ഇവിടന്നു്. എവിടെയ്ക്കേ പോയതാവോ! അകത്തു ചോദിച്ചാലറിയാം."

കൃഷ്ണൻനായർ:—"ഇപ്പോൾ വരാം" എന്നു പറഞ്ഞു് എഴുന്നേററു് അകത്തേയ്ക്കു പോയി.

മുത്തശ്ശി:—"മുറുക്കാനുണ്ടോ? കൃഷ്ണൻനായരേ, പോരുമ്പോൾ ചെല്ലവും കൊണ്ടുപോരു."

അകത്തേയ്ക്കുപോയ കൃഷ്ണൻനായർ അവിടെച്ചെന്നു് എന്തോ ചിലതു മന്ത്രിച്ചതിന്നുശേഷം വീണ്ടും പുറത്തേയ്ക്കുവന്നു; ഭാസ്കരമേനോ

നെയും കൂട്ടിക്കൊണ്ടു തെക്കിനിയിലേയ്ക്കു കടന്നു. കൂടെ മുത്തശ്ശിയും കടന്നു കൂടി.

തെക്കിനിയിൽ ഇരുട്ടും നിഴലും കൂടി ഇഴഞ്ഞു കളിയ്ക്കുന്നതു കണ്ടാൽ, മാമൂൽസ്സർപ്പങ്ങൾ അങ്ങിങ്ങു കിടന്നുഴയ്ക്കുകയാണെന്നു തോന്നും. അകത്തെ ഈ 'പോരാട്ടം' കണ്ടിട്ട് ഉള്ളിലേയ്ക്കു പ്രവേശിയ്ക്കാൻ ധൈര്യമില്ലാതെ ഭയന്ന്, അമ്പരന്നുകൊണ്ട്, പുരയുടെ പുറം വെളിച്ചം സ്തംഭിച്ചുനില്ക്കുകയാണെന്നു തോന്നും. അകത്തും ആ മങ്ങിയ വെളിച്ചത്തിൽ പുറത്തേയ്ക്കുപോകാനുള്ള വഴികാണാഞ്ഞിട്ടാവാം, ദുസ്സഹമായ ഒരു ദുർഗ്ഗന്ധം അവിടെയെങ്ങും തപ്പി നടന്നിരുന്നു. അവിടത്തെ ആ പരിഷ്കൃതമായ വായുമണ്ഡലം ഭാസ്കരമേനോനെ വീർപ്പുമുട്ടിച്ചു. മററു വല്ല കാര്യത്തിന്നുമാണു പോന്നിരുന്നതെങ്കിൽ അയാൾ ഇതിന്നെത്രയോ മുമ്പ് ആ വീട്ടുവിട്ടോടിപ്പോകുമായിരുന്നു. അയാളുടെ കണ്ണുകൾ ഓരോ ചുമരിന്മേലും ചെന്നു മുട്ടി അകത്തു കടക്കാൻ വയ്യാതെ പിന്മടങ്ങി. അയാൾ ഈശ്വരനെ ശപിച്ചു.

കൃഷ്ണൻനായരാകട്ടേ, ഇതിന്നുമുമ്പു വളരെത്തവണ വായിച്ചിട്ടുള്ളതാണെങ്കിലും, ഐതിഹ്യങ്ങളുടെ ഒരു സമുച്ചയഗ്രന്ഥമായ ആ മുത്തശ്ശിയിൽത്തന്നെ ലയിച്ചുകൊണ്ടിരുന്നു.

ഈ സമയത്തു രണ്ടുപേർ അഞ്ചാംപുരയിൽനിന്നു തെക്കിനിയിലേയ്ക്കു കടന്നു. സക്സ്സ്മാനേജരാൽ കളിസ്ഥലത്തേയ്ക്കു നയിയ്ക്കപ്പെടുന്ന രണ്ട് അഴിച്ചുവിട്ട മൃഗങ്ങളുടെ അനുസരണശീലത്തോടെ അവർ മുകളിലേയ്ക്കു നടന്നു. ചുമർവിട്ടുപോയാൽ ഏതോ ഒരഗാധതയിലേയ്ക്കു വീണെങ്കിലോ എന്നുള്ള ഭയപ്പാടോടുകൂടി, ചുമരിനോടു പററിപ്പിടിച്ചാണ് അവർ നടന്നിരുന്നത്.

മുമ്പിൽ നടന്നിരുന്ന സ്ത്രീ തികഞ്ഞ യൌവനത്തെ പ്രാപിച്ചിരുന്നു. ഒരിടത്തും ഒരിത്തിരിയും സ്ഥലംകൊടുക്കാതെ ബാല്യത്തെ അമ്പേൽപിച്ചുപായിച്ച യൌവനത്തിന്റെ ഒരു തികഞ്ഞ അഹംഭാവം തോന്നും ആ ശരീരംകണ്ടാൽ. സൌന്ദര്യം ആ ശരീരത്തെ അതിന്നാകാവുന്നേടത്തോളം പ്രസ്പഷ്ടമായ രീതിയിൽ പ്രകാശിപ്പിച്ചിരുന്നുതാനും. കണ്ണിൽനിന്നു മറയുന്നതുവരെ ഭാസ്കരമേനോൻ ആ സ്ത്രീയെ ഇമവെട്ടാതെ നോക്കിക്കൊണ്ടുനിന്നു. തന്റെ വരവു തികച്ചും സഫലമായെന്ന് അയാൾ ഉള്ളിലുറച്ചു. ഇരുളടഞ്ഞ ആ വീട് പെട്ടെന്ന് ഒരു വൈകുണ്ഠപ്രഭ വീശിനിന്നു.

ആദ്യത്തെ സ്ത്രീയുടെ പിന്നാലെ, ഇരുനിറത്തിൽ, പതിമൂന്നു വയസ്സു പ്രായമായിട്ടുള്ള ഒരു പെൺകുട്ടികൂടി ഉണ്ടായിരുന്നു. മറേറ സ്ത്രീയ്ക്കു കണ്ണ് പററാതിരിയ്ക്കാൻവേണ്ടിച്ചെയ്യു ഒരു മുൻകരുതലായിരുന്നു ആ

ബാലികയെന്നു പറഞ്ഞാൽ, അത്ര വലിയ ഒരതിശയോക്തിയാവില്ല. ഇന്ന സമയത്തു് എത്തിച്ചേൎന്നുകൊള്ളാമെന്നു വാക്കുകൊടുത്തിരുന്ന യൌവനം തക്കസമയത്തു ചെല്ലാഞ്ഞതുകൊണ്ടു മുഷിഞ്ഞമ്പിയ ഒരു ബാല്യത്തിന്റെ അധികാരവാഴ്ച ആ പെൺകുട്ടിയുടെ ശരീരത്തിലെങ്ങും കാണാമായിരുന്നു. അതുവരെ അമൃതിൽമുങ്ങിക്കിടന്നിരുന്ന തന്റെ കണ്ണുകളെ ഈ ചളിവെള്ളത്തിൽ മുക്കേണ്ടിവന്നതിലുണ്ടായ ഒരറപ്പു ഭാസ്കരമേനോന്റെ മുഖത്തു വ്യാപിച്ചു.

അധികം താമസിയ്ക്കാതെ അയാളും കൃഷ്ണൻനായരും ആ വീട്ടിൽനിന്നു യാത്ര പറഞ്ഞു പിരിഞ്ഞു.

പോരുംവഴി കൃഷ്ണൻനായർ ചോദിച്ചു: "കുട്ടി എങ്ങിനെ?"

തന്റെ അഭിപ്രായത്തെ അതിന്റെ പൊന്നുടുപ്പോടുകൂടി കൃഷ്ണൻനായൎക്കു കാണിച്ചുകൊടുക്കുന്നതു ഭംഗിയല്ലെന്നു കരുതി, ഭാസ്കരമേനോൻ അതിനെ ഒരു സാധാരണമായ ഉടുപ്പിടുവിച്ചു തൃപ്തിപ്പെട്ടു. അയാൾ പറഞ്ഞു: "തരക്കേടില്ല."

കൃഷ്ണൻനായർ: "അപ്പോൾ തീർച്ചപ്പെടുത്താം, അല്ലേ?"

ഭാസ്കരമേനോൻ: "ആ് വിരോധമില്ല."

"എന്നാൽ ദിവസം നിശ്ചയിച്ചു ഞാൻ എഴുതി അറിയിയ്ക്കാം, നിങ്ങളുടെ മേൽവിലാസം ഇങ്ങോട്ടു തന്നേയ്ക്കു; രാമപ്പണിയ്ക്കരുടെ കത്തു നിങ്ങൾക്കു രണ്ടു ദിവസത്തിന്നുള്ളിൽ കിട്ടും" എന്നു പറഞ്ഞു, മേൽവിലാസവും വാങ്ങി, കാൎയ്യം കയ്യിലായ ഒരാളുടെ സംതൃപ്തിയോടുകൂടി കൃഷ്ണൻനായർ പിരിഞ്ഞു.

ഭാസ്കരമേനോൻ താൻ കണ്ട ആ മഹിളാമണിയുടെ ലാവണ്യവിശേഷങ്ങളെ സ്മരിച്ചുംകൊണ്ടു നാട്ടിലേയ്ക്കും മടങ്ങി.

* * * *

കൃഷ്ണൻനായർ പറഞ്ഞപ്രകാരം, രാമപ്പണിയ്ക്കരുടെ എഴുത്തു ഭാസ്കരമേനോന്നു രണ്ടാം ദിവസം തന്നെ കിട്ടി. മേടമാസം 4-ാംനു-യാണു് ഈ കത്തു കിട്ടിയതു്; 12-ാംനു- വിവാഹം നിശ്ചയിച്ചിരിയ്ക്കുന്നുവെന്നു് എഴുതിയിട്ടുമുണ്ടു്. ഇത്ര കുറച്ചു ദിവസമേ ഇനി കഴിയേണ്ടതുള്ളു എന്നോൎത്തപ്പോൾ അയാൾക്കു വാസ്തവത്തിൽ സന്തോഷമുണ്ടായെങ്കിലും, തെല്ലൊരു വ്യസനവും തോന്നാതിരുന്നില്ല. അവിഭക്തകുടുംബത്തിലെ ഒരന്തേവാസി കാരണവരുടെ സമ്മതംകൂടാതെ ചില താന്തോന്നിത്തങ്ങൾ ചെയ്യുകയെന്നതു് അയാൾക്കു് ആലോചിയ്ക്കാൻകൂടി കഴിഞ്ഞില്ല. എന്നല്ല, വിശേഷിച്ചും, അമ്മാമന്റെ കുടുംബമായില്ലെങ്കിൽ അയാളെപ്പോലെയുള്ള സ്വാസ്ഥ്യവൃത്തിക്കാൎക്കു് എന്താണു ഗതി? എന്താ

യാലും അവിടെയും അയാളൊരുപായമെടുത്തു. വിവാഹം കഴിഞ്ഞാൽ തനിയ്ക്കു നല്ല ശമ്പളത്തിന്മേൽ ഒരു ജോലി കിട്ടാമെന്നു വെച്ചിട്ടുണ്ടെന്നും, അതു് ഈ വിവാഹം വേണ്ടെന്നുവെച്ചാൽ കിട്ടില്ലെന്നും മററും അമ്മാമനോടു തട്ടിമൂളിച്ചു; ഈ വിവാഹം തനിയ്ക്കിഷ്ടമല്ലെന്നു കാണിയ്ക്കാൻ അയാറം ആവുംവിധം ബ്രഹ്മചാരിത്വവുമഭിനയിച്ചു. ജോലി കിട്ടും—അതും പോരാ, നല്ല ശമ്പളത്തിന്മേലും—എന്നൊക്കെ കേട്ടപ്പോറം ആ കാരണവൻ അതിന്നൊക്കെ സമ്മതിച്ചു; വിവാഹച്ചെലവിന്നു വേണ്ട പണമെല്ലാം അയാറാക്കു് അവിടെ വെച്ചുതന്നെ കൊടുക്കുകയും ചെയ്തു.

മേടമാസം 12-ാംനുംയും ആവിർഭവിച്ചു. ജീവിതത്തിൽ ഒന്നാമതായി ഭാസ്കരമേനോന്നു പ്രഭാതം അർത്ഥവത്തായിത്തോന്നി. രാമപുരം കുറച്ചുകലെയായിരുന്നതിനാൽ നേരത്തെ അവിടെച്ചെന്നണയുകയായിരിയ്ക്കും നല്ലതെന്നു വിചാരിച്ചു്, ഭാസ്കരമേനോൻ നേരത്തേതന്നെ അവിടെച്ചെന്നുകൂടി. കൂടെ ചുരുക്കം ചില അയൽപക്കക്കാരായ ചെറുപ്പക്കാരുമുണ്ടായിരുന്നു.

നേരം രാത്രിയായി. വരനെ കൂട്ടിക്കൊണ്ടുപോകാനുള്ള നാഗസ്വരം വരൻ താമസിയ്ക്കുന്ന സ്ഥലത്തെത്തി. വരനും കൂട്ടുകാരും ആ നാഗസ്വരത്തിൻെറ പിന്നാലെ അനുഗമിയ്ക്കപ്പെട്ടു. ഭവ്യവസ്ത്രാലംകൃതനും സുഗന്ധതൈലാഭിഷിക്തനുമായ ഭാസ്കരമേനോൻ തൻെറ വരാനിരിയ്ക്കുന്ന സുഖജീവിതത്തിൻെറ മധുരസ്വപ്നങ്ങറം കണ്ടുകൊണ്ടു് ആ വാദ്യത്തോടൊപ്പം ഏതാണ്ടൊരു നൃത്തവിശേഷത്തോടുകൂടി നടന്നു.

വരനും കൂട്ടുകാരും വധൂഗൃഹത്തിൽച്ചെന്നെത്തി. വധുവിൻെറ കൂട്ടുകാർ അവരെ കാൽ കഴുകിച്ചു് ഉപചാരപൂർവ്വം പന്തലിലിരുത്തി. ഏറെത്താമസിയാതെ നമ്മറം അന്നു കണ്ട ആ പെൺകുട്ടിയെ മുൻനടത്തി, അന്നു മുൻനടന്നിരുന്ന സ്ത്രീ പന്തലിൽ പ്രവേശിച്ചു. വധൂവേഷമണിഞ്ഞിരുന്ന ആ പാവപ്പെട്ട പെൺകുട്ടി, താൻ ലജ്ജയഭിനയിയ്ക്കാഞ്ഞാൽ തനിയ്ക്കു പോരായ്മയാണെന്നുള്ളതിനേക്കാളധികംതന്നെ ലജ്ജയഭിനയിയ്ക്കാൻ പഠിപ്പിച്ച അമ്മായി തന്നോടു കോപിച്ചേയ്ക്കുമെന്നുള്ള പരിഭ്രമത്തോടുകൂടി, അത്ര മേൽ നിഷ്കർഷിച്ചുംകൊണ്ടാണു് ഓരോ കാൽവെപ്പും വെച്ചിരുന്നതു്.

ഈ വരവു കണ്ട മാത്രയിൽ ഭാസ്കരമേനോൻ ഒന്നു പിന്നോക്കം മലച്ചു. അയാളുടെ പരിഭ്രാന്തങ്ങളായ ദൃഷ്ടികറം കൃഷ്ണൻനായരെ ആ തിരക്കിലെല്ലാം ഒന്നു ചികഞ്ഞുനോക്കി. പക്ഷെ, ഈ അപകടം പിടിച്ചഘട്ടം വന്നു ചാടുമെന്നു മുമ്പുതന്നെ അറിയാമായിരുന്ന കൃഷ്ണൻനായർ അവിടെയെങ്ങും ഉണ്ടായിരുന്നില്ല. ഭാസ്കരമേനോന്നു വല്ലതും പറയാനോ,

അയാളുടെ അമ്പരപ്പിന്നു വല്ലതും കാണിക്കുവാനോ ഇടകിട്ടുന്നതിന്നു മുമ്പ്, "സമയമായി, എഴുന്നേൽക്കു" എന്നുള്ള രാമപ്പണിക്കരുടെ വാചകം അയാളുടെ ചെകിട്ടിൽ വന്നു മുട്ടി വിളിച്ചു. അയാൾ, ഏതോ ഒരു വിദ്യുച്ഛക്തി പ്രയോഗത്താലെന്നപോലെ, വിവാഹവേദിയിൽച്ചെന്നു നില്പായി. അയാൾക്ക് ആ നിന്ന നിലയ്ക്കുതന്നെ അമന്നാൽക്കൊള്ളാമെന്നുണ്ടായിരുന്നു. അവിടെനിന്നോടിപ്പോയാലോ എന്നയാൾക്കു തോന്നാതിരുന്നില്ല. അപ്പോഴേയ്ക്കും അയാളുടെ കഴുത്തിൽ ഒരു മാലവന്നുവീണു കഴിഞ്ഞു; അയാളുടെ കൈകൊണ്ട് ആ ബാലികയുടെ കഴുത്തിലും ഒരു മാല ആരോ ഇടുവിച്ചുകഴിഞ്ഞു!   *   *   *   *

ഭാസ്കരമേനോൻ വിവാഹം കഴിഞ്ഞതിന്റെ പിറേറദിവസം പോന്നതാണ് വധൂഗൃഹത്തിൽനിന്ന്; സ്വഗൃഹത്തിൽനിന്ന് വിവാഹദിവസം രാവിലെയും.

ആ പ്രദേശങ്ങളിൽ കാരോരുത്തനും ആദ്യം കണ്ടുമുട്ടുന്ന ആളോടു ചോദിക്കുന്നതു കേൾക്കാം: "ഭാസ്കരമേനോനെവിടെ?"

ആ ചോദ്യത്തിന്റെ മാറെറാലിയെന്നപോലെ മറുഭാഗത്തുനിന്നു മറുപടിയും കേൾക്കാം: "ഭാസ്കരമേനോനെവിടെ?"

# ഇല്ല!

[ആർ. വി.]

I

പാശ്ചാത്യരാജ്യങ്ങളിലെന്നപോലെ പൗരസ്ത്യദേശങ്ങളിലും മതത്തിന്നെതിരായി ഒരു വലിയ ശ്രദ്ധാലോചന നടക്കുകയാണ്. മനഃശാസ്ത്രം, സമുദായശാസ്ത്രം, ജീവശാസ്ത്രം, ഭൂഗർഭശാസ്ത്രം, പുരാതനലോകശാസ്ത്രം തുടങ്ങിയ വിവിധ വിജ്ഞാനശാഖകളിൽ നടക്കുന്ന ഗവേഷണങ്ങളുടെ ഫലമായി ചരിത്രപ്രധാനങ്ങളായ മതങ്ങളിലെ അംഗീകൃതങ്ങളായ അഭിജാതദൈവികബോധങ്ങളുടെ അധിഷ്ഠാനശിലകൾതന്നെ ഇളകിത്തുടങ്ങിയിരിക്കുന്നു. 'ദൈവം മനുഷ്യമനസ്സിന്റെ ഒരു നിഴലാണ്; മനുഷ്യഹൃദയത്തിന്റെ ഒരു സ്വപ്നമാണ്' എന്ന 'പരിഷ്കൃതാ'ഭിപ്രായത്തെ ഉപോൽബലപ്പെടുത്തുകയാണ് പുരാതനന്മാരുടെ മതപരങ്ങളായ അനുഭവങ്ങളുടെ വിവിധങ്ങളായ വിവരണങ്ങൾ ചെയ്യുന്നതെന്നു തോന്നും. 'പരലോക'ത്തെപ്പററി സംസാരിക്കുന്ന മതോപദേഷ്ടാക്കൾ ഭ്രാന്തശാലയിലെ വിദഗ്ദ്ധന്മാരുടെ പരീക്ഷണങ്ങൾക്കു പററിയ വിഷയങ്ങളാണ്. പുരാതനങ്ങളായ വാദങ്ങൾ ആധുനികമനസ്സിൽ വിശ്വാസത്തെ കുടിവെയ്ക്കുവാൻ അശക്തങ്ങളായിത്തീർന്നിരിക്കുന്നു. സർവ്വത്തിനും ഒരു കാരണമുണ്ടെങ്കിൽ ദൈവത്തിനും ഒരു കാരണമുണ്ട്. ഒരു കാരണമില്ലാതെ ദൈവമുണ്ടാകാമെങ്കിൽ എന്തുകൊണ്ടു ലോകവുമുണ്ടായിക്കൂടാ? * ഇത്രയ്ക്ക് അപൂർണ്ണവും അവ്യവസ്ഥിതവും ആയ ഒരു ലോകം ശക്തനും സമർത്ഥനും ആയ ഒരു ദൈവത്തിന്റെ സൃഷ്ടിയാവാൻ ഇടയില്ല. ദൈവചൈതന്യമുണ്ടെന്നതിനു ചരിത്രം സാക്ഷ്യം വഹിക്കുന്നതായി കാണുന്നില്ല. എം. ലോയ്സി പറയുന്നു:

"ചരിത്രകാരൻ ദൈവത്തെ ചരിത്രത്തിൽനിന്നു വേർതിരിക്കുന്നില്ല; അയാൾ അദ്ദേഹത്തെ അവിടെയെങ്ങും കാണുന്നതേ ഇല്ല." തെററുകളെല്ലാം തിരുത്തപ്പെട്ട, അശ്രുകണങ്ങളെല്ലാം മാർജ്ജനം ചെയ്യപ്പെട്ട ഒരു ലോകം കാണുവാൻ നാം വെമ്പുന്നുണ്ടെങ്കിൽ അതു ലോകത്തിന്റെ അനീതിസ്വഭാവത്തെമാത്രമാണു വ്യക്തമാക്കുന്നതു്. "അഹോ! അദ്ദേഹം ഇവിടെയുണ്ട്," അല്ലെങ്കിൽ "അഹോ! അദ്ദേഹം അവിടെയുണ്ട്" എന്നു് ഉൽഘോഷിക്കത്തക്കവണ്ണം ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്നു് ഇന്ദ്രിയവേദ്യമായ യാതൊരു തെളിവും കാണുന്നില്ല. 'സാന്നിദ്ധ്യചിഹ്നങ്ങൾക്കായി മനുഷ്യൻ മുറവിളിക്കുമ്പോൾ ദൈവം മൗനിയായിരിക്കുന്നതുതന്നെ അദ്ദേഹമില്ലെന്നതിനു നാസ്തികന്മാർക്കു് പ്രബലമായ തെളിവാണ്. യുക്തിയുടെ പ്രകാശത്തിൽ സംഗതികൾ ഇത്ര പ്രത്യക്ഷമാ

---

* Bertrand Russel in "Why I am not a Christian?"

യിട്ടും ചിലർ ദൈവവിശ്വാസത്തിന്മേൽ തന്നെ നിരാശരായി തൂങ്ങിനിൽക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടുവാനില്ല; അനുകമ്പ തോന്നുവാനേ ഉള്ളൂ. ആസ്തികന്മാർ എന്തുതന്നെ പറഞ്ഞുകൊള്ളട്ടെ, മുങ്ങിച്ചാകുവാൻ പോകുന്ന മനുഷ്യൻ, നിരാശനായിട്ടും അത്യാശയോടുകൂടി ഗ്രഹിക്കുന്ന വയ്ക്കോൽക്കൊടിയെപ്പോലെ അശക്തമാണ് അവരുടെ വിശ്വാസം.

ലോകാരംഭത്തിനുമുൻപു നിയമകർത്താവായ താൻ അങ്ങനെ വിധിച്ചുവെന്നുവെച്ച് അതിനെ സഫലമാക്കുന്നതിനായി കോപം കൈക്കൊണ്ട് മനുഷ്യസമുദായത്തെ അനന്തവും അസഹനീയവും ആയ ശിക്ഷയ്ക്ക് ഇരയാക്കുകയും പിന്നീടു കോപം താപമായി മാറുമ്പോൾ എന്തെങ്കിലും സൂത്രം പ്രയോഗിച്ച് അതിൽനിന്ന് അവരെ നിവൃത്തരാക്കുകയും ചെയ്യുന്ന കോപനനായ ഒരു ദൈവത്തെപ്പററിയുള്ള കല്പിതകഥകൾകൊണ്ട് അനേകം നൂറ്റാണ്ടുകളായി ആസ്തികന്മാർ മനുഷ്യന്റെ അന്ധവിശ്വാസംകൊണ്ടു 'ചെപ്പും പന്തും' കളിച്ചുതുടങ്ങിയിട്ട്. ലോകത്തിന്റെ ശൈശവത്തിലെ യക്ഷികഥകൾ മാത്രമാണ് ഇവയെല്ലാം.

മഹാകവി ഉമർ പാടുന്നു.

> ഹാ, ദഹിച്ചു നമുക്കുമുൻ-
> പെഴുന്നോരാ 'സിദ്ധന്മാരെ'-
> ന്നാദരിക്കപ്പെട്ട വിജ്ഞ-
> ധർമ്മനിഷ്ഠന്മാർ.
> ഉറക്കത്തിൽനിന്നുണർന്നു
> കൂട്ടുകാരോടവർ ചൊന്ന
> വെറുംകഥ 'ദർശനങ്ങൾ'
> സുപ്തരായ് വീണ്ടും. (വിലാസലഹരി)

അഭിനവങ്ങളായ ആവശ്യങ്ങൾക്ക് അനുയോജ്യമായി പുരാതനങ്ങളായ വേദഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുവാനുള്ള പരിശ്രമം ഭൂതകാലത്തോടുള്ള ആദരത്തെയാണ്, ബുദ്ധിപരമായ സത്യസന്ധതയെയല്ലാ കാണിക്കുന്നത്. ബാലിശങ്ങളായ മനസ്സുകളുടെ മൃഗയാവിനോദത്തിലെ മൃഗമാണ് മതം. ധീരമായി ചിന്തിക്കുന്നവർക്ക് അതിനോടു യാതൊരു ബന്ധവുമില്ല. ദൈവമില്ല. തണുത്തുമരവിച്ച ഒരു വിധിയുടെ ആയുധങ്ങൾ മാത്രമാണ് നാം. അതിനു ധർമ്മം ശൂന്യമാണ്; അധർമ്മവും ശൂന്യമാണ്. * അവസാനം അതിന്റെ ഗ്രാസത്തിൽനിന്നു നാം അന്ധകാരത്തിന്റെ അഗാധതകളിൽ രക്ഷപ്പെടുന്നു.

---

* ". . . . . അവൾ (പ്രകൃതി) വലിയൊരു വിനോദശീലയാണ്. സ്ഥലകാലങ്ങളടങ്ങിയ വിശ്വത്തിന്റെ പലകയിന്മേൽ പരമാണുക്കളാകുന്ന പകിടകൾകൊണ്ട് (Electrons and protons) ആ ദേവി കളിക്കുന്നു. മഹനീയമായ ആ യാദൃച്ഛികവിനോദത്തിലെ പ്രേക്ഷകന്മാർ മാത്രമാണ് നാം.' എന്ന സർ സി. വി. രാമന്റെ അഭിപ്രായം ഇവിടെ സ്മരണീയമാണ്.

ദൈവത്തിന്റെ സാന്നിദ്ധ്യത്തിന് ഇന്ദ്രിയവേദ്യങ്ങളായ തെളിവുകളില്ലെങ്കിലും 'ദൈവം ഇല്ലാ' എന്നു പരിഛേദിച്ചു പറയുവാൻ വയ്യ. ഇങ്ങനെ വാദിക്കുന്ന ചിലരുണ്ട്. നമുക്കു യാതൊന്നിനേയും സ്ഥാപിക്കുകയോ നിഷേധിക്കുകയോ ചെയ്യാതിരിക്കുക. വിഷമഘട്ടത്തിൽ അദ്ദേഹത്തെ പരിത്യജിക്കുവാൻ മനസ്സില്ലാത്ത, മതത്തോടുകൂടി കുറേക്കൂടി സൗഹൃദഭാവത്തിൽ വർത്തിക്കുന്ന മാന്യന്മാർ ദൈവത്തിനു "സംശയത്തിന്റെ ഗുണം" അനുവദിക്കുന്നു. ദൈവം എന്താണെന്നോ ആരാണെന്നോ അറിഞ്ഞുകൂടെന്നിരിക്കെ, അറിഞ്ഞുകൂടാത്ത ഒന്ന് ഇല്ലാ എന്നു സമർത്ഥിക്കുവാൻ പരിശ്രമിക്കുന്നതു് അസംബന്ധവും ബുദ്ധിശൂന്യതയുമാണെന്നാണ് അവരുടെ വാദം. ഈശ്വരവാദത്തിനും നിരീശ്വരവാദത്തിനും മദ്ധ്യത്തിലാണ് അയാളുടെ നിൽപ്പ്. ഇരുകക്ഷികളുടേയും അനിഷേദ്ധ്യമായ, അചഞ്ചലമായ വിശ്വാസം അയാൾക്കില്ല. തന്റെ ബുദ്ധിശക്തിക്കു് ഉപരിയായ ഒരു കാര്യമാണതെന്ന് അയാൾ വിചാരിക്കുന്നു.

ദൈവത്തിൽ വിശ്വാസം, അദൃശ്യമായതിനോടുള്ള സാഹചര്യം എന്നീ നിലയിൽ മതംകൊണ്ടു് ആവശ്യമില്ലെങ്കിലും ദൈവിക തത്വങ്ങളുടെ ഭൗതികവിലയിൽ വിശ്വസിക്കുന്ന മററു ചിലരുണ്ട്. ലോകത്തിന്റെ പരിഷ്ക്കരണത്തോളംതന്നെ ആത്മാവിന്റെ മുക്തിയെ അവർ കാംക്ഷിക്കുന്നില്ല. സാമുദായികപരിഷ്ക്കാരത്തിനും അഭിവൃദ്ധിക്കുമായി മതത്തിന്റെ ഈ ഭൗതികഭാവത്തെ ഉപയോഗിക്കാമെന്നാണ് അവർ പറയുന്നതു്.

ചിന്തയുടെ അസൌകര്യങ്ങളില്ലാതെ മതത്തിന്റെ സൗകര്യങ്ങൾ അനുഭവിക്കുവാൻ ആഗ്രഹിക്കുന്നവരാണു മതപരമായ ഏതു സമുദായത്തിലേയും ഭൂരിപക്ഷം ജനങ്ങൾ. അതിനായി അവർ അന്ധമായ വിശ്വാസത്തെ അഭയം പ്രാപിക്കുന്നു. ഭൂതകാലത്തിലേയ്ക്കാണ് അവരുടെ ദൃഷ്ടി. മനുഷ്യാനുഭവങ്ങളുടെ സമാഹൃതമായ വിജ്ഞാനം അവിടെയാണു കിടക്കുന്നതെന്ന് അവർ വിശ്വസിക്കുന്നു. മരിച്ചവർ മാത്രമാണു വാസ്തവമായി ജീവിക്കുന്നതു്; അവർക്കുമാത്രമേ ജീവിക്കുന്നവരെ ഭരിക്കുവാൻ അധികാരമുള്ളു. ആത്മീയസ്വാതന്ത്ര്യം സമാർജ്ജിക്കുന്നതിനുള്ള പരിശ്രമത്തിൽ അങ്ങനെയുള്ളവർ അതിരുകവിഞ്ഞ വ്യക്തിത്വത്തെ രക്ഷപ്രാപിക്കുന്നു. അവരിൽ ചിലർ അവിശ്വാസംകൊണ്ടും നിഷേധംകൊണ്ടുമാണു തൃപ്തിപ്പെടുന്നതു്. കലാപം ഭരണം നടത്തുന്നു. *

* Prof. Sir S. Radhakrishnan in his "Kalki or The Future of Civilization."